78911

78911

ശ്രീ രാമകൃഷ്ണൻ

1043

KOTTAYAM PUBLIC LIBRARY
KOTTAYAM.

# കൂദാശക്രമങ്ങൾ.

78911

(സുറിയാനിയിൽനിന്നു തർജ്ജമ.)

പരിഷ്കരിച്ച രണ്ടാം പതിപ്പ്.

(All Rights Reserved)

KUNNAMKULAM
A. R. P. PRESS.

1934

വില 14

KOTTAYAM PUBLIC LIBRARY ★ KOTTAYAM.

# അനുക്രമണിക.

78911


| | | |
|---|---|---|
| 1. | മാമോദീസാ | |
| 2. | വിവാഹം | 165 |
| 3. | മണവാളന്റെയും മണവാട്ടിയുടേയും വസ്ത്രധാരണം | 191 |
| 4. | പുനർവിവാഹം | 193 |
| 5. | പ്രസവിച്ച സ്ത്രീ (പ്രത്യേക ശുശ്രൂഷ) | 201 |
| 6. | പുരുഷന്മാരുടെ ശവസംസ്കാരം | 208 |
| 7. | സ്ത്രീകളുടെ ശവസംസ്കാരം | 239 |
| 8. | ബാല്യക്കാരുടേയും ശിശുക്കളുടേയും ശവസംസ്കാരം | 251 |
| 9. | രോഗികളുടെ തൈലാഭിഷേകം | 261 |
| 10. | വീടുകൂദാശ | 272 |
| 11. | കുമ്പസ്സാരം | 279 |
| 12. | അനുബന്ധം | 290 |

# ക്രൂദാശക്രമങ്ങൾ

ബർ എബ്രായ എന്നു പേരുള്ള പദരത്നമായ
ആബൂ അൽഫർജ് മപ്രിയാനായാൽ
ക്രമീകരിക്കപ്പെട്ട

## മാമ്മോദീസാ

[മദ്ധ്യസ്ഥൻ (തലതൊടുന്ന ആൾ) കുട്ടിയെ എടുക്കുന്നു. പുരുഷൻ ആൺകുട്ടിയേയും, സ്ത്രീ പെൺകുട്ടിയേയും എടുക്കണം.]

### പ്രാരംഭപ്രാർത്ഥന.

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യമുള്ള ഏകദൈവത്തിനു എന്നേക്കും സ്തുതി. ആമ്മീൻ.

ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടമാറാകേണമേ!

ദൈവമായ കർത്താവേ, അഗ്നിയാലും ആത്മാവാലും ജ്ഞാനസ്നാനപ്പെടുത്തുവാനായി നിന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നീ ഭരമേല്പിച്ച ആത്മീയമായ പൌരോഹിത്യത്തിനു ഞങ്ങളെ യോഗ്യന്മാരാക്കേണമേ! ഇപ്പോൾ കർത്താവേ, പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതമൂലം, സ്നാനത്തിനും വീണ്ടുംജനനത്തിനുമായി അടുത്തുവരുന്ന ഇവ-

ൻെറ ആത്മാവിനു നീ രക്ഷ നൽകേണമേ. അനുഗ്രഹങ്ങളും കൃപയും * ഇവൻ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും പ്രാപിക്കുകയും ചെയ്യേണമെ! ആമ്മീൻ.

## പ്രാ ർ ത്ഥ ന .

---

മേലുള്ള സൈന്യങ്ങളുടെ ദൈവമായ കൎത്താവേ, ദിവ്യോപദേശം കൈക്കൊള്ളുന്ന ഈ നിൻെറ ദാസൻ, മരണകരമായ സകല പ്രവൃത്തികളേയും തന്നിൽനിന്നു നീക്കിക്കളഞ്ഞിട്ടു നിനക്കു സ്തുതിയും സ്തോത്രവും കരേററുവാൻ തക്കവണ്ണം ഇവനെ നീ അനുഗ്രഹിക്കുകയും, ഈ ലോകത്തിൻെറ വ്യൎത്ഥതയെ തിരിച്ചറിയുന്നതിന്നുവേണ്ടി ഇവൻെറ മനസ്സിൻെറ കണ്ണുകളെ നീ പ്രകാശിപ്പിക്കുകയും ചെയ്യേണമേ! നിനക്കും നിൻെറ പിതാവിന്നും നിൻെറ പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററും; ആമ്മീൻ.

## പ്ര മി യോ ൻ .

---

പട്ടക്കാരൻ:— നാം എല്ലാവരും പ്രാൎത്ഥിച്ചു കൎത്താവിനോടു അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.

പ്രതിവാക്യം:— അനുഗ്രഹിക്കുന്നവനായ കൎത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായിക്കേണമേ!

തൻെറ മഹാജ്ഞാനത്താൽ ആത്മീയമായ തൻെറ ആട്ടിൻക്കൂട്ടത്തിന്നായി മാമോദീസ എന്ന കുളത്തെ ഏപ്പെടുത്തി അതിനെ ശുദ്ധീകരിച്ച അവൎണ്ണനീയ സത്യ

---

* ലിംഗവ്യത്യാസവും വചനവ്യത്യാസവും സന്ദർഭാനുസാരം ചേൎക്കുക.

വെളിച്ചമാകുന്ന തനിക്കു സ്തുതി. തനിക്കു സ്തുതിയും ബഹുമാനവും ആരാധനയും മാമോദീസായുടെ ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

---

സെദറാ.

ഞങ്ങളുടെ ദൈവമായ മശിഹാ, പാപചിന്തയിൽനിന്നു നീ ഞങ്ങളെ കൂട്ടിച്ചേർക്കുകയും നിന്റെ വിശുദ്ധ കല്പനകളെ അനുഷ്ഠിക്കുന്നതിനു ഞങ്ങളെ നീ ക്ഷണിക്കുകയും ചെയ്തു. ആത്മീയമായ നിന്റെ ആട്ടിൻതൊഴുത്തിലേക്കു നീ ഞങ്ങളെ പ്രവേശിപ്പിച്ച്, രക്ഷയുടെ ജലപ്രവാഹത്തിലേക്കും ജീവന്റെ ഉറവിലേക്കും ഞങ്ങളെ നീ വഴി നടത്തി, ജീവിപ്പിക്കുന്ന തിരുവചനത്താൽ, "കുളിക്കുക, ശുദ്ധിയാകുക, നിങ്ങളുടെ ഹൃദയങ്ങളിൽനിന്നു തിന്മകളെ കഴുകിക്കളയുക," എന്നു നീ പ്രസംഗിച്ചു അരുളിചെയ്തു. ഇപ്പോൾ കർത്താവേ, (നിന്നാൽ) പരിപാലിക്കപ്പെടുന്നതിന്നായി ജീവന്റെ അടയാളത്തെ പ്രാപിക്കുന്നതിന്നു അടുത്തുവന്നിരിക്കുന്ന ഈ നിന്റെ ദാസനെ നീ അനുഗ്രഹിക്കേണമേ! നിന്റെ ആട്ടിൻതൊഴുത്തിലേക്കു ഇവനെ നീ പ്രവേശിപ്പിക്കേണമേ! നിന്റെ ആടുകളുടെ കൂട്ടത്തിൽ ഇവനെ നീ ഗണിക്കേണമേ! നിന്റെ മുഖശോഭ ഇവനിൽ നീ പ്രതിബിംബിപ്പിക്കേണമേ! ഇവനെ നിന്റെ ജനകന്റെ പുത്രനാക്കിത്തീർക്കേണമേ! വീണ്ടും ജനനത്തിനു ഇവനെ നീ യോഗ്യനാക്കേണമേ! പഴയമനുഷ്യനെ ഇവനിൽനിന്നു ഉരിഞ്ഞുകളഞ്ഞു, നാശമില്ലാത്ത

വസ്ത്രത്തെ ഇവനെ നീ ഉടുപ്പിക്കേണമെ! ശാന്തവും നിശ്ചഞ്ചലവുമായ ജീവിതത്തോടുകൂടിയ നല്ല അവസാനത്തിന്നും ക്രിസ്തീയമായ അന്ത്യത്തിന്നും ഇവൻ യോഗ്യനായിത്തീരുവാനായിട്ടു നല്ല സംരക്ഷണയിൽ പരിപൂൎണ്ണമായ ആയുസ്സിലേക്കു ഇവനെ നീ വളൎത്തിക്കൊള്ളേണമെ! ഞങ്ങളും ഇവനും നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴം എല്ലായ്പോഴം എന്നേക്കും കരേറുമാറാകട്ടെ. ആമ്മീൻ.

---

എത്രോ.

കൎത്താവേ, വിശുദ്ധമാമോദീസായ്ക്കു ഒരുങ്ങിയിരിക്കുന്ന ഈ നിന്റെ ദാസൻ നിന്നാൽ ജീവങ്കലേക്കു മുദ്ര കുത്തപ്പെട്ടു നിന്റെ ഭവനാവകാശിയായിത്തീരേണ്ടുന്നതിന്നും, നിന്റെ വിശുദ്ധ കല്പനകളെ ഇവൻ അനുസരിക്കുന്നതിന്നുമായി ഈ സുഗന്ധധൂപത്തെ നിന്റെ കരുണയുടെ ബഹുത്വത്തിന്നായി ഞങ്ങൾ അണെച്ചുകൊള്ളുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിന്നും........

---

റോമാ: ൫-൨൦-൬-൨.

എന്നാൽ എന്റെ സഹോദരന്മാരേ, പാപം വൎദ്ധിക്കുവാനായിട്ടു ന്യായപ്രമാണത്തിന്നു പ്രവേശനം ഉണ്ടായി. പാപം എവിടെ വൎദ്ധിച്ചുവോ അവിടെ കൃപയും വൎദ്ധിച്ചു. അതു, മരണത്താൽ പാപം രാജ്യഭാരം ചെയ്തതുപോലെതന്നെ, നമ്മുടെ കൎത്താവായ യേശുമശിഹാമൂലം നിത്യജീവങ്കലേക്കു നീതിയാൽ കൃപ രാജ്യഭാരം ചെയ്വാനായിട്ടുതന്നെ. പിന്നെ നാം എന്തു പറയും? കൃപ വൎദ്ധി

കുവാനായി നമുക്ക പാപത്തിൽ ജീവിക്കാമോ? അതരു തേ! എന്തുകൊണ്ടെന്നാൽ പാപത്തിന്നു മരിച്ചവരായ നാം അതിൽ വീണ്ടും ജീവിക്കുന്നതെങ്ങിനെ? യേശുമശിഹായിൽ ജ്ഞാനസ്നാനം കൈക്കൊണ്ടവരായ നാം അവൻെറ മരണത്തിലേക്കാകുന്ന ജ്ഞാനസ്നാനം കൈക്കൊണ്ടിട്ടുള്ളതു എന്നു നിങ്ങൾ അറിയുന്നില്ലയൊ? എന്തെന്നാൽ മാമോദീസായാൽ മരണത്തിലേക്കു അവനോടു കൂടെ നാം കുഴിച്ചിടപ്പെട്ടിരിക്കുന്നു. അതു, തൻെറ പിതാവിൻെറ മഹത്വത്താൽ മരിച്ചവരിൽനിന്നു യേശുമശിഹാ എഴുന്നേററതുപോലെ നാമും പുതിയ ജീവനിൽ നടപ്പാനായിട്ടുതന്നെ. മശിഹായോടുകൂടെ നാം മരിച്ചു എങ്കിൽ മശിഹായോടുകൂടെത്തന്നെ ജീവിക്കുമെന്നു നാം വിശ്വസിക്കുകയും വേണം. ആഹായ് ബാറെക്മോർ.

---

## ഏവൻഗേലിയോൻ.

ലൂക്കോസ് ൩-൧൫ൽ.

എന്നാൽ ജനങ്ങൾ യോഹന്നാനെക്കുറിച്ചു വിചാരിക്കുകയും എല്ലാവരും അവരവരുടെ മനസ്സിൽ, "പക്ഷേ ഇവൻ മശിഹാ ആയിരിക്കുമോ?" എന്നു നിരൂപിക്കുകയും ചെയ്തപ്പോൾ, യോഹന്നാൻ, അവരോടു സമാധാനമായി പറഞ്ഞു: "കണ്ടാലും ഞാൻ നിങ്ങളെ വെള്ളം കൊണ്ടു ജ്ഞാനസ്നാനം ചെയ്യുന്നു; എന്നാൽ എന്നേക്കാൾ ശക്തനായവൻ എൻെറ പിന്നാലെ വരുന്നു; അവൻെറ വള്ളിച്ചെരുപ്പുകളുടെ വാറുകളെ അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും സ്നാനപ്പെടുത്തും." (യോഹ: ൩—൭). സത്യ

മായിട്ട സത്യമായിട്ട ഞാൻ നിങ്ങളോട്ട പറയുന്നു. ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ല എങ്കിൽ അവന്നു ദൈവ രാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല. ആത്മാവിൽ നിന്നു ജനിച്ചതു് ആത്മാവാകുന്നു; ജഡത്തിൽ നിന്നു ജനിച്ചതു ജഡവുമാകുന്നു.

—*—

ശുശ്രൂഷക്കാരൻ:— കുറിയേലായിസ്സോൻ

(പട്ടക്കാരൻ തല കുനിച്ചു രഹസ്യത്തിൽ)

കരുണയുള്ളവനായ കർത്താവേ, നീ വെളിച്ചം നൽകുന്നവനും, ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നവനുമാകുന്നു. അന്ധകാരത്തിൽ നിന്നു വെളിച്ചം ഉദിക്കുമെന്നു പറഞ്ഞിട്ടുള്ളവനും ഞങ്ങളുടെ ഹൃദയങ്ങളിൽ ഉദിച്ചവനും നീയാകുന്നു. അനുഗ്രഹിക്കപ്പെട്ട വെള്ളത്താൽ രക്ഷണ്യമായ വെട്ടപ്പും, വിശുദ്ധ തൈലാഭിഷേകത്താൽ ദൈവികമായ വിശുദ്ധിയും, വിശുദ്ധ ശരീരത്തിലും രക്തത്തിലും ഉള്ള സംബന്ധംകൊണ്ടു ഞങ്ങളുടെ കർത്താവായ യേശുമശിഹായോടുള്ള ഐക്യവും നീ നൽകിയിരിക്കുന്നു. നിന്റെ സത്യത്തെ വിവേചിച്ചറിയുന്നതിന്നു അന്ധകാരത്തിൽ നിന്നും അബദ്ധത്തിൽ നിന്നും ഈ നിന്റെ ദാസനെ വിശുദ്ധവിളിയാൽ ഇപ്പോൾ നീ വിളിച്ചിരിക്കുന്നു. കാരുണ്യവാനായ കർത്താവേ, നിന്റെ ജീവപുസ്തകത്തിൽ ഇവന്റെ പേർ നീ എഴുതേണമേ!. നിന്റെ ഭക്തന്മാരോടൊന്നിച്ചു ഇവനെ നീ ചേർക്കേണമേ! നിന്റെ മുഖശ്ശോഭ ഇവന്റെ മേൽ നീ പ്രതിബിംബിപ്പിക്കേണമേ! ഈ ലോകത്തിന്റെ വ്യർത്ഥതയിൽ നിന്നു ഇവൻ അകലുന്നതിനും നിന്റെ വിശുദ്ധ കല്പനകളിൽ നടക്കുന്നതിനും ഇവന്റെ ഹൃദയത്തിലും വിചാരത്തിലും നിന്റെ മശി

ഹായുടെ സ്ലീബായെ നീ നിഴലിച്ച് ശത്രുവിൻെറ സകല തിന്മകളിൽ നിന്നും ഇവനെ നീ വിട്ടുവിക്കേണമേ!

(മാമോദീസാ കൈക്കൊള്ളുന്നവൻെറയും തല തൊടുന്നവൻെറയും പേരുകൾ മാമോദീസാ രജിസ്റ്റരിൽ എഴുതുക )

പട്ടക്കാരൻ (ഉച്ചത്തിൽ.)

നിൻെറ ഏക പുത്രൻ തൻെറ വിശുദ്ധ ശിഷ്യന്മാരിൽ ഊതിയ നിൻെറ ദൈവിക ശ്വാസത്തെ ഇവന്നു നീ നൽകേണമേ! നിൻെറ പരിശുദ്ധ റൂഹായെ കൈക്കൊള്ളുന്നതിനും ഇവനെ നീ ഒരുക്കിക്കൊണ്ടു വിഗ്രഹാരാധനയെ മുഴുവനായും ഇവൻെറ മനസ്സിൽ നിന്നു നീ അകറ്റേണമേ!

(പട്ടക്കാരൻ സ്ലീബാ രൂപത്തിൽ മാമോദീസാ മുങ്ങുന്നവരുടെ മുഖങ്ങളിൽ ഊതിക്കൊണ്ട്)

ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവും ഞങ്ങളുടെ രക്ഷകനും ആയ യേശുമശിഹാ ആയ നിൻെറ ഏക പുത്രൻ മൂലം വീണ്ടും ജനനമാകുന്ന സ്നാനത്തിന്നു ഇവൻ യോഗ്യനായി തീരുവാനായിട്ടു പാപങ്ങളുടെ മോചനത്തിന്നു ഇവനെ നീ യോഗ്യനാക്കിത്തീർക്കേണമേ! സ്തുതിയും ബഹുമാനവും ശക്തിയും അവനോടു കൂടേയും നിൻെറ വിശുദ്ധ റൂഹായോടു കൂടെയും നിനക്കു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

——*——

(പട്ടക്കാരൻ ജ്ഞാനസ്നാനമേൽക്കുന്നവൻെറ നേരെ തിരിഞ്ഞു അവൻെറ നെററിമേൽ എണ്ണ കൂടാതെ മൂന്നു പ്രാവശ്യം സ്ലീബാ മുദ്ര വരച്ചുകൊണ്ടു പറയുന്നു)

നിത്യജീവന്നു വേണ്ടി പിതാവിൻെറ നാമത്തിലും + (ആമ്മീൻ), പുത്രൻെറ നാമത്തിലും + (ആമ്മീൻ), ജീവ

 

നും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും† (ആമ്മീൻ) (ഇന്നാർ) മുദ്രകുത്തപ്പെടുന്നു.

---

(ഇവിടെ ജ്ഞാനസ്നാനം ഏൽക്കുന്നവന്റെ മേലുള്ള വസ്ത്രം നീക്കം ചെയ്ത് അവനെ കിഴക്കോട്ടു അഭിമുഖമാക്കി നിൎത്തുക. ശുശ്രൂഷക്കാരൻ കുറിയേയലായിസ്സോൻ എന്നു പറയുകയും; പട്ടക്കാരൻ തല കുനിച്ചു രഹസ്യത്തിൽ ഇങ്ങിനെ പ്രാൎത്ഥിക്കുകയും ചെയ്യട്ടെ )

സൎവ്വശക്തനായ ദൈവമായ കൎത്താവേ, നിന്റെ അടുക്കലേക്കു അടുത്തുവരുന്ന ഈ ആത്മാവ് സകല ദുരാത്മാക്കളേയും ഉപേക്ഷിച്ച് പ്രതികൂലമുള്ളതും മറഞ്ഞിരിക്കുന്നതുമായ എല്ലാവ്യാപാരത്തേയും അകററി നിന്റെ വിശുദ്ധ റൂഹായുടെ ആവാസത്തെ വെട്ടപ്പോടും വിശുദ്ധിയോടും കൂടെ കൈക്കൊള്ളുവാൻ സംഗതിയാകേണ്ടതിന്നായിട്ടു ഞങ്ങളുടെ നാഥനും ദൈവവുമായ മശിഹാമൂലം ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു. നിന്റെ കൃപയാലും, ദുഷ്ടനിൽനിന്നു ലോകത്തെ വീണ്ടെടുക്കുന്ന നിന്റെ ശക്തിയാലും അല്ലാതെ, അധരങ്ങൾ കൊണ്ടു ഞങ്ങൾ വ്യൎത്ഥകാൎയ്യങ്ങളെ സംസാരിക്കാതിരിക്കത്തക്കവണ്ണം, കൎത്താവേ, നീ പ്രത്യക്ഷനായി തിരുനാമത്തിൽ ഞങ്ങൾ ഉച്ചരിക്കുന്ന നിന്റെ വിശ്വാസത്തിന്റെ വചനത്തെ ശക്തിപ്പെടുത്തേണമേ!

[ പിന്നീടു പട്ടക്കാരൻ ജ്ഞാനസ്നാനമേൽക്കുന്നവൎക്കു അഭിമുഖമായി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു അവൎക്കായി ഈ പ്രതിജ്ഞ പ്രാൎത്ഥന കഴിക്കുന്നു. ഇടയ്ക്ക് അവരുടെ മേൽ ഒൻപതുപ്രാവശ്യം സ്ലീബാ വരക്കുന്നു. കുരിശുവരയുടെ എണ്ണത്തിൽ ഇവ ഉൾപ്പെടുന്നില്ല ]

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകല സൃഷ്ടിയുടേയും സ്രഷ്ടാവായ ഞങ്ങളുടെ ദൈവമായ കൎത്താവേ, നിന്നെ ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു. (പട്ട

ക്കാരൻ പൈതലിൻെറ മേൽ കൈവെച്ചുകൊണ്ടു) തിന്മ പെട്ടവരും അശുദ്ധരുമായ സകല പിശാചുക്കളും അരൂപികളും നിൻെറ സൃഷ്ടിയിൽ നിന്നും നിൻെറ പ്രതിച്ഛായയിൽനിന്നും അകന്നൊഴിഞ്ഞുപോകുന്നതിന്നു നിൻെറ ഈ സൃഷ്ടിയുടെ മേൽ ഞങ്ങൾ കൈവെക്കുകയും സകലത്തിലും പരിശുദ്ധമായ നിൻെറ തിരുനാമത്തിൽ ഞങ്ങൾ മദ്ര കുത്തുകയും ചെയ്യുന്നു. കർത്താവേ, ഞങ്ങളെ ചെവറുക്കൊണ്ടു അവയെ നീ തടുക്കുകയും, ഈ നിൻെറ ദാസനെ ശത്രുവിൻെറ വ്യാപാരത്തിൽ നിന്നെല്ലാം വിടുവിക്കുകയും ചെയ്യേണമേ! + ദൈവത്തിൻെറ ഈ സൃഷ്ടിയെ അലട്ടിക്കൊണ്ടിരിക്കുന്ന വഞ്ചകനും അശുദ്ധനും മത്സരക്കാരനുമായവനേ, നീ കേൾക്കുക. + എല്ലാ നീതിയുടേയും ശത്രുവും നിയമലംഘനക്കാരനുമായവനേ, വലിയ രാജാവിൻെറ മഹത്ത്വത്താണ് ഞാൻ നിന്നെ സത്യംചെയ്തു ബന്ധിക്കുന്നു. ഭയത്തോടേ നീ പുറപ്പെട്ടുപോകുക! തൻെറ കല്പനയാൽ ഭൂമിയെ വെള്ളത്തിന്മീതെ സ്ഥാപിച്ചു സ്ഥിരപ്പെടുത്തിയവനും, മണൽകൊണ്ടു സമുദ്രത്തിന്നു അതിരിട്ടവനും ആയ ഭയങ്കരനായ കർത്താവിന്നു നീ കീഴ്പ്പെട്ടിരിക്കുക. + ആകാശത്തിലും ഭൂമിയിലും സകല അധികാരവും ഉള്ളവനും, സകലവും സൃഷ്ടിച്ചു പരിപാലിക്കുന്നവനും, ആർ നിമിത്തം ആകാശത്തിലുള്ളവ നിലനില്ക്കുകയും, ഭൂമിയിലുള്ളവ ശക്തിപ്പെടുകയും ചെയ്യുന്നുവോ ആയവനാൽ ഞാൻ നിന്നെ സത്യംചെയ്തു ബന്ധിക്കുന്നു. + പൈശാചികസൈന്യങ്ങളെ പന്നികൾ മുഖേന അഗാധത്തിലേക്കു അയച്ചവനും, കഠിനഹൃദയനായ ഫറവോനെ അവൻെറ രഥങ്ങളോടും കുതിരപ്പട്ടാളത്തോടും ക്രൂ

ടെ വെള്ളത്തിൽ മുക്കിക്കളഞ്ഞവനും ആയവനാൽ ഞാൻ നിന്നെ സത്യം ചെയ്തു ബന്ധിക്കുന്നു. (†) "ഈ മനുഷ്യനിൽനിന്നു പുറപ്പെട്ടു പോകുക; വീണ്ടും ഇവനിൽ പ്രവേശിക്കരുതു" എന്നു ചെകിടനും ഊമനുമായ ആത്മാവിനോടു ദൈവികമായ ശക്തിയോടും അധികാരത്തോടും കൂടി സംസാരിച്ചവനാൽ ഞാൻ നിന്നെ സത്യം ചെയ്തു ബന്ധിക്കുന്നു. (†) മാലാഖമാർ, പ്രധാന മാലാഖമാർ ആദിയായ സകല സൃഷ്ടിയും ആരിൽ ഭയന്നു വിറക്കുന്നുവോ; സകല പ്രബലന്മാരും ശുശ്രൂഷകന്മാരും ആരുടെ മുമ്പിൽ ഭയത്തോടെ നില്ക്കുന്നുവോ; ക്രൂബേന്മാരും സ്രോപ്പേന്മാരും ആരെ അല്പമെങ്കിലും സൂക്ഷിച്ചു നോക്കുന്നതിന്നു തുനിയാതിരിക്കുന്നുവോ; ആരുടെ മുമ്പിൽ ആകാശം വിറക്കുകയും അഗാധങ്ങൾ കുലുങ്ങുകയും ചെയ്യുന്നുവോ ആ ദൈവത്തിന്റെ ഭയങ്കരനാമത്തെ നീ ഭയപ്പെട്ടു കൊൾക. (†) ഒന്നാമത്തെ മത്സരക്കാരനെ അന്ധകാരത്തിന്റെ ചങ്ങലകളാൽ (ബന്ധിച്ച്) അഗാധത്തിലേക്ക് അയച്ച ദൈവത്തിന്റെ ഭയങ്കരനാമത്തെ നീ ഭയപ്പെടുക (†) വരുവാനിരിക്കുന്ന ന്യായവിധിയെ ഭയപ്പെട്ടു നീ വിറച്ചു ഓടിപ്പോകുക! ദൈവത്തിന്റെ സൃഷ്ടിയോടു നീ അടുക്കരുതു. ദൈവത്തിന്റെ സൃഷ്ടിയെ നീ ഉപദ്രവിക്കരുത്. ദൈവത്തിന്റെ സൃഷ്ടിയിൽ നീ വസിക്കരുത്. എന്തെന്നാൽ ഇതു ദുരാത്മാക്കളുടെ വാസസ്ഥലമല്ല; എന്നാലോ ജീവനുള്ള ദൈവത്തിന്റെ ആലയമാകുന്നു. എന്തുകൊണ്ടെന്നാൽ, "ഞാൻ അവരിൽ പാൎക്കുകയും, അവരിൽ നടക്കുകയും; ഞാൻ അവൎക്കു ദൈവവും അവർ എനിക്കു വിശുദ്ധജനവും ആയിരിക്കയും ചെയ്യു"മെന്നു അവൻ അരു

ളിച്ചെയ്തിരിക്കുന്നു. നിന്ദ്യനും നാശകാരണനുമായ ദുഷ്ടാത്മാവേ, അവൻ നിന്നെ അഗ്നിക്കു ഇരയാക്കി വെച്ചിരിക്കുന്നു. (✝) പിതാവും പുത്രനും പരിശുദ്ധ റൂഹായുമായി വിശുദ്ധനും ജയാളിയും വെടിപ്പുള്ളവനും ആയ ദൈവത്താണ് ഞാൻ നിന്നെ സത്യം ചെയ്തു ബന്ധിക്കുന്നു. ദൈവത്തിൻെറ ദാസനിൽനിന്നു നീ ദൂരെ പോകുക. നടക്കുവാൻ പാടില്ലാത്തതും വെള്ളമില്ലാത്തതുമായ ഭൂമിയിലേക്കു നീ പോയ്ക്കൊള്ളുക; എന്തെന്നാൽ നിൻെറ സ്ഥലം അവിടെയാകുന്നു. ധൃതിപ്പെട്ടു പോകുക; ഉപദ്രവിക്കയുമരുത്. ആപാദചൂഡം നീ തകർന്നുപോകട്ടെ. നിശ്ശേഷം നീ നശിച്ചുപോകുകയും ചെയ്യട്ടെ. ശപിക്കപ്പെട്ടവനേ, ദൈവത്തിൻെറ സൃഷ്ടിയിൽനിന്നു നീ പുറപ്പെട്ടു പോകുക. ദുഷ്ടാത്മാവേ, തെററുകാരനായ ആത്മാവേ, അഗ്നിക്കിരയായവനേ, ധൃതിപ്പെട്ടു പോകുക; ഉപദ്രവിക്കയുമരുത്. എല്ലാ സൃഷ്ടിയിൽനിന്നും നിന്നെ ഓടിച്ചു കളയുകയും, കെടാത്ത അഗ്നിയിൽ നിന്നെ അതി വേദനപ്പെടുത്തുകയും ചെയ്തുകൊണ്ടു പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവം നിന്നെ നിശ്ചയമായും അടിയോടെ തകർത്തു കളയട്ടെ! തൻെറ ഈ കൈവേലയെ രക്ഷയുടെ ദിവസംവരെ താൻ രക്ഷിക്കുന്നു. എന്തെന്നാൽ ശക്തിയും പ്രാബല്യവും അധികാരവും തനിക്കുള്ളതാകുന്നു; തനിക്കു ഞങ്ങൾ ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും മഹത്വം കരേറുന്നു. ആമ്മീൻ.

———

[കുട്ടികളെ പടിഞ്ഞാറോട്ടു തിരിച്ചു നിൎത്തി പട്ടക്കാരൻ കിഴക്കോട്ടു അഭിമുഖമായി നിന്നു അവരെക്കൊണ്ടു മൂന്നു പ്രാവശ്യം സാത്താനെ ഉപേക്ഷിപ്പിക്കുന്നു. മദ്ധ്യസ്ഥന്റെ ഇടത്തുകൈ കൊണ്ടു മാമോദീസാ ഏല്ക്കുന്നവന്റെ ഇടത്തുകൈ പിടിപ്പിച്ചു അവനു പകരം ഈ ഉപേക്ഷണവാക്യം മദ്ധ്യസ്ഥൻ പറയുന്നു:]

മാമോദീസാ കൈക്കൊള്ളുന്ന (ഇന്നാർ) ആയ ഞാൻ, സാത്താനേ, നിന്നേയും നിന്റെ സൈന്യങ്ങളേയും, നിന്റെ സകല ദൂതന്മാരേയും, നിന്നെയുള്ള സകല ഭയത്തേയും, നിന്റെ സകല തെററിനേയും ഞാൻ ഉപേക്ഷിക്കുന്നു.

---

[മാമോദീസാ കൈക്കൊള്ളുന്നവർ കിഴക്കോട്ടും പട്ടക്കാരൻ പടിഞ്ഞാറോട്ടും അഭിമുഖമായി നില്ക്കുന്നു. മദ്ധ്യസ്ഥന്റെ വലത്തുകൈ കൊണ്ടു മാമോദീസ ഏല്ക്കുന്നവന്റെ വലത്തുകൈ പിടിപ്പിച്ചു ഈ വിശ്വാസവാക്യം മൂന്നു പ്രാവശ്യം ചൊല്ലിക്കുന്നു:]

മാമോദീസാ കൈക്കൊള്ളുന്ന (ഇന്നാർ) ആയ ഞാൻ, മിശിഹാതമ്പുരാനേ, നിന്നിലും, നിബിയന്മാരാലും ശ്ലീഹന്മാരാലും വിശുദ്ധ പിതാക്കന്മാരാലും നിന്നിൽനിന്നു ദൈവികമായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള സകല ഉപദേശത്തിലും ഞാൻ ചേൎന്നു വിശ്വസിക്കുന്നു.

---

[ഉടനെ പട്ടക്കാരൻ "സൎവ്വശക്തിയുള്ള പിതാവായി" എന്ന വിശ്വാസപ്രമാണം ആരംഭിക്കുന്നു. പിന്നീടു കുട്ടികളുടെ വസ്ത്രങ്ങൾ അഴിക്കുന്നു. പട്ടക്കാരൻ മാമോദീസാതൊട്ടിയുടെ അടുക്കലേക്കു പ്രവേശിച്ചു തല കുനിച്ചു രഹസ്യത്തിൽ പറയുന്നു:]

കൎത്താവേ, നിന്റെ വിശുദ്ധറൂഹായെ നീ അയയ്ക്കുകയും ഇവൻ ശൂന്യാവസ്ഥയിൽനിന്നു സൃഷ്ടിക്കപ്പെടുകയും പൂൎണ്ണമാക്കപ്പെടുകയും ചെയ്തു. നിന്റെ മനുഷ്യസ്നേഹം

നിമിത്തം വിശുദ്ധ മാമോദീസായ്ക്കു ഇവൻ യോഗ്യനാക്കപ്പെട്ടിരിക്കുന്നു. കർത്താവേ, വിശുദ്ധ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ ഇവനെ നീ സ്ഥിരപ്പെടുത്തേണമേ! വിശുദ്ധ സഭയിൽ സത്യമുള്ള ചെടിയായി ഇവനെ നീ നട്ടു പിടിപ്പിക്കേണമേ! രഹസ്യപൂർണ്ണമായ അഭിഷേകത്തിനു ഇവൻ യോഗ്യനായിത്തീരേണ്ടതിന്നു നിന്റെ വിശുദ്ധാത്മാവിനെ ഇവനു നീ അയച്ചു കൊടുക്കേണമേ! ദൈവികമായ നിന്റെ ദാനങ്ങൾകൊണ്ടു ഇവനെ നിറയ്ക്കേണമേ! പാപത്തിന്റെ അടിമത്തത്തിൽനിന്നു ഇവൻ സ്വതന്ത്രനാകേണ്ടതിന്നു നിന്നെ വന്ദിക്കുന്നവനായ ഇവന്റെ ഹൃദയത്തിൽ നിന്റെ പ്രകാശം ഉദിപ്പിക്കേണമേ!

---

(പട്ടക്കാരൻ ഉടനെ തള്ളവിരൽ അഭിഷേകതൈലത്തിൽ മുക്കി മാമോദീസാ കൈക്കൊള്ളുന്നവന്റെ നെററിമേൽ വരച്ചുകൊണ്ടു പറയുന്നു.)

വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിനു യോഗ്യനായിത്തീരുവാനായി, പിതാവിന്റേയും, പുത്രന്റേയും, ജീവനും വിശുദ്ധിയുമുള്ള റൂഹായുടേയും നാമത്തിൽ നിത്യജീവന്നായി ആനന്ദതൈലംകൊണ്ടു (ഇന്നാർ) അടയാളമിടപ്പെടുന്നു.

---

(പട്ടക്കാരൻ വലത്തുകൈകൊണ്ടു ചൂടുള്ള വെള്ളവും ഇടത്തുകൈകൊണ്ടു പച്ചവെള്ളവും എടുത്തു വലത്തുകൈ ഇടത്തുകൈമേൽ സ്ളീബാ രൂപത്തിൽ വെച്ചു വെള്ളം ക്രൂട്ടിക്കലർത്തിക്കൊണ്ടു ഈ പ്രാർത്ഥന ചെല്ലുന്നു:)

ദൈവമായ കർത്താവേ, ആത്മീയമായ ഉദരവും, നാശമില്ലായ്മയെ വാക്കുന്ന മൂശയും ആയിത്തീരുവാനായിട്ടു

ഞങ്ങളുടെ ബലഹീനമായ പ്രാൎത്ഥന മൂലം നിൻെറ വിശുദ്ധ റൂഹായുടെ ശക്തിയും വ്യാപാരവും ഈ വെള്ളത്തിൽ നീ കലൎത്തേണമേ! ഇതിൽ മാമോദീസാ മുങ്ങുന്ന ഈ നിൻെറ ദാസനു ഇതു നാശമില്ലായ്മയുടെ ആത്മീയ വസ്ത്രവും പാപബന്ധനങ്ങളിൽനിന്നുള്ള വിമോചനവും ആയിത്തീരുവാൻ നീ സംഗതിയാക്കേണമേ! അതു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിൻെറ നല്ല ഇഷ്ടത്താലും, നിൻെറ ഏക ജാതൻെറ മനുഷ്യസ്നേഹത്താലും, നിൻെറ വിശുദ്ധ റൂഹായുടെ വ്യാപാരത്താലും തന്നെ. ആമ്മീൻ.

---

(കരിശ്ശുടയാളം ഉള്ള വെള്ളത്തു ന്നികൊണ്ടു വെള്ളം മൂടുന്നു.)

(ശുശ്രൂഷക്കാരൻ: കുറിയേലായിസ്സോൻ. പട്ടക്കാരൻ തലകുനിച്ചു രഹസ്യത്തിൽ)

കൎത്താവേ, പാപത്തിൻെറ സകല കറയിൽനിന്നും അഴുക്കിൽനിന്നും വെട്ടപ്പുവരുത്തുന്നതും യഥാൎത്ഥമായ ശുദ്ധീകരണം ഉണ്ടാക്കുന്നതുമായ ഉറവയെ നീ ഞങ്ങൾക്കു തന്നിരിക്കുന്നു. നിൻെറ ഏകപുത്രൻ തൻെറ വിശുദ്ധ ശ്ലീഹന്മാരുടെ മേൽ ഊതിയ ശ്വാസത്തെത്തന്നെ, പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതമൂലം, കൎത്താവേ, ഇപ്പോൾ നൽകേണമേ.

(ശബ്ദം ഉയൎത്തിക്കൊണ്ടു)

എന്തുകൊണ്ടെന്നാൽ എല്ലാ നന്മകളേയും ദാനം ചെയ്യുന്നവനും, തുടച്ചു വെട്ടപ്പാക്കുന്നവനും, രക്ഷകനും നീയാകുന്നു. നിനക്കും നിൻെറ ഏകപുത്രനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഞങ്ങൾ കരേറുന്നു. ആമ്മീൻ.

(പട്ടക്കാരൻ സ്ളീബാരൂപത്തിൽ പടിഞ്ഞാറുനിന്നു കിഴക്കോട്ടും, വടക്കുനിന്നു തെക്കോട്ടുമായി വെള്ളത്തിൽ താഴെ കുരിശുടയാളം കാണുന്നിടത്തു മൂന്നുപ്രാവശ്യം ഊതിക്കൊണ്ടു ശബ്ദം ഉയർത്തി പറയുന്നു:)

കർത്താവേ, ഈ വെള്ളത്തിലേക്കു തിരിഞ്ഞു ഇതിനെ ശുദ്ധീകരിക്കേണമേ!

(ശുശ്രൂഷക്കാരൻ. കറിയേലായിദസ്സാൻ. പട്ടക്കാരൻ തലകുനിച്ചു രഹസ്യത്തിൽ)

കർത്താവേ, മനുഷ്യമക്കളെ കൊല്ലുന്ന മഹാസർപ്പത്തിൻെറ തല നിൻെറ ✝ സ്ലീബായുടെ രശ്മായിൻകീഴിൽ ചതയ്ക്കപ്പെട്ടുമാറാകട്ടെ! ✝ തന്നിമിത്തം കാണപ്പെട്ടുവാൻ പാടില്ലാത്തവയും വായുമണ്ഡലത്തിന്നു ചേർന്നവയുമായ അരൂപികൾ ഓടി ഒഴിഞ്ഞു പോകുമാറാകട്ടെ. അന്ധകാരമയനായ ദുഷ്ടാത്മാവ് ഈ വെള്ളത്തിൽ ഒളിച്ചിരിപ്പാൻ ഇടയാവാതേയിരിക്കേണ്ടതിനും, മാമോദീസാ കൈക്കൊള്ളുന്ന ഇവനോടു ഒരുമിച്ചു ✝ അന്ധകാരത്തിൻെറ ദുഷ്ടാത്മാവു ഇറങ്ങിയിട്ടു മനഃക്ഷോഭത്തെ ദുർവ്വിചാരങ്ങളോടുക്രുടെ ഉൾപ്രവേശിപ്പിക്കാതിരിക്കുന്നതിന്നും, കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആകൽക്കറുസായുടെ വ്യാപാരം ഇവനിൽ ഇല്ലാതെയാകുവാൻ സംഗതിയാക്കേണമേ!

(ശബ്ദം ഉയർത്തിക്കൊണ്ടു)

ഇതുനിമിത്തം നിൻെറ സ്ലീബായാൽ രക്ഷപ്പെട്ട നിൻെറ സഭയും നിൻെറ ഇടവകയും യോർദ്ദ്നാൻ നദിയുടെ ജലപ്രവാഹത്തിന്നരികെ നിന്നുകൊണ്ടു നിന്നോടും, നീ മുഖാന്തരം നിന്നോടുക്രുടെ നിൻെറ പിതാവിനോടും മനോവേദനയോടുക്രുടി അപേക്ഷിച്ചു പറയുന്നു.

ജനങ്ങൾ.

സൎവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ!

പട്ടക്കാരൻ

എന്റെ കൎത്താവേ, ബലഹീനരും പാപികളുമായ നിന്റെ ദാസന്മാരായ ഞങ്ങളും നിന്റെ കൃപയെ കൈക്കൊണ്ടു, സകലത്തെക്കുറിച്ചും സകലത്തിന്നു വേണ്ടിയും നിന്റെ ദയയെ സ്തോത്രം ചെയ്യുന്നു.

ജനങ്ങൾ

ദൈവമായ കൎത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ!

ശുശ്രൂഷക്കാരൻ

ബാറെക്മോർ. എന്റെ വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധറൂഹാ സ്വൎഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽനിന്നു പ്രതാപത്തോടുകൂടി ഇറങ്ങി, വെയ്ക്കപ്പെട്ടിരിക്കുന്ന മാമോദീസാ തൊട്ടിയിലുള്ള ഈ വെള്ളത്തിന്മേൽ പൊരുന്നി ആവസിച്ച് അതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ടു പ്രാൎത്ഥിപ്പിൻ.

ജനങ്ങൾ

ഞങ്ങൾ എല്ലാവരോടുംകൂടെ സമാധാനവും ഞങ്ങൾ എല്ലാവൎക്കും സമ്പ്രീതിയും ഉണ്ടാകേണമേ!

(പട്ടക്കാരൻ തല കുനിച്ചു രഹസ്യത്തിൽ ചൊല്ലുകയും വിശുദ്ധറൂഹായെ ക്ഷണിച്ചുവരുത്തിക്കൊണ്ടു കൈ ആഘോഷിക്കുകയും ചെയ്യുന്നു.)

സൎവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളുടെ മേൽ കരുണ ചെയ്യേണമേ! നിന്റെ മേന്മയേറിയ വാസസ്ഥലത്തുനിന്നും, നിന്റെ വിസ്തീൎണ്ണമായ മടിയിൽനിന്നും ഞങ്ങളുടെ മേലും ശുദ്ധീകരിക്കപ്പെടുന്ന ഈ വെള്ളത്തിന്മേലും നിന്റെ വിശുദ്ധറൂഹായെ അയക്കേണമേ! താൻ * ക്നൂമായുള്ളവനും, അത്യുന്നതനും, കൎത്താവും, ജീവിപ്പിക്കുന്നവനും, ന്യായപ്രമാണത്താലും ദീൎഘദൎശിമാരാലും ശ്ലീഹന്മാരാലും സംസാരിക്കപ്പെട്ടവനും, എല്ലാ സ്ഥലങ്ങൾക്കും സമീപസ്ഥനും, എല്ലായിടവും നിറഞ്ഞിരിക്കുന്നവനും, നിന്റെ നല്ല ഇഷ്ടം പ്രവൎത്തിച്ചിട്ടുള്ളവരുടെ മേൽ സേവകനായിട്ടല്ലാ, അധികൃതനെപ്പോലെ വിശുദ്ധിയെ പ്രവൎത്തിക്കുന്നവനും, സ്വഭാവത്തിൽ നിൎമ്മലനും, വിവിധവ്യാപാരങ്ങൾ ഉള്ളവനും, ദൈവികനൽവരങ്ങളുടെ ഉറവും, സാരാംശത്തിൽ നിനക്കു സമനും, നിന്നിൽനിന്നു പുറപ്പെടുന്നവനും, നിന്റെ പുത്രനിൽനിന്നു എടുക്കപ്പെടുന്നവനും, നിനക്കും ഞങ്ങളുടെ കൎത്താവും ദൈവവും ഞങ്ങളുടെ രക്ഷകനുമായ യേശുമശിഹാ ആയ നിന്റെ ഏകപുത്രനും (പോലെ) നിന്റെ രാജ്യസിംഹാസനത്തിനു തുല്യാവകാശിയുമാകുന്നു.

(പട്ടക്കാരൻ ഉച്ചത്തിൽ)

കൎത്താവേ, എന്നോടു ഉത്തരമരുളിച്ചെയ്യേണമേ! കൎത്താവേ, എന്നോടു ഉത്തരമരുളിച്ചെയ്തു കൃപയുണ്ടായി എന്റെ മേൽ അനുഗ്രഹം ചെയ്യേണമേ!

ജനങ്ങൾ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

---

* Person ആളത്വം

(ശുശ്രൂഷക്കാരൻ ശബ്ദം ഉയൎത്തി പറയുകയും, ഓരോ വായനയിലും സ്ളീബായുടെ ഓരോ ഭാഗം വരക്കുകയും ചെയ്യുന്നു.)

സൎവ്വശക്തിയുള്ള ദൈവമായ കൎത്താവേ, ഈ വെള്ളത്തെ ആശ്വാസകരമായ വെള്ളവും, സന്തോഷകരവും ആനന്ദകരവുമായ വെള്ളവും, നിന്റെ ഏകജാതന്റെ മരണത്തേയും ഉയൎപ്പിനേയും ദൃഷ്ടാന്തീകരിക്കുന്ന വെള്ളവും ശുദ്ധീകരണത്തിന്നുള്ള വെള്ളവും ആക്കിത്തീൎക്കേണമേ! ആമീൻ. (1)

ഇതിനെ, ജഡത്തിന്റേയും ആത്മാവിന്റേയും മാലിന്യത്തിൽനിന്നു വിമോചനവും, ബന്ധനങ്ങൾക്കു അഴിവും, പിഴകൾക്കു മോചനവും, ആത്മാക്കൾക്കും ശരീരങ്ങൾക്കും പ്രകാശവും നൽകുന്നതാക്കിത്തീൎക്കേണമേ! ആമീൻ. (—)

ഇതിനെ, വീണ്ടും ജനനത്തിനുള്ള സ്നാനവും, പുത്രസ്വീകാരമാകുന്ന നൽവരവും, നാശമില്ലായ്മയുടെ വസ്ത്രവും, നിന്റെ വിശുദ്ധറൂഹായുടെ പുതുക്കവും ആയി ആക്കിത്തീൎക്കേണമേ! ആമ്മീൻ. †

(ഉടനെ മൂറോൻ കുപ്പിയെടുത്തു മൂന്നു പ്രാവശ്യം സ്ളീബാ രൂപത്തിൽ ഉയൎത്തി ആഘോഷിച്ചു പറയുന്നു.)

ദൈവമേ, വെള്ളം നിന്നെ കണ്ടു; എന്റെ കൎത്താവേ, വെള്ളം നിന്നെ കണ്ടു; അതു ഭയപ്പെടുകയും ചെയ്തു.

ശുശ്രൂഷക്കാരൻ:—ഹാലേലുയ്യാ!

കൎത്താവിന്റെ ശബ്ദം വെള്ളത്തിന്മീതെയുണ്ട്. മഹത്വമുള്ള ദൈവം ഇടിമുഴക്കി. കൎത്താവ് പെരുവെള്ളത്തിന്മീതെ ഇരിക്കുന്നു.

ശുശ്രൂഷക്കാരൻ:—ഹാലേലുയ്യാ!

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും:—ആദിമുതൽ എന്നുമന്നേക്കും ആമ്മീൻ.

---

(പട്ടക്കാരൻ വിശുദ്ധ മൂറോൻ മാമോദീസാ തൊട്ടിയിലെ വെള്ളത്തിൽ സ്ളീബാ രൂപത്തിൽ ഒഴിച്ചുകൊണ്ട് പറയുന്നു.)

ഈ വെള്ളത്താൽ പഴയ മനുഷ്യൻ പുതിയതിലേക്കു പുതുതാക്കപ്പെടുവാനായി ഈ മാമോദീസാവെള്ളത്തിൽ വിശുദ്ധമൂറോൻ (ശുശ്രൂഷക്കാരൻ:—ഹാലേലൂയ്യാ!) നിത്യജീവന്നായി പിതാവിന്റെ നാമത്തിലും (ആമ്മീൻ) പുത്രന്റെ നാമത്തിലും (ആമ്മീൻ) ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും ഞങ്ങൾ ഒഴിക്കുന്നു. (ആമ്മീൻ—ഹാലേലൂയ്യാ!)

ശുശ്രൂഷക്കാരൻ:—കുറിയേലായിസ്സോൻ

—*—

(പട്ടക്കാരൻ തല കുനിച്ചു രഹസ്യത്തിൽ)

തന്റെ വിശുദ്ധറൂഹായെ പ്രാവിന്റെ രൂപത്തിൽ അയയ്ക്കുകയും, യോർദ്നാൻ ജലപ്രവാഹത്തെ ശുദ്ധീകരിക്കുകയും ചെയ്ത ദൈവമായ കർത്താവേ, മാമോദീസാ കൈക്കൊള്ളുന്ന ഈ നിന്റെ ദാസനെ നീ പൂർണ്ണനാക്കുകയും, രക്ഷാകരമായ നിന്റെ സ്നാനത്താൽ ഇവനെ വെടുപ്പാക്കി നിന്റെ മശിഹായുടെ സംസർഗ്ഗക്കാരനാക്കിത്തീർക്കുകയും ചെയ്യേണമേ!

(ഉച്ചത്തിൽ)

പുതുതാക്കപ്പെട്ട നിന്റെ കൃപകൊണ്ടു നിറയുന്നവനായ ഇവൻ ഉത്തമനായിത്തീരുകയും, നിന്റെ ദൈവിക

നൽവരങ്ങളുടെ ഭരമേല്പിനെ ഇവൻ അനുസരിക്കുകയും ചെയ്യുമാറാകേണമേ! ഞങ്ങളും ഇവനും നിനക്കും നിന്റെ ഏക ജാതനും, നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറും. ആമ്മീൻ.

———

പട്ടക്കാരൻ:—നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

പ്രതിവാക്യം:—അവിടുത്തെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

(പട്ടക്കാരൻ വെള്ളത്തിന്മീതെ വലത്തുകൈ ആവസിപ്പിച്ചു വിറപ്പിച്ച് ഉച്ചത്തിൽ പറയുന്നു.)

ഈ വെള്ളം വീണ്ടും ജനനമാകുന്ന ദൈവിക സ്നാനത്തിന്നായി വാഴ്ത്തപ്പെട്ടു ശുദ്ധീകരിക്കപ്പെടുന്നു.

ശുശ്രൂഷക്കാരൻ:—ബാറെക്മോർ.

പട്ടക്കാരൻ:—നിത്യജീവന്നായി ജീവനുള്ള പിതാവിന്റെ നാമത്തിലും (ആമ്മീൻ), നിത്യജീവന്നായി ജീവനുള്ള പുത്രന്റെ നാമത്തിലും (ആമ്മീൻ), നിത്യജീവന്നായി ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും തന്നെ. (ആമ്മീൻ).

———

(ഇതിന്റെ ശേഷം പട്ടക്കാരൻ മാമോദീസാ കൈക്കൊള്ളുന്ന ആളെ മാമോദീസാതൊട്ടിയിലേക്കു ഇറക്കുന്നു. പട്ടക്കാരൻ പടിഞ്ഞാറോട്ടു മുഖമായി കിഴക്കുവശത്തും മാമോദീസാ കൈക്കൊള്ളുന്ന ആൾ പട്ടക്കാരന്നു അഭിമുഖമായി കിഴക്കോട്ടു തിരിഞ്ഞും നിൽക്കുന്നു. പട്ടക്കാരൻ തന്റെ വലത്തുകൈ മാമോദീസാ കൈക്കൊള്ളുന്നവന്റെ തലയിൽ വെക്കുകയും, ഇടത്തുകൈകൊണ്ടു മാമോദീസാതൊട്ടിയിലെ വെള്ളം എടുത്തു മാമോദീസാ കൈക്കൊള്ളുന്നവന്റെ തലയിൽ ഒഴിക്കുകയും ചെയ്യുന്നു. ആദ്യമായി അവന്റെ മുൻവശത്തുനിന്നും, പിന്നീടു അവന്റെ പാർശ്വ

ഗത്തുനിന്നും വെള്ളം എടുത്തു തലയിൽ ഒഴിക്കുന്നു. അതിൽപിന്നെ വലത്തുഭാഗത്തുനിന്നും ഇടത്തുഭാഗത്തുനിന്നും ഒന്നായി എടുത്തു തലയിൽ ഒഴിച്ചുകൊണ്ടു ഇങ്ങിനെ പറയുന്നു.

ജീവന്നായുള്ള ആശയോടും പാപങ്ങളുടെ മോചനത്തിന്നായും (ഇന്നാർ) മാമോദീസാ കൈക്കൊള്ളുന്നു.

ശുശ്രൂഷക്കാരൻ:—ബാറെക്മോർ.

പട്ടക്കാരൻ:—നിത്യജീവന്നായി പിതാവിന്റെ നാമത്തിലും (ആമ്മീൻ), നിത്യജീവന്നായി പുത്രന്റെ നാമത്തിലും (ആമ്മീൻ), നിത്യജീവന്നായി ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും തന്നെ (ആമ്മീൻ).

(പട്ടക്കാരൻ മാമോദീസാ കൈക്കൊള്ളുന്ന ആളെ കരേററി മദ്ധ്യസ്ഥനെ ഏല്പിക്കുന്നു. ശുശ്രൂഷക്കാർ താഴെ കാണുന്ന ഗീതം ചൊല്ലുന്നു.)

(പട്ടക്കാരൻ മൂറോൻകുപ്പി കയ്യിലെടുത്തു നീട്ടിക്കൊണ്ടു ഈ പ്രാർത്ഥന ചൊല്ലുന്നു.)

കർത്താവേ, മാമോദീസായുടെ വിശ്വാസത്താൽ നിന്റെ ഭടന്മാരോടുകൂടി ഗണിക്കപ്പെട്ടിരിക്കുന്ന ഈ നിന്റെ ദാസൻ നിന്റെ നാമത്തിൽ ഈ മുദ്രയും വിശുദ്ധ അടയാളവും കൈക്കൊള്ളുമാറാകേണമേ! മുഴവനും പരിമളവാസനയാകുന്ന ഈ മൂറോനാൽ ഇവൻ ആത്മീയമായി നിറയപ്പെട്ടുമ്പോൾ പ്രതികൂലസൈന്യങ്ങളാൽ പിടിക്കപ്പെട്ടുമാറാകരുതേ! ഇനിയും ഇവൻ ദുഷ്ടന്മാരായ പ്രമാണികളേയും അന്ധന്മാരായ അധികാരികളേയും ഭയപ്പെടാതെ നിന്റെ പ്രകാശത്തിൽ നടന്നു പ്രകാശത്തിന്റെ പുത്രനായിത്തീരുകയും, നിന്നിൽക്കൂടി പ്രയാണംചെയ്യുകയും, നിന്റെ അടുക്കലേക്കു വരികയും ചെയ്യുമാറാകേണമേ!

—*—

(പട്ടക്കാരൻ മാമോദീസാ കൈക്കൊള്ളുന്നവൻെറ നേരെ തിരിഞ്ഞു തള്ളവിരൽ മൂറോനിൽ മുക്കി നെററിമേൽ മൂന്നുപ്രാവശ്യം കരിശുവരച്ചുകൊണ്ടു പറയുന്നു.)

സത്യവിശ്വാസത്തിൻെറ മുദ്രയും അടയാളവും വിശുദ്ധറൂഹായുടെ നൽവരത്തിൻെറ പൂർണ്ണതയുമായി മശിഹായുടെ പരിമളവാസനയാകുന്ന വിശുദ്ധമൂറോൻകൊണ്ടു നിത്യജീവങ്കലേക്കു (ഇന്നാർ) മുദ്ര കുത്തപ്പെടുന്നു; പിതാവിൻെറ നാമത്തിലും (ആമ്മീൻ) പുത്രൻെറ നാമത്തിലും (ആമ്മീൻ), ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലുംതന്നെ. (ആമ്മീൻ)

(പിന്നീടു മാമോദീസാ കൈക്കൊള്ളുന്ന ആളുടെ തലമുതൽ പാദംവരെയും ദേഹം മുഴുവനും മൂറോൻ പൂശി ഇതു വായിക്കുന്നു.)

കൃപയുടെ സ്നാനത്താൽ നിൻെറ ഹൃദയം ബലപ്പെട്ടു ശക്തി പ്രാപിക്കട്ടെ. തീജ്വാലപോലെ നീ ലോകത്തിൽ വിളങ്ങുമാറാകട്ടെ. വിശുദ്ധറൂഹായാൽ മേലിൽനിന്നുള്ള ശക്തികൊണ്ടു നീ പുഷ്ടി പ്രാപിക്കട്ടെ. വഞ്ചിക്കുന്ന മോഹരസത്താൽ ജീർണ്ണം ഭവിച്ച നമ്മുടെ പഴയ മനുഷ്യനെ നീ വെറുത്തു അവനിൽനിന്നു നീ മുഖം തിരിച്ചു കളയുക. എന്തെന്നാൽ, ഇതുപോലെതന്നെ നീ പ്രവൃത്തികളിൽ ഏൎപ്പെടുമ്പോൾ അവിശ്വാസികളുടെ മുമ്പിൽ ജീവൻെറ വചനത്തെ നീ അവലംബിച്ചുകൊള്ളുക. വരുവാനിരിക്കുന്നതും വിശ്വാസികൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതുമായ പുതിയ ജീവങ്കലേക്കു നീ ധൃതിപ്പെട്ടുപോകുന്നു എന്നു നീ അറിയുന്നുവല്ലോ. മശിഹായുടെ ബഹുലമായ കൃപയുടെ സമൃദ്ധിക്കു തക്കവണ്ണം തന്നോടുകൂടെ വാഴുന്നതിന്നു നീ യോഗ്യനായിത്തീരുമാറാകട്ടെ.

(മാമോദീസാ കൈക്കൊള്ളുന്ന ഓരോരുത്തരെയും മദ്ബഹായിലേക്കു കൊണ്ടുപോയി മുടി ധരിപ്പിച്ചു പറയുന്നു: പുരുഷനാണെങ്കിൽ പ

ട്ടക്കാരൻ അവനെക്കൊണ്ടു മൂന്നു പ്രാവശ്യം ത്രോണോസിൻെറ ചുറവും പ്രദക്ഷിണം ചെയ്യിക്കുന്നു. സ്ത്രീയാണെങ്കിൽ മദ്ബഹായുടെ വാതില്ക്കൽ വെച്ച് കിരീടം ധരിപ്പിക്കുന്നു.)

ദൈവമായ കത്താവേ, ഈ നിൻെറ ദാസനെ പ്രഭ കൊണ്ടും മഹത്വംകൊണ്ടും നീ കിരീടം ധരിപ്പിക്കേണമേ! പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ, ഇവൻെറ ജീവിതം എന്നേക്കും നിൻെറ കർത്തൃത്വത്തിൻെറ തൃപ്തിക്കും നിൻെറ വിശുദ്ധനാമത്തിൻെറ മഹത്വത്തിന്നും ആയിത്തീരേണമേ! ആമ്മീൻ!

---

## ഹൂത്തോമോ പ്രാത്ഥന.

പിതാവായ ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. വന്ദ്യനായ പുത്രൻ നിന്നെ കാത്തുകൊള്ളട്ടെ. നീ ധരിച്ചിട്ടുള്ള വിശുദ്ധറൂഹാ നിന്നെ പൂർണ്ണനാക്കുകയും, വഞ്ചനകളിൽനിന്നു നിന്നെ രക്ഷിക്കുകയും ചെയ്യട്ടെ. നീ കൈക്കൊണ്ട മാമോദീസാ എന്നേക്കും നിന്നോടുകൂടെ വസിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

(ശുശ്രൂഷക്കാരൻ അവരെ യാത്രയയച്ചു പറയുന്നു:)

എന്നേക്കും നമ്മുടെ ദൈവമായ മശിഹായുടെ പുണ്യമുണ്ടാക്കുന്ന മാമോദീസായിൽനിന്നു നീ കൈക്കൊണ്ട വിശുദ്ധ മൂറോനോടുകൂടെ വിശുദ്ധത്രിത്വത്തിൻെറ കൃപകളും അനുഗ്രഹങ്ങൾക്കുമായി നിന്നെ ഞങ്ങൾ ഭരമേല്പിക്കുന്ന ഈ സമയത്തു് സമാധാനത്തോടെ പോകുക.

---

ഏഴ ദിവസങ്ങൾക്കുശേഷം കിരീടം തലയിൽനിന്നു എടുക്കുമ്പോഴത്തെ പ്രാത്ഥന.

---

കത്താവേ, നിന്‍റെ പുത്രസ്വീകാരമാകുന്ന ആത്മീയമാതാവില്‍നിന്നുണ്ടായ ഈ നിന്‍റെ ദാസനെ, ജീവിപ്പിക്കുന്നതായ നിന്‍റെ ജ്ഞാനത്താല്‍ സുവിശേഷവ്യാപാരങ്ങളിലേക്കു നീ നടത്തിക്കൊള്ളേണമേ! നിന്‍റെ ഏകജാതന്നു സഹോദരനായി നീ ഇവനെ പൂര്‍ണ്ണതപ്പെട്ടുത്തിയിരിക്കുന്നു. ചൊവ്വായി പ്രയാണം ചെയ്യുന്നവര്‍ക്കു കരുതപ്പെട്ടിരിക്കുന്ന കിരീടത്തെ ഇവന്‍ നിന്‍റെ സ്വര്‍ഗ്ഗരാജ്യത്തില്‍ കൈക്കൊള്ളുമാറാകേണമേ! ഈ കിരീടം എടുക്കപ്പെട്ടുന്നതോടുകൂടി നിന്‍റെ വലത്തുകയ്യുടെ സഹായത്തില്‍നിന്നു ഇവന്‍ അകന്നവനാകരുതേ! നേരേ മറിച്ച് അതിനാല്‍ ഇവന്‍ മറയ്ക്കപ്പെട്ടുകയും, ശക്തി പ്രാപിക്കുകയും, വളര്‍ത്തപ്പെട്ടുകയും, മേലായുള്ള വിളിയുടെ കിരീടം കൈക്കൊള്ളുകയും, നിന്നേയും നിന്‍റെ ഏകജാതനേയും, വിശുദ്ധനും സാരാംശത്തില്‍ നിനക്കു സമനായിരിക്കുന്നവനുമായ നിന്‍റെ റൂഹായേയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും മഹത്വപ്പെട്ടുത്തുകയും ചെയ്യുമാറാകേണമേ! ആമ്മീന്‍.

———

# വിവാഹം

—*—

## ഒന്നാം ശുശ്രൂഷ.

KOTTAYAM PUBLIC LI…
KOTTAYAM.

### ബ്രഹ്മചാരികളായ മണവാളന്മാരുടേയും കന്യകമാരായ മണവാട്ടികളുടേയും മോതിരം വാഴ്വിന്റെ ക്രമം.

(മണവാളന്മാരും മണവാട്ടികളും മദ്ബഹായുടെ മുമ്പാകെ നില്ക്കണം. മണവാട്ടി മണവാളന്റെ വലത്തുവശത്തും, തോഴക്കാരൻ മണവാളന്റെ ഇടത്തുവശത്തും, തോഴക്കാരി മണവാട്ടിയുടെ വലത്തുവശത്തും നില്ക്കണം.)

### പ്രാത്ഥന.

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ, ആമ്മീൻ.

### പട്ടക്കാരൻ.

ദൈവമായ കത്താവേ, അക്ഷയമായ സന്തോഷത്തിനു ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ സന്തോഷങ്ങളുടെ ആരംഭവും ഞങ്ങളുടെ ആനന്ദത്തിന്റെ അവസാനവും നിന്നോടുകൂടെയും നിന്നിലും ആയിരിക്കേണമേ. ഞങ്ങളുടെ ദേഹികളും ആത്മാക്കളും നിന്നിൽ ആമോദിക്കുമാറാകേണമേ. നിന്റെ ദയയാൽ ഞങ്ങളുടെ അരിഷ്ടതകൾ മായ്ക്കപ്പെടേണമേ. നിന്റെ കരുണയാൽ ഞങ്ങളു

ടെ നന്മകൾ അധികരിച്ചു അനുഗ്രഹങ്ങൾ വദ്ധമാനമായിത്തീരേണമേ. ഞങ്ങളുടെ നിരൂപണകൾ ഐശ്വൎയ്യപ്രദമാകേണമേ. ഞങ്ങളുടെ മണവാളൻ (മണവാളന്മാർ)പൂൎണ്ണതപ്പെട്ടുകയും ഞങ്ങളുടെ മണവാട്ടി (മണവാട്ടികൾ) പരിപൂർണ്ണതപ്പെട്ടുകയും ചെയ്യേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഞങ്ങൾ നിന്നോടുകൂടെയും ആദിമുതൽ നിന്നെ പ്രസാദിപ്പിച്ച സകല പരിശുദ്ധന്മാരോടുകൂടെയും അക്ഷയമായ സൌഭാഗ്യാവസ്ഥയിൽ ആനന്ദിക്കുമാറാകേണമേ. നിൻെറ പരിശുദ്ധന്മാരുടെ സംഘങ്ങളിലും നിൻെറ വാത്സല്യഭാജനങ്ങളുടെ ഗണങ്ങളിലും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ആമ്മീൻ.

("ദൈവമേ, നിൻെറ കൃപയിൻപ്രകാരം" ഇത്യാദി ൫൧-ാം മസുമൂർ ചൊല്ലുന്നു)

## പ്രാത്ഥന.

ദൈവമായ കത്താവേ, ആകാശത്തേയും ഭൂമിയേയും, ഉയരത്തേയും അഗാധത്തേയും സംയോജിപ്പിച്ച നിൻെറ നിരപ്പു അന്യോന്യം അടുത്തുവന്നിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരരെ ഇപ്പോൾ സംയോജിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, ഇവരുടെ ആയുഷ്കാലം മുഴുവനും ഇവർ അന്യോന്യം സ്നേഹിക്കുകയും സന്തോഷത്തോടെ തമ്മിൽ തമ്മിൽ സഹകരിക്കുകയും ചെയ്യാനായിട്ടു ഇവൎക്കു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഐകമത്യം ഉണ്ടാകുമാറാകേണമേ. ആമ്മീൻ.

—*—

## പ്രമിയോൻ.

പട്ടക്കാരൻ:— നാമെല്ലാവരും പ്രാൎത്ഥിച്ച കൎത്താവി നോടു അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.

എല്ലാവരും: —അനുഗ്രഹിക്കുന്നവനായ കൎത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹിച്ച ഞങ്ങൾക്കു സഹായിക്കേണമേ.

പട്ടക്കാരൻ:— സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ച യും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പോഴും സ ദാനേരത്തിലും ഇടവിടാതെ കരേറുവാൻ ഞങ്ങൾ യോ ഗ്യന്മാരായിത്തീരേണമേ.

പുറജാതികളുടെ പുത്രിയെ തനിക്കു സഭയായിട്ടു തി രഞ്ഞെടുത്തു സകല മാലിന്യങ്ങളിൽനിന്നും അഴുക്കുകളി ൽനിന്നും തന്റെ വിജയരക്തത്താൽ അതിനെ വെടിപ്പാ ക്കി, ഭൌമികസഭയെ വിവാഹം പറഞ്ഞു നിശ്ചയിക്കു യും, താൻതന്നെ അതിനു വിവാഹം പറഞ്ഞു നിശ്ചയി ക്കപ്പെട്ടവനായിത്തീരുകയും, അശുദ്ധ പിശാചുക്കളു ടെ അടിമയിൽനിന്നു അതിനെ മോചിക്കയും, അതി ന്റെ സകല കടങ്ങളിൽനിന്നും പാപങ്ങളിൽ നിന്നും അ തിനെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത സ്വൎഗ്ഗീയ മണ വാളനു സ്തുതി. തന്റെ സഭയുടെ വിവാഹസദ്യക്കു സക ല വിജാതികളേയും സ്വജാതികളേയും പ്രവാചകന്മാരേ യും ശ്ലീഹന്മാരേയും സകല വംശങ്ങളേയും ക്ഷണിച്ചവ നായ കൎത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. തനിക്കു സ്തുതിയും ബഹുമാനവും തന്റെ ദാസരുടെ മോതിരം വാഴ്വിന്റെ ഈ നേരത്തും എല്ലാ പെരുന്നാളുകളിലും നാഴികകളിലും

സമയങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന എല്ലാദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു.

എല്ലാവരും:— ആമ്മീൻ.

സെദ്റാ

മനുഷ്യമക്കളുടെ സകലവിധ തത്വചിന്തകളിൽ നിന്നും ഉയൎന്നും അകന്നും ഇരിക്കുന്നവനും, നന്മകളിൽ സദാസമൃദ്ധനും, സകല തിന്മകളിൽനിന്നും അകന്നിരിക്കുന്നവനും ദൈവികപ്രകാരം വാഴ്വുകളുടെ ഉറവും ആയ ദൈവമേ, നീ അനാദ്യന്തനായവിധം സകല കഷ്ടതകളിൽ നിന്നും മരണത്തിൽ നിന്നും അകന്നിരിക്കുന്ന നാശമില്ലാത്ത വെടിപ്പുള്ള മൂറോൻ ആകുന്നു. നീ നിന്റെ സൃഷ്ടിയെ അലങ്കരിച്ചു ശ്രേഷ്ഠതപ്പെടുത്തി കരുണയോടെ സഹായിക്കുകയും അതിന്റെ ശക്തിക്കു തക്കവണ്ണം ബലമായി നിന്നിലുള്ള അതിന്റെ വിശ്വാസത്തെ നീ സ്വീകരിക്കുകയും ചെയ്തു. നീ നിന്റെ വിശുദ്ധ സഭയ്ക്കു നാശമില്ലാത്തവിധത്തിൽ അനുഗ്രഹങ്ങൾ ദാനം ചെയ്തു; സുഗന്ധം വീശിക്കൊണ്ടിരിക്കുമാറു സൌരഭ്യംകൊണ്ടു അതിനെ നിറച്ചു. ദാരിദ്ര്യം വരാതിരിക്കത്തക്കവണ്ണം നിന്റെ ദിവ്യ ഐശ്വൎയ്യങ്ങൾകൊണ്ടു അതിനെ ഐശ്വൎയ്യപ്പെടുത്തി. മഹത്വത്തിന്റെ നിലയങ്കി അതിനെ ധരിപ്പിച്ചു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും അതിനു വിവാഹനിശ്ചയംചെയ്തു. നീ അതിനെ നിന്റെ മണവാട്ടി ആക്കിത്തീൎക്കയും ശത്രുവിന്റെ തലമേൽ ബലമായി ചവിട്ടുകയും ചെയ്തു. വിജയംപ്രാപിച്ച നിന്റെ ശരീരരക്തങ്ങൾ ഉചിതമായ വിധം അതിനു മോതിരമായി കൊടുത്തു. നീ അതിനെ സന്തോഷിപ്പിക്കയും നിന്റെ

മഹത്വപ്രകാശത്താൽ സ്തുത്യർഹമാം വണ്ണം അതിനെ പ്ര
കാശിപ്പിക്കുകയും ചെയ്തു. ദൈവികമായി അതിനു അ
ത്തു നീ ദാനംചെയ്തതിനാൽ നിന്നോടുകൂടെ അതിനെ നീ
വസിപ്പിച്ചു; പരിശുദ്ധശ്ലീഹന്മാർ മുഖാന്തരം ക്രമമായി
അതിനു പൂർണ്ണതവരുത്തി. ഭാര്യാഭർത്താക്കന്മാരുടെ സ
ന്തോഷങ്ങൾക്കു മോതിരത്താൽ പൂർത്തിവരികയും വിവാ
ഹംചെയ്തവരുടെ ആനന്ദം മോതിരത്താൽ പരിപൂർണ്ണ
തപ്പെടുകയും ചെയ്യുവാൻ നീ സംഗതിയാക്കി. ദൈവ
മായ കർത്താവേ, നിന്റെ ബലഹീനദാസന്മാരായ ഞങ്ങ
ൾ സന്തോഷപൂർവ്വം വാഴ്ത്തിയ ഈ മോതിരത്തെ ഇപ്പോൾ
നീ വാഴ്ത്തേണമേ. കർത്താവേ, ഈ മോതിരത്തെ നീ വാ
ഴ്ത്തി ശാപമായിരുന്നതിനെ കരുണയോടെ ശാപമില്ലാത്ത
താക്കിത്തീർക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കു
ന്നു. കർത്താവേ, നിന്റെ വിശുദ്ധ സഭയുടെ മോതിര
ത്തെ നീ അനുഗ്രഹിച്ചപ്രകാരം നിന്റെ ദൈവിക അനു
ഗ്രഹങ്ങളാൽ ഈ മോതിരത്തെ നീ വാഴ്ത്തേണമേ. ദൈ
വമായ കർത്താവേ, ഞങ്ങളുടെ പുത്രനായ ഈ മണവാളനും
ഞങ്ങളുടെ പുത്രിയായ ഈ മണവാട്ടിയും ജ്ഞാനത്തിൽ
പൂർണ്ണരും പരിപൂർണ്ണരും ആയിത്തീരുവാൻ നീ സംഗ
തിയാക്കേണമേ. കർത്താവേ, കൃപയുണ്ടായി ഇവരുടെ വി
വാഹം സകല മാലിന്യങ്ങളിൽ നിന്നും അഴുക്കുകളിൽ നി
ന്നും ഒഴിഞ്ഞതായ വിവാഹമാക്കിത്തീർക്കേണമേ. ദൈവ
മായ കർത്താവേ, ഈ ലോകത്തിലും പരലോകത്തിലും അ
ക്ഷയമായവിധം ഇവരെ സന്തോഷിപ്പിക്കേണമേ. നശ്വ
രമായ ഈ മണവറയിലുള്ള ഇവരുടെ ആയുഷ്കാലത്തെ
മുഴുവനും പരിപാകതകൊണ്ടു അലങ്കരിക്കേണമേ. ഈ
റേന്മാരും മാലാകമാരും ഇടവിടാതെ ആനന്ദിക്കുന്ന നി

ൻെറ സ്വൎഗ്ഗീയമണവറയിലേക്കു കരുണയോടെ ഇവരെ കൊണ്ടുപോയി പ്രവേശിപ്പിക്കേണമേ. കൎത്താവേ, നിൻെറ മുമ്പാകെ നില്ക്കുന്ന ഈ കൂട്ടത്തെ പാപങ്ങളിൽനിന്നും അനീതികളിൽനിന്നും മാലിന്യങ്ങളിൽനിന്നും പിഴകളിൽനിന്നും സ്നേഹപൂൎവ്വം സ്വാതന്ത്ര്യപ്പെടുത്തേണമേ. ഇവർ നിന്നിൽനിന്നു അനുഗ്രഹം പ്രാപിക്കുകയും നിന്നെ പുകഴ്ത്തുകയും അലംഭാവം തോന്നാത്ത വിധത്തിൽ നിൻെറ മുമ്പാകെ നിന്നു മുടക്കം കൂടാതെ നിന്നേയും നിൻെറ പിതാവിനേയും നിൻെറ പരിശുദ്ധ റൂഹായേയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സ്തുതിക്കുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

—*—

എത്രാ.

നൈഷ്ഠികവ്രതരും നിഷ്കന്മഷരുമായ ആത്മാക്കളെ തനിക്കായി വിവാഹം നിശ്ചയിക്കുന്ന സാക്ഷാൽ സത്യമണവാളൻ ആയുള്ളോവേ, അന്യോന്യം വിവാഹം പറഞ്ഞൊക്കുകയും നിൻെറ പ്രാഭവത്തിൻെറ മുമ്പാകെ നില്ക്കുന്ന ബലഹീനരായ ഞങ്ങൾ മുഖാന്തരം തങ്ങളുടെ മണവാളത്വത്തിൻെറ മദ്ധ്യസ്ഥനായി നിന്നെ സ്വീകരിക്കുകയും ചെയ്തിട്ടുള്ള നിൻെറ ഈ ദാസരിൽനിന്നു സുകൃതനടപടികളാകുന്ന പരിമളവാസന വീശുവാനും ഇവരുടെ ഇടയിൽ സത്യസ്നേഹവും നിരപ്പും സമാധാനവും അഭിന്നമായ ഐക്യവും ഉണ്ടാകുവാനും ഇവരെ യോഗ്യരാക്കേണമേ. ആത്മാവിലും ശരീരത്തിലും തമ്മിൽ തമ്മിൽ നിഷ്കന്മഷരായി ജീവിപ്പാൻ ഇവരെ സഹായിക്കേണമേ. ഇവർ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂ

ഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും കരേറുമാറാകേണമേ. ആമ്മീൻ.

(ശുശ്രൂഷക്കാരൻ മോതിരം എടുത്തു പിടിക്കുകയും പട്ടക്കാരൻ താഴെയുള്ളതു ചൊല്ലുകയും ചെയ്യുന്നു.)

ഈ മോതിരങ്ങളെ തന്റെ കൃപയാലും ബഹുലമായ തന്റെ കരുണകളാലും എന്നേക്കും വാഴ്ത്തുന്നവനായ പിതാവും പുത്രനും പരിശുദ്ധറൂഹായും ആയവനു സ്തുതി.

(പട്ടക്കാരൻ മോതിരങ്ങളുടെ മേൽ കൈ ആവസിപ്പിച്ചു ഉച്ചത്തിൽ)

പിതാവിന്റെ നാമത്തിലും + (ആമ്മീൻ), പുത്രന്റെ നാമത്തിലും + (ആമ്മീൻ), ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ നാമത്തിലും + വിശുദ്ധ സഭയുടെ മക്കളുടെ സന്തോഷപൂർത്തിക്കായി ഈ മോതിരങ്ങൾ വാഴ്ത്തപ്പെട്ടിരിക്കുന്നു. ആമ്മീൻ.

(മണവാളനെ മോതിരം ധരിപ്പിക്കുമ്പോൾ)

നമ്മുടെ കർത്താവായ യേശുമശിഹായുടെ വലത്തുകൈ കരുണയോടെ നിങ്കലേക്കു നീട്ടപ്പെടുകയും, അതിൽനിന്നു നിന്റെ വിവാഹമോതിരത്തോടുകൂടെ കൃപയും തന്റെ കരുണയുടെ വാഴ്‌വും നീ പ്രാപിക്കയും ചെയ്യുമാറാകട്ടെ! നന്മകൾ നിറഞ്ഞിരിക്കുന്നതും വാഴ്‌വുകൾ കൊടുക്കുന്നതുമായ ഈ വലത്തുകൈ നിന്റെ ആയുഷ്കാലം മുഴുവനും നിന്റെ കൂടെയിരുന്നു നിന്നെ കാത്തുകൊള്ളുമാറാകട്ടേ!

(മണവാട്ടിയെ മോതിരം ധരിപ്പിക്കുമ്പോൾ)

നമ്മുടെ കർത്താവായ യേശുമിശിഹായുടെ വാഴ്‌വുകൾ നിറഞ്ഞ വലത്തുകൈ രഹസ്യമായി നിങ്കലേക്കു നീട്ടപ്പെടുകയും പരിശുദ്ധ ശ്ലീഹന്മാരുടെ കൈകളിൽ നിന്നെ

ന്നപോലെ വിശുദ്ധ പട്ടക്കാരുടെ കൈകളിൽനിന്നു നി ന്റെ വിവാഹമോതിരം നീ പ്രാപിക്കുകയും ചെയ്യുമാറാകട്ടെ! ആത്മശരീരങ്ങളുടെ സ്വസ്ഥതയാൽ ഹൃദയസന്തോഷത്തോടേ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും തന്നേയും തന്റെ പിതാവിനേയും തന്റെ പരിശുദ്ധ റൂഹായേയും നീ സ്തുതിക്കുമാറാകട്ടേ. ആമ്മീൻ.

(മണവാളനേയും മണവാട്ടിയേയും കുറിച്ചുള്ള പ്രാൎത്ഥന)

തന്റെ അഭിഷിക്തൻ മൂലം തന്റെ വിശുദ്ധ സഭയുടെ സന്തോഷങ്ങളെ പൂൎത്തിയാക്കിയ ദൈവമായ കൎത്താവു, തമ്മിൽ തമ്മിൽ വിവാഹനിശ്ചയം ചെയ്ത ഈ നമ്മുടെ മക്കളെ സത്യത്തിലും നീതിയിലും പൂൎത്തിപ്പെടുത്തട്ടേ! ഇവർ സ്വീകരിച്ച ഈ മോതിരങ്ങളോടുകൂടെ സ്വൎഗ്ഗീയവാഴ്വുകൾ താൻ ഇവൎക്കു നൽകട്ടേ! പരിപാകതകൊണ്ടു താൻ ഇവരെ അലങ്കരിക്കുകയും, അടക്കമൊതുക്കത്താൽ ഇവരെ ശ്രേഷ്ഠരാക്കുകയും ചെയ്യട്ടേ! ഇസഹാക്കിന്റേയും റബേക്കായുടേയും വിവാഹനിശ്ചയം പൊന്നാഭരണങ്ങളാൽ നിവൃത്തിച്ചപ്രകാരം നീതിയുടെ മോതിരങ്ങളാൽ താൻ ഇതിനെ നിവൃത്തിക്കട്ടേ! തന്റെ രക്ഷാപ്രവൃത്തിയാൽ മണവാളനെ താൻ സന്തോഷവാനാക്കുകയും പഴക്കവും നാശവുമില്ലാത്ത വസ്ത്രാഡംബരങ്ങളാൽ ഈ മണവാട്ടിയെ അലംകരിക്കുകയും ചെയ്യുമാറാകട്ടേ! ഇവരുടെ വസ്ത്രാലങ്കാരം പൊന്നാഭരണങ്ങൾകൊണ്ടുള്ള വസ്ത്രാലങ്കാരങ്ങളേക്കാൾ മേത്തരമായ നിഷ്കന്മഷതത്വത്തിന്റെ മുദ്രയാൽ ആയിത്തീരട്ടേ! വീണ്ടും, ദൈവം ഇവരുടെ യോജിപ്പും സഹകരണവും തന്റെ ആശ്വാസത്തിനും ന്യായമായ വിധത്തിലുള്ള സ്വഭാവഗുണസമൃദ്ധിക്കും ആയിത്തീ

രട്ടേ! താൻ ഇവരിൽനിന്ന എല്ലാ കളങ്കസ്നേഹത്തെയും അകററിക്കളെകയും ഇവർ അന്യോന്യം സ്നേഹിപ്പാനായി പ്രേമാഗ്നിയാൽ ഇവരുടെ വിചാരങ്ങളെ ജ്വലിപ്പിക്കയും ചെയ്യട്ടേ! അക്ഷയമായ സൌന്ദൎയ്യത്താൽ താൻ ഇവരെ മനോഹരരാക്കിത്തീൎക്കട്ടേ. പരിമളവാസനയുള്ള ശ്മശാന പുഷ്പങ്ങളേക്കാൾ വിശേഷപ്പെട്ട സൌരഭ്യത്തെ നൽകുന്ന പരിപാകതകൊണ്ടു ഇവരുടെ മനസ്സാക്ഷിയെ മുഴുവനും നിയന്ത്രിപ്പാൻ താൻ ഇവൎക്കു സംഗതിയാക്കട്ടേ! മനുഷ്യവൎഗ്ഗത്തെ ദ്വേഷിക്കുന്ന അസൂയക്കാരായ ദുഷ്ടമനുഷ്യരുടെ കൈകളിൽനിന്ന ദൈവം ഇവരെ രക്ഷിക്കട്ടേ. ഉത്തമ വിവാഹത്തിന്റെ നിഷ്കന്മഷാവസ്ഥയെ വഷളാക്കുന്ന ദുഷ്ടാത്മക്കളിൽനിന്ന താൻ ഇവരെ പാലിക്കുമാറാകട്ടേ. കൎത്താവു തന്റെ പക്കൽനിന്ന സൌഭാഗ്യകാലങ്ങളും ഐശ്വൎയ്യപ്രദങ്ങളായ സംവത്സരങ്ങളും ഇവൎക്കു നൽകുമാറാകട്ടേ. ദൈവമായ കൎത്താവേ, നിന്റെ പ്രാഭവത്തിന്റെ മുമ്പാകെ നില്ക്കുന്ന ബലഹീനന്മാരും പാപികളുമായ നിന്റെ അടിയാരാകുന്ന ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ. ഇവൎക്കു അനുഗ്രഹിക്കപ്പെട്ട മക്കളേയും സന്തോഷകാലങ്ങളേയും നൽകേണമേ. ഇവൎക്കു സദ്പ്രവൃത്തികളാകുന്ന സമ്പത്തുകൾ വൎദ്ധിപ്പിക്കേണമേ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തേണമേ. ഇവർ എന്നും ഈ വിശ്വാസത്തിൽതന്നെ ഇരിക്കയും, ഇവരുടെ മക്കളെ ഇതിനെ അവകാശിപ്പിക്കുകയും ചെയ്വാൻ സംഗതിയാക്കേണമേ. ഈ വിരുന്നിൽ ഒരുങ്ങിവന്നിട്ടുള്ളവരുടെ മേൽ നിന്റെ നന്മകളും വാഴ്വുകളും വൎദ്ധിപ്പിക്കേണമേ. ജയം നൽകുന്ന നിന്റെ സ്ലീബായാൽ ഇവൃ

മണവാളനേയും മണവാട്ടിയേയും കാക്കേണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഞങ്ങൾ എല്ലാവരുടെ മേലും നിന്റെ കരുണകളെ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും വർഷിപ്പിക്കേണമെ. ആമ്മീൻ.

—:*:—

ഹുത്തോമ്മോ പ്രാൎത്ഥന.

ദൈവത്താൽ നീതികരിക്കപ്പെട്ട ഈ സാക്ഷ്യത്തിൽ ഒരുങ്ങിവന്നവരായ വിശ്വാസികളേ, നിങ്ങളുടെ പ്രയത്നങ്ങൾക്കു മുപ്പതും അറുപതും നൂറും ഇരട്ടിയായ കൂലി ദൈവം നിങ്ങൾക്കു നൽകട്ടേ! നല്ലതായുള്ളവയെ എല്ലായ്പോഴും ദൈവം നിങ്ങൾക്കു പ്രതിഫലം ചെയ്യട്ടേ! നമ്മുടെ കൎത്താവിന്റെ സ്ലീബാ രാവും പകലും നിങ്ങളോടുകൂടെയിരുന്നു ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും നിങ്ങളെ കാത്തുകൊള്ളുമാറാകട്ടേ!

ഒരു കൌമാ ചൊല്ലണം.

——

രണ്ടാം ശുശ്രൂഷ.

——

കിരീടം വാഴ്വിന്റെ ക്രമം.

——

പ്രാരംഭപ്രാൎത്ഥന.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോ

കങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ:—ദൈവമായ കൎത്താവേ, അവസാനിക്കാത്ത വിരുന്നിന്നും നാശമില്ലാത്ത മണവറയ്ക്കും ഞങ്ങളെ യോഗ്യരാക്കേണമേ. ആ വിരുന്നിന്നു ക്ഷണിക്കപ്പെട്ട തോഴരോട്ടുകൂടെ നിന്റെ നിത്യ സന്തോഷങ്ങൾക്കു ഞങ്ങളെ ക്ഷണിക്കേണമേ. അവരോട്ടുകൂടെയും അവരുടെ ഇടയിലും ഞങ്ങൾ നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറ്റുമാറാകേണമേ. ആമ്മീൻ.

78911

—*—

൧൫-ാം മസുമൂറ ചൊല്ലണം.

## പ്രാൎത്ഥന.

കൎത്താവേ, അന്യോന്യം സംയോജിച്ചിരിക്കുന്ന ഈ അടിയാരെ നിന്റെ ദാനങ്ങളുടെ ഐശ്വൎയ്യത്താൽ ശ്രേഷ്ഠരാക്കേണമേ. നിന്റെ നൽവരങ്ങളാൽ ഇവരെ സന്തോഷിപ്പിക്കേണമേ. നിന്റെ ദിവ്യകല്പനകൾകൊണ്ടുണ്ടാകുന്ന ആനന്ദംകൊണ്ടു ഇവരെ നിറയ്ക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, സന്തോഷത്തോടും ആനന്ദത്തോടും കൂടി ഇവർ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിനക്കു സ്തുതിപാടുകയും നിന്റെ മുമ്പാകെ ആമോദിക്കുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

—*—

## പ്രമിയോൻ.

———

നാമെല്ലാവരും പ്രാൎത്ഥിച്ച........

ഉണ്ടായിരുന്നവനും, ഇപ്പോൾ ഉള്ളവനും, എന്നേക്കും നിലനില്ക്കുന്നവനും ആയ സ്വയംഭൂവും, സിംഹാസനത്തിന്റെ മേലായി മാലാഖമാരാൽ ആരാധിക്കപ്പെടുന്നവനായി ആദ്യന്തമില്ലാത്ത വചനവും, ബഹുലമായ തന്റെ കരുണകൾനിമിത്തം ഞങ്ങളെല്ലാവരുടേയും മേൽ അനുകമ്പതോന്നി ഞങ്ങളുടെ വൎഗ്ഗത്തെ തന്റെ അടുക്കലേക്ക തിരിച്ച മഹാത്മാവും, അത്യുന്നതനും, തന്നിൽനിന്ന അന്യമായിപ്പോയ ഞങ്ങളുടെ പ്രകൃതത്തെ തന്റെ സ്നേഹത്താൽ തന്നോട്ട സമീപിക്കുവാൻ യോഗ്യമാക്കിത്തീൎത്തവനും, എല്ലാവനും തന്റെ കാതൽതത്വത്തെ വന്ദിക്കാനല്ലാതെ ഏതു തത്വജ്ഞാനികളാലോ താൎക്കികന്മാരാലോ പരിശോധിക്കപ്പെടുവാൻ കഴിയാത്തവനും, അധികാരികൾക്കുള്ള കിരീടങ്ങളെ മുടയുന്നവനും, ആർ അഴിച്ചവ സകലവും അഴിയപ്പെട്ടതായും ബന്ധിച്ചവ സകലവും ബന്ധിതമായും ഇരിക്കുന്നുവോ ആയവനും, തന്റെ പ്രാഭവകീൎത്തിക്കായി മണവാളന്മാൎക്കും മണവാട്ടികൾക്കും സന്തോഷകിരീടങ്ങളെ കൊടുക്കുന്നവനും ആയ തനിക്കു സ്തുതി. തനിക്കു സ്തുതിയും ബഹുമാനവും തന്റെ അടിയാരുടെ കിരീടം വാഴ്വിന്റെ ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടുക്കൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

——*——

## ൧ സ ദ റ ാ.

സൎവ്വസ്വൎഗ്ഗീയസേനകളും ഭയത്തോടും വിറയലോടുംകൂടി ആരെ മഹത്വപ്പെടുത്തുന്നുവോ, അഗ്നിമയന്മാരുടെ ഗണങ്ങൾ അത്യുന്നതങ്ങളിൽ ആരുടെ മഹിമയിൽ വിറച്ചു ഇളകുന്നുവോ, ആ ദൈവമായ കൎത്താവേ, അവൎണ്ണനീയമായ നിന്റെ കരുണയുടേയും നിൎണ്ണയിക്കാവതല്ലാത്ത നിന്റെ ദയയുടേയും ധാരാളത്വത്താൽ ഞങ്ങളുടെ നിസ്സാരമായ സ്തോത്രങ്ങളിൽ നീ സന്തോഷിക്കുന്നു. എളിയവരും മൺമയരുമായ ഞങ്ങളുടെ ശുശ്രൂഷയിൽ നീ പ്രസാദിക്കുന്നു ഞങ്ങൾക്കു ആവശ്യമുള്ളതിനെ നിന്നോടു യാചിപ്പാനായി നീ ഞങ്ങളെ പ്രേരിപ്പിക്കുന്നു. കൊടുക്കുന്നതിനു നീ ധൃതിയുള്ളവനാകുന്നു. ശിക്ഷയ്ക്കു പാത്രവാന്മാരായവരോടു പ്രതികാരം ചെയ്യുന്നതിൽ നീ മൌനംപൂണ്ടു ദീൎഘമായി ക്ഷമിക്കുന്നു. എല്ലാ ദേശങ്ങളിലും സഞ്ചരിക്കുന്നവരും നിന്റെ പ്രാഭവത്തിന്റെ അധികാരത്തിൻകീഴിൽ വസിക്കുന്നവരും വിശേഷിച്ചു ഇവിടെ വന്നു നിന്റെ കരുണയുടെ തണലുകളിലും ദയയുടെ ചിറകുകളിലും അഭയം പ്രാപിക്കുന്നവരും ആയ നിന്റെ ദാസന്മാരെ നീ വാഴ്ത്തേണമേ † ഇവരുടെ സകല പ്രവൃത്തികളിലും ഇവർ ഉത്തമന്മാരായിത്തീരുവാൻ (തക്കവണ്ണം) ഇവരെ സുഖത്തോടെ രക്ഷിച്ചു സന്തോഷിപ്പിക്കേണമേ. നിന്റെ സത്യത്തിൽകൂടി ഇവർ യാത്ര ചെയ്വാനായിട്ടു നിന്റെ ന്യായപ്രമാണങ്ങളുടെ വഴിയിൽ ഇവരെ യഥായോഗ്യം നടത്തിക്കൊള്ളേണമേ. സ്വൎഗ്ഗരാജ്യത്തിലേക്കുള്ള നേരായ വഴിയിൽകൂടി ഓടുവാൻ ഇവൎക്കു ഇടയാകേണമേ.

ഇവര ആത്മീയവരങ്ങളിൽ സുഭിക്ഷിതരും ശരീരാത്മാക്കൾക്ക പ്രയോജനകരമായ ദിവ്യവ്യാപാരംചെയ്തു സമ്പാദിക്കുന്നവരും ആയിത്തീരേണമേ. കൎത്താവേ, നിത്യജീവനെ സ്നേഹിക്കുന്നവരും പാപമരണം ഉള്ളവരിൽനിന്നു അകന്നവരും ആകുവാൻ ഇവൎക്ക സംഗതിയാക്കേണമേ. നിന്റെ പരിശുദ്ധിയുടെ ഭാഗത്തേക്ക അടുപ്പാനും, ശപിക്കപ്പെട്ട സാത്താന്റെ ദാസ്യത്തിൽനിന്നു ഓടി ഒളിപ്പാനും, ഇവരുടെ ഹൃദയങ്ങളെ നീ ബന്ധിക്കേണമേ. നിന്റെ ആത്മീയ മുന്തിരിത്തോട്ടത്തിൽ പുണ്യവൃത്തികൾ ചെയ്യുന്നവരും, നിന്നോടുള്ള ഭക്തിവൈരാഗ്യത്തിലും നിന്റെ കല്പനകൾ അനുഷ്ഠിക്കുന്നതിലും താല്പൎയ്യമുള്ളവരും ആയിത്തീരുവാൻ ഞങ്ങൾക്കും ഇവൎക്കും ഇടയാകേണമേ. കൎത്താവേ, നിന്റെ പരിശുദ്ധന്മാരുടെ സംഘങ്ങൾക്ക തുല്യരും, അന്യോന്യം സ്നേഹിക്കുന്നവരും, ദുഷ്ടനെ വെറുക്കുന്നവരും, നിന്റെ ദൈവത്വത്തെ അനുസരിക്കുന്നവരും ആയി ആക്കിത്തീൎക്കേണമേ. കൎത്താവേ, ഞങ്ങളെ നിന്റെ പ്രാഭവത്തിന്റെ ആരാധകന്മാരും, നിന്റെ കൎത്തൃത്വത്തെ പ്രീതിപ്പെടുത്തുന്നവരും ആക്കേണമേ. ദൈവമായ കൎത്താവേ, വിശ്വാസികളായ ഞങ്ങളുടെ മരിച്ചവരെ ആശ്വസിപ്പിക്കേണമേ. നിന്റെ സ്വൎഗ്ഗരാജ്യത്തിൽ അവരെ സന്തോഷിപ്പിക്കേണമേ. എന്തുകൊണ്ടെന്നാൽ നീ ഉത്തമനും മനുഷ്യസ്നേഹമുള്ളവനും ആകുന്നു. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും ഞങ്ങൾ കരേറ്റുന്നു. ആമ്മീൻ.

——✱——

## എ ത്രാ.

കൊത്തിന്നൊ പട്ടണത്തിലേക്ക വിരുന്നിന്നായി ക്ഷണിക്കപ്പെട്ടകയും വെള്ളത്തെ നല്ല വീഞ്ഞാക്കി ഭേദപ്പെടുത്തുകയും ചെയ്ത സാക്ഷാൽ സത്യമണവാളനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ കൎത്താവേ, കൃപയുണ്ടായി ഈ ധൂപം നീ സ്വീകരിക്കുകയും, നിൻെറ പരിശുദ്ധ മദബഹാ മുമ്പാകെ തല കുനിച്ചിട്ടുള്ള നിൻെറ അടിയാരെ വാഴ്ത്തുകയും + ചെയ്യേണമേ. അനുഗ്രഹങ്ങളും മനോഗുണവും നിറഞ്ഞിരിക്കുന്ന നിൻെറ വലത്തുകൈ ഇവരുടെ മേൽ നിഴലിക്കേണമേ. നിൻെറ ആത്മീയ മണവറയിൽ ഇവരെ സന്തോഷിപ്പിക്കേണമേ. നിന്നെ സ്നേഹിക്കുകയും നിൻെറ കല്പനകളെ ആചരിക്കയും ചെയ്തിട്ടുള്ള വിശുദ്ധന്മാൎക്ക വാഗ്ദത്തം ചെയ്തിരിക്കുന്ന വിരുന്നിനു ഞങ്ങളേയും ഇവരേയും യോഗ്യരാക്കേണമേ. ഞങ്ങളും ഇവരും നിൻെറ വലത്തുഭാഗത്തുനിന്നു നിൻെറ കരുണയെ നോക്കിക്കാണുകയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും നിന്നേയും നിൻെറ പിതാവിനേയും നിൻെറ പരിശുദ്ധറൂഹായേയും സ്തുതിച്ച സ്തോത്രം ചെയ്യുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

പൌലോസ് ശ്ലീഹാ ധന്യൻചൊൽ.........

വായനക്കാരൻ:—പൌലോസ്സ്ശ്ലീഹാ എഫേസിയാക്കാൎക്ക എഴുതിയ ലേഖനത്തിൽനിന്നു—ആഹായ് ബാറെക്മോര.

എല്ലാവരും:—ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെ മേൽ എന്നേക്കും തൻെറ അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ.

എഫേ: ൫-ാം അദ്ധ്യായം ൨൦-ാം വാക്യംമുതൽ.

എന്റെ സഹോദരന്മാരേ, നമ്മുടെ കൎത്താവായ യേശുമശിഹായുടെ നാമത്തിൽ സകലക്കുംവേണ്ടി പിതാവായ ദൈവത്തെ എപ്പോഴും സ്തോത്രം ചെയ്വിൻ. മശിഹായുടെ സ്നേഹത്താൽ തമ്മിൽ തമ്മിൽ കീഴ്പ്പെടുന്നവർ ആയിരിപ്പിൻ. സ്ത്രീകളേ, നമ്മുടെ കൎത്താവിന്ന എന്നപോലെ നിങ്ങളുടെ ഭൎത്താക്കന്മാൎക്ക കീഴ്പ്പെട്ടിരിപ്പിൻ. എന്തുകൊണ്ടെന്നാൽ മശിഹാ സഭയുടെ തലയും ശരീരത്തെ ജീവിപ്പിക്കുന്നവനും ആകുന്നപ്രകാരം പുരുഷൻ സ്ത്രീയുടെ തലയാകുന്നു. സഭ മശിഹായ്ക്കു കീഴ്പ്പെടുന്നപ്രകാരം ഭാൎയ്യമാർ സകല കാൎയ്യങ്ങളിലും സ്വന്തം ഭൎത്താക്കന്മാൎക്ക കീഴ്പ്പെട്ടിരിക്കണം. പുരുഷന്മാരേ, നിങ്ങൾ നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. മശിഹായും തന്റെ സഭയെ സ്നേഹിക്കുകയും ജലസ്നാനത്താലും വചനത്താലും അതിനെ ശുദ്ധീകരിച്ചു വെടിപ്പാക്കി, മഹത്വമുള്ളതും, മാലിന്യമോ കറയോ ഇവയ്ക്കു സമമായ മറ്റു വല്ലതുമോ ഇല്ലാത്തതും വിശുദ്ധിയുള്ളതും കളങ്കമില്ലാത്തതും ആയ സഭയായിട്ടു അതിനെ ആക്കിത്തീൎപ്പാൻ തന്റെ പ്രാണനെ അതിന്നുവേണ്ടി വിനിയോഗിക്കുകയും ചെയ്തു. ഇപ്രകാരം ഭൎത്താക്കന്മാർ സ്വന്തശരീരങ്ങളെ എന്നപോലെ സ്വന്ത ഭാൎയ്യമാരെ സ്നേഹിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ സ്വന്ത ഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു. യാതൊരുവനും സ്വന്തശരീരത്തെ ഒരിക്കലും ദ്വേഷിക്കാറില്ലല്ലോ. പിന്നെയോ, മശിഹാ തന്റെ സഭയോടു ചെയ്തതുപോലെ അതിനെ പുലൎത്തുകയും അതിന്നുവേണ്ടി ഭാരപ്പെടുകയും ചെയ്യുന്നു.

നാം തന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലൊ. നാം തന്റെ മാംസത്തിൽനിന്നും അസ്ഥികളിൽ നിന്നും ഉള്ളവരാകുന്നു. ആയതുകൊണ്ടു പുരുഷൻ തന്റെ പിതാവിനേയും മാതാവിനേയും വിട്ടു സ്വന്തഭാൎയ്യയോടു ചേൎന്നിരിക്കും. ഇവർ ഇരുവരും ഒരു ജഡമായിത്തീരും. ഈ രഹസ്യം വലിയതാകുന്നു. ഞാൻ പറയുന്നതു മശിഹായേയും തന്റെ സഭയേയും സംബന്ധിച്ചാകുന്നു. എങ്കിലും നിങ്ങൾ ഓരോരുത്തനും തന്നെപ്പോലെ സ്വന്തഭാൎയ്യയെ സ്നേഹിക്കണം. എന്നാൽ ഭാൎയ്യ ഭൎത്താവിനെ ഭയപ്പെടുന്നവൾ ആയിരിക്കട്ടെ. മക്കളേ, നമ്മുടെ കൎത്താവിൽ നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിപ്പിൻ. എന്തുകൊണ്ടെന്നാൽ ഇതു നീതിയാകുന്നു. നിനക്കു ശുഭമായിരിപ്പാനും ഭൂമിയിൽ നീ ദീൎഘായുസ്സോടുകൂടിയിരിപ്പാനും നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക, എന്നുള്ളതു വാഗ്ദത്തം ചെയ്യപ്പെട്ട ആദ്യകല്പനയാകുന്നു.

ആഹായ്ബാറെക്മോർ.

—*—

ഏവൻഗേലിയോൻ.

മത്തായി ൧൯—൧ മുതൽ.

യേശുതമ്പുരാൻ ഈ വചനങ്ങളെ പറഞ്ഞു കഴിഞ്ഞശേഷം ഗലീലായിൽനിന്നു യാത്രപുറപ്പെട്ടു യോർദാന്റെ അക്കരെ യീഹൂദിന്റെ അതൃത്തിയിൽ എത്തി. വളരെ പുരുഷാരം തന്റെ പിന്നാലെ ചെന്നു. അവിടെവെച്ചു താൻ അവരെ സുഖപ്പെടുത്തി. അനന്തരം പ്രീശേന്മാർ സമീപിച്ചു തന്നെ പരീക്ഷിച്ചുകൊണ്ടു, ഏതൊരു കാരണത്താൽ എങ്കിലും ഒരുത്തനു തന്റെ ഭാൎയ്യയെ ഉ

പേക്ഷിക്കുവാൻ ന്യായമുണ്ടോ എന്ന ചോദിച്ചു. അപ്പോ ൾ താൻ അവരോട ഉത്തരമായിട്ട ഇങ്ങിനെ പറഞ്ഞു: സൃഷ്ടിച്ചവൻ ആദിയിൽ പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു എന്നും, അതുകൊണ്ട പുരുഷൻ തന്റെ പിതാ വിനേയും മാതാവിനേയും വിട്ട തന്റെ ഭാൎയ്യയോട ചേ ൎന്നിരിക്കയും അവർ ഇരുവരും ഒരു ശരീരമായിത്തീരുക യും ചെയ്യുമെന്ന അവൻ കല്പിച്ചു എന്നും നിങ്ങൾ വായി ച്ചിട്ടില്ലയോ എന്ന പറഞ്ഞു. ആകയാൽ അവർ രണ്ട ല്ല ഒരു ശരീരമാകുന്നു. അതുകൊണ്ട ദൈവം സംയോജി പ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു. അവർ തന്നോ ട, അങ്ങിനെയെങ്കിൽ ഉപേക്ഷണച്ചീട്ടകൊടുത്തു അവ ളെ പിരിച്ചുവിടുവാൻ മൂശ കല്പിച്ചതു എന്തുകൊണ്ട എ ന്ന ചോദിച്ചു. താൻ അവരോട പറഞ്ഞു: മൂശ നിങ്ങളു ടെ ഹൃദയകാഠിന്യംനിമിത്തം നിങ്ങളുടെ ഭാൎയ്യമാരെ പിരി ച്ചുവിടുവാൻ നിങ്ങളെ അനുവദിച്ചു. എന്നാൽ ആദിയിൽ അങ്ങിനെ അല്ലായിരുന്നു. അതിനാൽ ഞാൻ നിങ്ങളോട്ട പറയുന്നു: ആരെങ്കിലും വ്യഭിചാരക്കുററംകൊണ്ടല്ലാതെ തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചു മററാരുത്തിയെ പരിഗ്ര ഹിച്ചാൽ അവനും, ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹി ച്ചാൽ അവനും വ്യഭിചാരം ചെയ്യുന്നു. തന്റെ ശിഷ്യന്മാർ തന്നോട്ട, ഭൎത്താവും ഭാൎയ്യയും തമ്മിൽ ഇപ്രകാരം വല്ല കു ററവും ഉണ്ടെങ്കിൽ വിവാഹം ചെയ്യുന്നതു ന്യായമാണോ എന്ന ചോദിച്ചു. എന്നാറെ താൻ അവരോട പറഞ്ഞു: വരം ലഭിച്ചവൻ അല്ലാതെ എല്ലാവനും ഈ വചനം ഗ്ര ഹിക്കുന്നില്ല. സ്വന്തമാതാവിന്റെ ഉദരത്തിൽ നിന്നുത ന്നെ ഷണ്ഡന്മാരായി ജനിച്ചവരുണ്ട. മനുഷ്യരാൽ ഷണ്ഡ

ന്മാരാക്കപ്പെട്ട ഷണ്ഡന്മാരുമുണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം സ്വയമേവ ഷണ്ഡന്മാരാക്കിത്തീർത്തിട്ടുള്ള ഷണ്ഡന്മാരും ഉണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടേ.

—— * ——

(പട്ടക്കാരൻ കിരീടങ്ങൾമേൽ കൈ ആവസിപ്പിച്ചുകൊണ്ട്)

ഈ കിരീടങ്ങളും ഇവ വെയ്ക്കപ്പെടുന്ന തലകളും പിതാവിന്റെ നാമത്തിലും + (ആമ്മീൻ), പുത്രന്റെ നാമത്തിലും + (ആമ്മീൻ), പരിശുദ്ധ റൂഹായുടെ നാമത്തിലും + എന്നന്നേക്കും വാഴ്ത്തി പൂർത്തിയാക്കപ്പെടുന്നു, ആമ്മീൻ.

—— * ——

(മണവാളന്റെ തലയിൽ കിരീടം വെച്ചുകൊണ്ട് പട്ടക്കാരൻ ചൊല്ലുന്നതു:)

കർത്താവു സാക്ഷാലുള്ള കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടേ! ക്ഷയിച്ചുപോകാത്ത അലങ്കാരത്താൽ നിന്നെ അലങ്കരിപ്പിക്കട്ടേ! ശത്രുവിന്റെ സർവ്വശക്തിയോടും മടുത്തുപോകാത്ത ആയുധം താൻ നിന്നെ ധരിപ്പിക്കട്ടേ! ആമ്മീൻ.

(മണവാട്ടിയുടെ തലയിൽ കിരീടം വെച്ചുകൊണ്ട് പട്ടക്കാരൻ ചൊല്ലുന്നതു:)

കർത്താവു സാക്ഷാലുള്ള കിരീടത്താലും ക്ഷയിച്ചുപോകാത്ത അലങ്കാരവിശേഷങ്ങളാലും നിന്നെ കിരീടം ധരിപ്പിക്കട്ടേ! നിന്റെ ആയുഷ്ക്കാലം മുഴുവനും നീ സന്തോഷിക്കയും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി കരേററുകയും ചെയ്യുമാറാകട്ടേ ആമ്മീൻ.

—— :*: ——

മണവാളനേയും മണവാട്ടിയേയും പററിയുള്ള

പ്രാൎത്ഥന.

മനുഷ്യരുടെ ജീവദശയിൽ പ്രീതിയുള്ളവനായ കൎത്താവു നിങ്ങളുടെ ജീവിതത്തിൽ പ്രീതിപ്പെടുകയും നിങ്ങളുടെ സംബന്ധത്തെ വാഴ്ത്തുകയും ചെയ്യട്ടേ!! സ്വൎഗ്ഗീയ മണവാളനായ മശിഹാ സത്യമുള്ള ദാമ്പത്യത്താൽ നിങ്ങളുടെ ദാമ്പത്യത്തെ മുദ്ര കുത്തുമാറാകട്ടേ! മശിഹാ തൻെറ സഭയിൽ സന്തോഷിച്ചപ്രകാരം നിങ്ങളും തമ്മിൽ തമ്മിൽ സന്തോഷിക്കുമാറാകട്ടേ! അനുഗ്രഹങ്ങളുടെ വലങ്കൈ വന്നു നിങ്ങളുടെ മേൽ ആവസിക്കയും സകല ഉപദ്രവങ്ങളിൽനിന്നും നിങ്ങളെ കാക്കുകയും ചെയ്യട്ടേ! സമാധാനത്തിൻെറ മാലാഖാ നിങ്ങളോടുകൂടെയിരുന്നു ആകസ്മീക്കരുസായുടെ ദുൎമ്മാൎഗ്ഗത്തിൽനിന്നു നിങ്ങളെ കാത്തുകൊള്ളുമാറാകട്ടേ! മരണത്തിന്നിടവരുത്തുന്ന അസൂയയിൽനിന്നു ദൈവം നിങ്ങളെ വീണ്ടുകൊള്ളുകയും, നിങ്ങളെ അന്യോന്യം യോജിപ്പിക്കയും, നിങ്ങളിൽനിന്നു ദുഃഖങ്ങളെ നീക്കുകയും ചെയ്യട്ടേ! അബ്രഹാം ഇസഹാക്കിലും, ഇസഹാക്ക യാക്കോബിലും, യാക്കോബ് യൌസേഫിലും സന്തോഷിച്ചപ്രകാരം നിങ്ങളും സന്തോഷിപ്പാനായിട്ടു സ്വൎഗ്ഗികളായ സന്താനങ്ങളെ കൎത്താവു നിങ്ങൾക്കു നൽകട്ടേ! നോഹിനേയും അവൻെറ മക്കളേയും അനുഗ്രഹിച്ചു "നിങ്ങൾ വൎദ്ധിച്ചുപെരുകി ഭൂമി നിറവീൻ" എന്നു ദൈവത്താൽ അരുളപ്പെട്ടതായ അതേ വാഴ്വു നിങ്ങളുടെ മേൽ വസിക്കട്ടേ! അബ്രഹാമും ഇസഹാക്കും യാക്കോബും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതായ അതേ അനുഗ്രഹം നിങ്ങളുടെ മേൽ വസിക്കട്ടേ! ദൈവം ആകാശത്തിൽനി

ന്ന പനിമഞ്ഞും ഭ്രമി പുറപ്പെടുവിക്കുന്ന സവ്വ സൽഫല ങ്ങളും നിങ്ങാംക്കു ദാനം ചെയ്യട്ടേ! യാക്കോബു അവൻെറ പുത്രനായ യൌസേഫിനെ അനുഗ്രഹിച്ചു, "നിൻെറ പിതാവിൻെറ ദൈവം നിന്നെ സഹായിക്കും" എന്നു പ റഞ്ഞു; അതേ വാഴ്വു നിങ്ങളുടെ മേൽ വസിക്കട്ടേ! ദൈ വത്തെ സ്നേഹിക്കയും തൻെറ തിരുവിഷ്ടത്തെ പ്രസാദി പ്പിക്കുകയും ചെയ്തിട്ടുള്ളവരുടെ അനുഗ്രഹം നിങ്ങളുടെ മേ ലും ഇന്നു പട്ടക്കാരുടെ കൈകളാൽ നിങ്ങളുടെ ശിരസ്സുക ളിൽ വെക്കപ്പെട്ടിരിക്കുന്ന കിരീടങ്ങളിന്മേലും വസിക്കട്ടേ! കത്താവിൻെറ നാമം നിങ്ങളുടെ മേൽ വിളിക്കപ്പെട്ടതി നാൽ എല്ലാ മനുഷ്യവഗ്ഗങ്ങളും സന്തോഷിച്ചു സ്തുതിക്കട്ടേ! ദൈവം ഐശ്വൎയ്യങ്ങാംകൊണ്ടും സകല ഭാഗ്യങ്ങാംകൊ ണ്ടും നിങ്ങളെ ഐശ്വൎയ്യപ്പെടുത്തുകയും, ആ പാപിയായ സ്ത്രീയോടു മോചിച്ചപ്രകാരം നിങ്ങളുടെ കടങ്ങളും പാപ ങ്ങളും മോചിക്കയും ചെയ്യട്ടേ! വലത്തുഭാഗത്തെ കള്ളനെ പ്പോലെ സ്വൎഗ്ഗരാജ്യത്തിൽ നിങ്ങാം അവകാശികളായി ത്തീരട്ടേ! നാമെല്ലാവരുടേയും മരിച്ചവർ പുണ്യപ്പെട്ടമാ റാകട്ടേ! മിസ്രേമിൽനിന്നു താൻ മൂലം പുറപ്പെട്ട മന്നവാ ട്ടിയോടു ഉടമ്പടിചെയ്യാനായിട്ടു സീനായിപൎവ്വതത്തിന്മേ ൽ ഇറങ്ങിയ അത്യുന്നതൻ നിങ്ങളേയും നമ്മുടെ എല്ലാ സംഘത്തേയും വാഴ്ത്തുമാറാകട്ടേ! നാം ഇപ്പോഴും എല്ലാ പ്പോഴും എന്നേക്കും സ്തുതി കരേററണം. ആമ്മീൻ.

——:*:——

## ഹൂത്തോമ്മോ.

എൻെറ പ്രിയപ്പെട്ട സഹോദരന്മാരേ നാം എല്ലാ വരും ദൈവഭവനത്തിൽ നില്ക്കുമ്പോാം വിശ്വാസികളെ

സൂക്ഷിക്കപ്പെട്ടുവരേണ്ടതായി, നമ്മുടെ വിശുദ്ധ പിതാക്കന്മാരിൽനിന്നു നാം കൈക്കൊണ്ടിട്ടുള്ളതും നമ്മുടെ ബഹുമാനപ്പെട്ട പൂർവ്വികന്മാരിൽനിന്നു നമുക്കു ഏല്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കടമയുണ്ടു. ആയതു, നമ്മുടെ മുമ്പാകെ നിൽക്കുന്നവർ സത്യത്തിലും നീതിയിലും സൽപ്രവൃത്തികളിലും താല്പര്യമുള്ളവരും നല്ല കാര്യങ്ങളെക്കുറിച്ചു സൂക്ഷ്മതയുള്ളവരും ആകുവാനായി അവരോടു വീണ്ടും ഉറപ്പായി നാം കല്പിക്കേണമെന്നുള്ളതാകുന്നു. ഇപ്പോൾ നമ്മുടെ മക്കളേ, നിങ്ങൾ നില്ക്കുന്നതു ദൈവത്തിൻെറ മുമ്പാകെയും, നമ്മുടെ കർത്താവായ യേശുമശിഹായുടെ സിംഹാസനമാകുന്ന ജീവൻെറ മേശയുടെ മുമ്പാകെയും, സ്ലീബായുടേയും വെടിപ്പുള്ള ഏവൻഗേലിയോൻേറയും ഈ സംഘത്തിൻേറയും മുമ്പാകേയും ആകുന്നു എന്നു പ്രത്യേകം ഓർമ്മിപ്പിൻ. നിങ്ങൾ നില്ക്കുന്നതു ഹൃദയവിചാരങ്ങൾ അറിയുന്നവൻെറ മുമ്പാകെയാകുന്നു; അറിയാത്തവൻെറ മുമ്പാകെയല്ല. ഇതാ ഇപ്പോൾമുതൽ നിങ്ങളെ തമ്മിൽ തമ്മിൽ ഞങ്ങൾ ഭരമേല്പിക്കുന്നു. (അന്യോന്യം കൈപിടിപ്പിക്കുന്നു). ദൈവം എനിക്കും നിങ്ങൾക്കും ഇടയിൽ മദ്ധ്യസ്ഥൻ ആയിരിക്കട്ടെ! വേദപ്രമാണത്തെ ലംഘിച്ചു നിങ്ങൾ ചെയ്യുന്ന സകലത്തിൽനിന്നും ഞാൻ കുററം ഒഴിഞ്ഞവൻ ആയിരിക്കും. ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും പട്ടക്കാരുടേയും ശെമ്മാശ്ശന്മാരുടേയും മേലും, വിശ്വാസികളായ ജനങ്ങളുടെമേലും, മണവാളൻേറയും മണവാട്ടിയുടേയും മേലും, ക്ഷണിക്കപ്പെട്ടവരുടേയും ക്ഷണിച്ചവരുടേയും മേലും വന്നാവസിച്ചു ഒഴുകുമാറാകട്ടെ! നമ്മുടെ കർത്താവായ യേശുമശിഹായുടെ വലത്തുകൈ എല്ലായ്പോഴും ഇവരുടെ മേൽ എന്നുമെന്നേക്കും

വസിക്കട്ടേ! ആയതു അനുഗ്രഹിക്കപ്പെട്ട മാതാവും വിശു ദ്ധകന്യകയും ദൈവജനനിയും ആയ മത്തമറിയാമിൻേറ യും നമ്മുടെ കത്താവിനെ സ്നേഹിച്ചു തൻെറ കല്പനകളെ ആചരിച്ചിട്ടുള്ള സകല പരിശുദ്ധന്മാരുടേയും പ്രാത്ഥന കളാൽതന്നെ. ആമ്മീൻ.

വീണ്ടും, വിശ്വാസികളെ, ഈ കല്പന നിങ്ങൾക്ക എല്ലാവക്കും ആകുന്നു എന്നു അറിഞ്ഞുകൊൾവിൻ. നി ങ്ങളിൽ ഓരോരുത്തനും അവനവൻെറ ഭാൎയ്യയോടുള്ള സം ബന്ധം ഏതുവിധം ആയിരിക്കണമെന്നു തന്നത്താൻ ഗ്ര ഹിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ അവൾ അവളു ടെ ചാൎച്ചക്കാരെ ഉപേക്ഷിച്ചു അവളുടെ ഭത്താവിനോടു യോജിച്ചിരിക്കുന്നു. അതിനാൽ അവൻ അവളെ പ്രസാ ദിപ്പിച്ച് അവളോടു ദയവായിരിക്കണം. അവൻ നഗ്ന നായിരുന്നാലും അവളെ ധരിപ്പിക്കണം. അവനെപ്പോ ലെതന്നെ അവൾ അവനോടും വത്തിക്കേണ്ടിയിരിക്കു ന്നു. അവൻ വിശന്നാലും അവളെ ഭക്ഷിപ്പിക്കണം. അ വൻ ദാഹിച്ചാലും അവൻ അവളെ കുടിപ്പിക്കണം. അ വളും ന്യായമായ പ്രകാരം അവനെ പരിചരിപ്പാൻ കട പ്പെട്ടിരിക്കുന്നു. സകലത്തിലും സ്നേഹത്തോടും പ്രേമത്തോ ടും അവനോടുകൂടെ അവൾ ആയിരിക്കണം. നമ്മുടെ ക ത്താവായ യേശുമിശിഹായുടെ കൃപ ഞങ്ങളുടെ മേലും നിങ്ങളുടെ മേലും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആ മ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.........

വിശ്വാസപ്രമാണം: "സൎവ്വശക്തിയുള്ള പിതാവായി ..........."

—*—

[ഹൂത്തോദമ്മാ]

പട്ടക്കാരൻ:— പിശാചുകൾക്കു ഭീതികരവും, മാലാഖമാൎക്കു ബഹുമാനജന്യവും, സത്യവിശ്വാസികൾക്കു ബലവത്തായ കോട്ടയും ആയ ദൈവപുത്രന്റെ വന്ദ്യസ്ലീബാ രാത്രിയിലും പകലിലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ വിനാഴികകളിലും നമ്മോടുകൂടെയും നമ്മുടെ ഇടയിലും ഇരുന്നു നമ്മെ കാത്തുകൊള്ളുകയും മറച്ചുകൊള്ളുകയും ചെയ്യുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കഠിനകോപത്തിൽനിന്നും പിശാചുകളുടേയും അവിശ്വാസികളുടേയും അസൂയയിൽനിന്നും ഉപദ്രവികളായ അധികൃതന്മാരിൽനിന്നും ദയയില്ലാത്ത യജമാനന്മാരുടെ പിടിയിൽനിന്നും രഹസ്യശത്രുക്കളിൽനിന്നും പരസ്യശത്രുക്കളിൽനിന്നും ബലം ചെയ്യുന്ന കയ്യിൽനിന്നും അന്യമായ കാലിൽനിന്നും സാത്താന്റെ കണികളിൽനിന്നും ആത്മാവിനേയും ശരീരത്തേയും നശിപ്പിക്കുന്ന ദുഷ്ടവികാരങ്ങളിൽനിന്നും പാപത്തിന്റെ സകല ശക്തിയിൽനിന്നും നാം ഒഴിഞ്ഞു രക്ഷപ്പെട്ടു വീണ്ടുകൊള്ളപ്പെട്ടുമാറാകട്ടെ. ആയതു കരുണയുള്ള മാതാവും വിജയവിഭൂഷിതയും രണ്ടാമത്തെ ആകാശവും സത്യക്രിസ്ത്യാനികൾക്കു പൂജനീയയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയായി ദൈവമാതാവായിരിക്കുന്ന മറിയാമ്മിന്റെ പ്രാൎത്ഥനകളാലും അപേക്ഷകളാലും തന്നെ. ബാറെക്മോർ.

ജയിപ്പിക്കുന്നതും രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ വലിയ ശക്തിയാലും, നിബ്യന്മാരുടേയും ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും മൌദ്യാനന്മാരു

ടേയും നീതിമാന്മാരുടേയും ആചാൎയ്യന്മാരുടേയും വിശുദ്ധ പിതാക്കന്മാരുടേയും സത്യമുള്ള ഇടയന്മാരുടേയും സത്യ വിശ്വാസികളായ മല്പാന്മാരുടേയും പ്രാൎത്ഥനകളാലും, വിശുദ്ധ സഭയിലെ മല്പാന്മാരായ മാർ അപ്രേമിന്റേയും മാർ യാക്കോബിന്റേയും മാർ ഇസഹാക്കിന്റേയും മാർ ബാലായിയുടേയും പ്രാൎത്ഥനകളാലും, മാർ തോമ്മാശ്ലീഹായുടേയും മാർ ഗീവറുഗീസ് സഹദായുടേയും മാർ ബഹനാന്റേയും അവന്റെ സഹോദരിയായ സാറായുടേയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടേയും പ്രാൎത്ഥനകളാലും, മാർ യോഹന്നാൻ മാംദാനായുടേയും മാർ സ്തേപ്പാനോസ് ശെമ്മാശ്ശന്റേയും പ്രാൎത്ഥനകളാലും, നമ്മുടെ കൎത്താവിനെ സ്നേഹിച്ചു തന്റെ കല്പനകളെ ആചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റേയും പ്രാൎത്ഥനകളാലും, ഞങ്ങളോടുകൂടെ (ഈ പ്രാൎത്ഥനയെ) യഥായോഗ്യം നിവൎത്തിച്ചിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും പ്രധാനന്മാരുമായുള്ളോരേ, ഇന്നു ഞങ്ങൾക്കും നിങ്ങൾക്കും അദ്ധ്യക്ഷനായിരിക്കുന്ന ഭാഗ്യവാനായ ആബൂൻ മോറാൻ മാർ ഇഗ്നാത്യോസിന്റേയും മാർ ഗ്രീഗോറിയോസിന്റേയും നമ്മുടെ മേൽപ്പട്ടക്കാരൻ മാർ (ഇന്നാരുടേയും) പ്രാൎത്ഥനകളാലും നാം എന്നേക്കും കാത്തുകൊള്ളപ്പെടുകയും വീണ്ടുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടേ. ബാറെക്മോർ.

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കൎത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ഈ ആത്മീയമായ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ചിട്ടുള്ളവരായ എല്ലാവരേയും ദൈവം അനുഗ്രഹി

ച്ച പുണ്യപ്പെട്ടവരുമാറാകട്ടേ! ദൈവമായ കർത്താവു അവരേയും വിശ്വാസികളായ അവരുടെ മരിച്ചുപോയവരേയും പുണ്യപ്പെട്ടവരുമാറാകട്ടേ. പിതാവും പുത്രനും വിശുദ്ധറൂഹായും ആയുള്ളോവേ, ബലഹീനതയുള്ളവയും കുറവുമുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകളെ നിന്റെ ഉന്നതസിംഹാസനത്തിൻമുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയും ആക്കിത്തീർക്കേണമേ. ഹോശെ വബ്ക്കുൽ സ്ബാൻ ല്ഒൽമീൻ.

---

# വിവാഹനിശ്ചയം.

---

## പ്രാർത്ഥന.

---

പരിശുദ്ധസഭയെ വേൾക്കുവാൻ നിശ്ചയിച്ച സാക്ഷാൽ മണവാളനായ ഞങ്ങളുടെ മശിഹാതമ്പുരാനേ, അനവരതമായ വാഴ്വും അജയ്യമായ സഹായവും പരിശുദ്ധ പൂർണ്ണമായ ഐക്യവും ദൈവഭയത്തിൽ പരിപൂർത്തിയും ഞങ്ങൾ മുഖാന്തരം യാചിക്കുന്ന നിന്റെ ആരാധകന്മാരുടെ ഈ വിവാഹനിശ്ചയത്തെ നിന്റെ കൃപയാൽ + വാഴ്ത്തേണമേ. കർത്താവേ, നിന്റെ മനുഷ്യസ്നേഹത്താൽ ഇവരെ + അനുഗ്രഹിക്കേണമേ. ഇവർ കിരീടം ധരിച്ച അന്യോന്യം സന്തോഷിപ്പാനും തിരുവിഷ്ടം പ്രവൃത്തിക്കുന്ന മക്കളെ ഉല്പാദിപ്പിക്കുവാനും ഇവൎക്കു സുവർണ്ണകാലങ്ങളെ നല്കേണമേ. കാണപ്പെടാത്ത നിന്റെ വല

ത്തുകൈ ഇവരുടെ മേൽ ആവസിപ്പിക്കേണമേ. നിൻെറ സ്ലീബായാൽ ഇവരെ കാക്കേണമേ. ഉപദ്രവങ്ങളിൽനിന്നു ഇവരെ വീണ്ടുകൊള്ളേണമേ. ഇവരുടെ ആയുഷ്കാലം മുഴുവനും ഇവർ നിനക്കും നിൻെറ പിതാവിന്നും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ആമ്മീൻ.

മണവാളൻെറയും മണവാട്ടിയുടേയും

## വസ്ത്രധാരണം.

—:*:—

### പ്രാത്ഥന.

[ആദ്യമായി "നിന്നാൽ സ്തുതിയോടു രാജമകൾ" മുതൽ "മാറാനീശോ കരിശ്ശുംനിൻ..."വരെ ചൊല്ലുക. അനന്തരം പട്ടക്കാരൻ വസ്ത്രങ്ങളെക്കുറിച്ചുള്ള ഈ പ്രാത്ഥന ചൊല്ലി വസ്ത്രം ധരിപ്പിക്കയും അര കെട്ടിക്കയും ചെയ്യണം.]

### പ്രാത്ഥന.

ദൈവമായ കത്താവേ, ആകാശത്തെ തേജോഗോളങ്ങളാൽ നീ അലങ്കരിച്ചു. ആകാശമണ്ഡലത്തെ നക്ഷത്രഗോളങ്ങളാൽ നീ പ്രശോഭിപ്പിച്ചു. ഭൂമിയിൽ നീ മുളപ്പിക്കുന്ന പുഷ്പങ്ങളാലും കായ്കനികളാലും അതിന്നു ഭംഗിയും പുഷ്ടിയും നീ അണിയിക്കുന്നു. ശ്ലേമ്മോൻരാജാവിനെ ജ്ഞാനംകൊണ്ടു നീ വിശിഷ്ടനാക്കി. ദാമ്പത്യകിരീടം അവന്നു നീ മുടഞ്ഞുണ്ടാക്കി. പിശാചുക്കൾ ഭയപ്പെട്ടു

ഞെട്ടി വീഴുകയും നിർമ്മൂലം നശിക്കയും ചെയ്യാനായിട്ടു ജയായുധത്തിന്റെ അടയാളമായി അവരുടെ നേരെ പൊക്കി കാണിപ്പാൻ നീ അവനു മോതിരത്തെ അയച്ചു കൊടുത്തു; സകല സൃഷ്ടികളേയും അവനു നീ കീഴ്പ്പെടുത്തിക്കൊടുത്തു. ദൈവമായ കർത്താവേ, ഇപ്പോൾ ഈ വസ്ത്രോപകരണങ്ങളേയും കിരീടങ്ങളേയും നീ വാഴ്ത്തി + അനുഗ്രഹിക്കേണമേ. ഇവയെ ധരിക്കുന്നവരുടെ ആയുഷ്കാലം മുഴുവനും ആനന്ദകരമായിത്തീരേണമേ. സന്തോഷങ്ങളുടേയും ആനന്ദങ്ങളുടേയും കാലങ്ങളും ഫലസമൃദ്ധിയുള്ള സംവത്സരങ്ങളും ഇവൎക്കുണ്ടാകേണമേ. ദൃഷ്ടാന്തത്തിന്റെ കിരീടങ്ങളാലും നീതിയുടെ പ്രവൃത്തികളാലും ഇവർ ഇവരുടെ മക്കളെ കിരീടം ധരിപ്പിക്കുവാനും, മക്കൾക്കു അവരുടെ മക്കളെ കാണ്മാനും നീ സംഗതിയാക്കേണമേ. കർത്താവേ, നിന്റെ വലത്തുകൈ ഇവരുടെ മേൽ ആവസിപ്പിച്ചു ഈ വസ്ത്രങ്ങളേയും ഇവയെ ധരിക്കുന്നവരേയും + വാഴ്ത്തേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ, ഞങ്ങൾ എല്ലാവരുടേയും വായിൽ നിന്നു ഒരുമിച്ചു നിന്റെ കർത്തൃത്വത്തിനു സ്തുതിയും സ്തോത്രവും ഞങ്ങൾ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറ്റുമാറാകേണമേ. ആമ്മീൻ.

---

# പുനർവിവാഹം.

—:*:—

## ഒന്നാം ശുശ്രൂഷ.

ഒ൧-ാം മസുമൂർ ചൊല്ലണം.

പ്രുമിയോൻ.

നാമെല്ലാവരും പ്രാൎത്ഥിച്ചു.....

ദൈവങ്ങളുടെ ദൈവവും, കൎത്താധികൎത്താവും, അദൃശ്യവാനും, മറയപ്പെട്ട ദൈവവും, ആരുടെ ദിവ്യത്വം സകലത്തിന്നും മേലായി ഉന്നതപ്പെട്ടിരിക്കയും, ആരുടെ കൎത്തൃത്വം സകലത്തിലും ഉപരിയായി മഹത്വപ്പെട്ടിരിക്കയും ചെയ്യുന്നുവോ ആ ജീവനുള്ളതും ദഹിപ്പിക്കുന്നതും ആയ അഗ്നിയും, സ്വൎഗ്ഗത്തെ സിംഹാസനവും ഭൂമിയെ പാദപീഠവും ആക്കിയിരിക്കുന്നവനായി ഉന്നതനായ രാജാധിരാജാവും, പ്രകാശസ്ഥലങ്ങളിൽ അധിവസിക്കുന്ന അത്യുന്നതനും, മഹോന്നതനും; ആകാശങ്ങളുടെ ആകാശങ്ങളെ ആലയമാക്കിയിരിക്കുന്ന ഉന്നതനും, മറയപ്പെട്ടവനും ആകുന്ന തനിക്കു സ്തുതി. തനിക്കു സ്തുതിയും ബഹുമാനവും ഈ സമയത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

——

സെദറാ.

നിരപ്പിൻേറയും, സ്നേഹത്തിൻേറയും, ദൈവീക യോഗ്യതയോടുകൂടിയ സകല സുകൃതത്തിൻേറയും, വിശുദ്ധിയിൻ യോഗ്യതയുടേയും നിയന്താവും, സൎവ്വ ശ്രേഷ്ഠദാനങ്ങളേയും വിഭജിച്ചുകൊടുക്കുന്നവനും ആകുന്ന മഹാത്മാവായ ദൈവമേ. നീ മാത്രം ദയാലുവും കരുണകൾ വളരെയുള്ളവനും ആകയാൽ ദൈവീകവും ജീവൻ നൽകുന്നവയും ആയ ദാനങ്ങൾ നിത്യവും വിതരണംചെയ്വാൻ നീ ആഗ്രഹിക്കുന്നു. കൎത്താവേ, ഞങ്ങളുടെ പ്രവൃത്തിയേയും, ഏവയാൽ ഞങ്ങൾ നിന്നെ കോപിപ്പിച്ചുവോ ഞങ്ങളുടെ ആവക കുററങ്ങളേയും നീ സൂക്ഷിച്ചുനോക്കരുതേ. ജീവനുള്ള ദൈവമേ, നിന്നിൽ ശരണംപ്രാപിച്ചവരായ നിൻെറ അടിയാരിൽനിന്നു നിൻെറ മുഖം തിരിച്ചുകളയരുതേ. എന്നാലോ കൎത്താവേ, അനശ്വരമായ നിൻെറ വാഴ്വുകളും, ഐശ്വൎയ്യപ്രദവും സുസ്ഥിരവുമായ നിൻെറ വരങ്ങളുടെ ദാനങ്ങളും സൽപ്രവൃത്തി ചെയ്യുവാനുള്ള മനസ്സും ഞങ്ങൾക്കു നൽകേണമേ. വീണ്ടും, നിന്നിൽനിന്നുള്ള കരുണകളേയും നിൻെറ സ്നേഹിതനായ അബ്രഹാമിനോടുള്ള നിൻെറ ഉടമ്പടിയേയും വാഗ്ദത്തത്തേയും നിൻെറ ദാസനായ യാക്കോബിൻെറ ഭവനത്തോടുള്ള നിൻെറ ഉഭയസമ്മതത്തേയും ഓൎക്കേണമേ. അന്യോന്യം ചേരുവാൻ മനസ്സായിത്തീൎന്ന ഇവരുടെ മേൽ നിനക്കു സുപ്രസാദം തോന്നേണമേ. അനുഗ്രഹങ്ങളും സന്തോഷവും കൊണ്ടു ഇവരെ നിറയ്ക്കേണമേ. എല്ലായ്പോഴും നല്ലതും പൂൎണ്ണതയുള്ളതുമായ നിൻെറ തിരുവിഷ്ടം നിറവേററുമാറു ഇവർ ഇടപെടുന്ന സകലവും അനേകംമടങ്ങു ഐശ്വ

യ്യപ്രദമാകേണമേ. ഇവരുടെ ജീവിതത്തിന്ന ദീൎഘായുസ്സ കൊടുക്കേണമേ. ആത്മശരീരസൌഖ്യത്താൽ ഇവരെ ഐശ്വൎയ്യപ്പെടുത്തേണമേ. ഇവരുടെ ജീവിതത്തിന്ന അത്യാവശ്യമായുള്ള പോഷണം വൎദ്ധിപ്പിക്കേണമേ. കൎത്താവേ, നിന്റെ വലത്തുഭാഗത്തുള്ള ആനന്ദം കാണ്മാൻ തക്കവണ്ണം ഇവരെ സന്തോഷിപ്പിക്കേണമേ. ദുഃഖകരമായ സകലത്തിൽനിന്നും, ഇപ്പോഴുള്ള ഞെരുക്കങ്ങളിൽനിന്നും, സ്വന്തപ്രവൃത്തികൾനിമിത്തം ഇവരുടെമേൽ വന്നുകൂടുന്ന സകലത്തിൽനിന്നും ഒഴിഞ്ഞതായി സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധവും വിചാരസമത്വത്തിന്റെ ഐക്യവും മനസ്സിന്റെ അന്യോന്യയോജിപ്പും നിരപ്പുള്ള കാലങ്ങളും ആശ്വാസവും ധൈൎയ്യവും എന്നെന്നും ഐശ്വൎയ്യത്തെ നൽകുന്നതായ വലത്തുഭാഗത്തെ ആനന്ദവും ഇവൎക്ക കൊടുക്കേണമേ. ഇവരുടെ രക്ഷയേയും വീണ്ടെടുപ്പിനേയും പ്രതീക്ഷിച്ചുള്ള ഞങ്ങളുടെ അപേക്ഷയും പ്രാൎത്ഥനകളും മൂലം നിന്റെ മുഖം ഇവരിൽനിന്ന തിരിക്കാതിരിക്കേണമേ. നിന്റെ കരുണകളുടെ ശ്രീഭണ്ഡാരത്തിന്റെ വാതുക്കൽനിന്ന ഇവരെ വൃഥാ പിരിച്ചയക്കരുതേ. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ദൈവമാകുന്നു. നീയൊഴികെ മററാരുവനെ ഞങ്ങൾ അറിയുന്നില്ല. നിന്റെ പരിശുദ്ധതിരുനാമത്തെ ഞങ്ങൾ സ്തുതിച്ചു പുകഴ്ത്തുന്നു. ആകയാൽ നിന്റെ ശക്തിയെ ഊൎജ്ജിതപ്പെടുത്തി ഞങ്ങളെ സഹായിക്കുന്നതിന്ന വരേണമേ. നിന്റെ പരിശുദ്ധതിരുനാമം ഇവരുടെ മേൽ വിളിക്കപ്പെട്ടതിനാൽ ഈ നിന്റെ ജനങ്ങളുടെ കീൎത്തിയെ ഉയൎത്തേണമേ. എന്തുകൊണ്ടെന്നാൽ സകലവും വ

ഹിച്ചിരിക്കുന്ന ശക്തി നിന്നിൽനിന്നും നിന്നിലും ആകുന്നു. നിന്നിൽനിന്നു ഞങ്ങളുടെ വീണ്ടെടുപ്പു ഞങ്ങൾ നോക്കിപ്പാൎക്കുകയും നിൻെറ ജീവൻെറ രക്ഷയെ യാചിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ കൎത്താവും ഞങ്ങളുടെ ദൈവവുമേ, എല്ലാ നന്മകളിലും പൂൎണ്ണതയുള്ള സകല ദാനങ്ങളും നിൻെറ അടുക്കൽനിന്നു നല്കപ്പെടുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും വന്ദനവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറുന്നു. ആമ്മീൻ.

—✱—

## എത്രാ.

ദൈവമായ കൎത്താവേ, നിന്നാലും നിന്നിൽനിന്നും അനുഗ്രഹിക്കപ്പെടുവാൻ തക്കവണ്ണം ഈ നിൻെറ ദാസന്മാരെ വാഴ്ത്തേണമേ. കൎത്താവേ, നിൻെറ കൃപയാൽ ഇവരുടെ സംബന്ധത്തെ വാഴ്ത്തേണമേ. ഇവരുടെ ശിരസ്സുകളിന്മേൽ അനുഗ്രഹം അധിവസിക്കേണമേ. നിൻെറ സ്ലീബാ ഇവരുടെ ക്നുമാകളെ കാത്തുകൊള്ളുമാറാകേണമേ! നിൻെറ നിരപ്പും സമാധാനവും ഇവരുടെ ഇടയിൽ ആവസിക്കുമാറാകേണമേ. ഇവരുടെ ആയുഷ്കാലം മുഴുവനും ഇവർ നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറുമാറാകേണമേ. എന്തുകൊണ്ടെന്നാൽ നീ സകല വാഴ്വുകളേയും കൊടുത്തു പൂൎത്തിയാക്കുന്നവൻ ആകുന്നു. ആമ്മീൻ.

—:✱:—

## രണ്ടാം ശുശ്രൂഷ.

---

### പ്രാൎത്ഥന.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ;

ആമ്മീൻ.

പട്ടക്കാരൻ:

ദൈവമേ, അനുതാപത്താലും കണ്ണുനീരുകളാലും പാപത്തിൻെറ സകല അശുദ്ധിയിൽനിന്നും കറകളിൽനിന്നും ഞങ്ങളെ വെടിപ്പാക്കേണമേ. എന്നേക്കും ഞങ്ങളുടെ കൎത്താവും ഞങ്ങളുടെ ദൈവവുമേ, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും ജയപ്രദമായ ഉത്തമജീവിതം നയിപ്പാൻ ഞങ്ങൾക്കു സംഗതിയാകേണമേ. ആമ്മീൻ.

—:*:—

൫-ാം മസ്മൂർ ചൊല്ലണം.

### പ്രുമിയോൻ.

---

നാമെല്ലാവരും പ്രാൎത്ഥിച്ചു.....

യാതൊരു ഭവനത്തിലും നിങ്ങൾ പ്രവേശിച്ചാൽ അതിന്നു സമാധാനം കൊടുപ്പിൻ, എന്നു സത്യവാന്മാരായ ശിഷ്യന്മാരോടു തൻെറ പരിശുദ്ധ തിരുവായ്കൊണ്ടു കല്പിച്ചവനായ ഞങ്ങളുടെ കൎത്താവായ യേശുമിശിഹാ, നിനക്കു സ്തുതി. കൎത്താവേ, നിൻെറ നിരപ്പും സമാധാനവും

ഈ വസതിയിൽ ഉണ്ടാകേണമേ. ഇതിൻെറ കട്ടിളപ്പടിയെ സകല നാശത്തിൽനിന്നും മുദ്ര കുത്തേണമേ. സകല വേദനകളിൽനിന്നും രോഗങ്ങളിൽനിന്നും പാപങ്ങളിൽനിന്നും ഇവരെ കാത്തുകൊള്ളേണമേ. ഇതിൽ വസിക്കുന്നവരെ ഞെരുക്കങ്ങളിൽനിന്നും അരിഷ്ടതകളിൽനിന്നും രക്ഷിക്കേണമേ. സകല കുററങ്ങളിൽനിന്നും നിന്ദ്യങ്ങളിൽനിന്നും ഇവരെ വീണ്ടുകൊള്ളേണമേ. ഇവൻെറ സമീപസ്ഥന്മാരെ കാത്തുകൊള്ളുകയും ദൂരസ്ഥന്മാരെ തിരിച്ചുവരുത്തുകയും രോഗികളെ ദർശിക്കുകയും മരിച്ചവരെ പുണ്യപ്പെടുത്തുകയും ചെയ്യേണമേ. ഇവൻെറ കുടിപാപ്പുകാരെ നിൻെറ സത്യവും നിൻെറ നേരെയുള്ള ഭക്തിയും നിൻെറ കരുണകളും നിൻെറ സ്നേഹവും നിൻെറ ദയയുംകൊണ്ടു നിറയ്ക്കേണമേ. ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഇവരുടെ ആയുഷ്കാലം മുഴുവനും നിന്നെ ഇവർ ബഹുമാനിച്ചു വന്ദിക്കയും സ്തുതിക്കയും ചെയ്യുമാറാകേണമേ. ആമ്മീൻ.

---

സെദറാ.

ദൈവം നിഗ്രഡമായ പരിശുദ്ധത്രിത്വത്തിൽ തൻെറ സ്നേഹിതനായ അബ്രഹാമിൻെറ അടുക്കൽ വന്നു. താൻ എരിയുന്ന അഗ്നിയാകുന്നു; തൻെറ ബഹുമാനത്തിൻെറ ഉയരത്തിൽനിന്നു താൻ ഇറങ്ങി വൃക്ഷത്തിൻകീഴെ വസിച്ചു. താൻ പറുദീസായിലെ വൃക്ഷങ്ങൾ നട്ടു. താൻ ദരിദ്രനെപ്പോലെ ഭൂമിയിൽ സഞ്ചരിച്ചു. സ്വൎഗ്ഗം സിംഹാസനവും ഭൂമി പാദപീഠവും ആക്കിയിരിക്കുന്ന

വൻ അബ്രാഹാമിന്റെ അടുക്കൽ സാധാരണനെപ്പോലെ വന്നു. അബ്രാഹാം തന്നെ കണ്ടു, മാലാഖമാക്ക തന്നിൽ സൂക്ഷിച്ചു നോക്കുവാൻ കഴിയാതിരിക്കുന്നവന്റെ മുമ്പാകെ ഓടിച്ചെന്നു വന്ദിച്ചു, തന്നോടു അപേക്ഷിച്ചു ഇപ്രകാരം പറഞ്ഞു: "കത്താവേ, എനിക്കു നിന്റെ മുമ്പാകെ കരുണ ലഭിച്ചുവെങ്കിൽ നീ നിന്റെ ദാസനെ വിട്ടുപോകരുതേ. ഞാൻ കുറെ വെള്ളം എടുത്തു നിങ്ങളുടെ കാലുകൾ കഴുകട്ടെ. നിങ്ങൾ വൃക്ഷത്തിൻകീഴെ ഇരുന്നു അപ്പക്കഷണങ്ങൾ ഭക്ഷിച്ചു ക്ഷീണം തീത്തശേഷം നിങ്ങൾക്കു മടങ്ങി പോകാം. എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇപ്രകാരം നിങ്ങളുടെ ദാസനെ കടന്നുപോയല്ലോ". ഇതു തന്റെ മഹിമയ്ക്കു പ്രസാദമായി. ക്ഷീണിച്ചവനെപ്പോലെ താൻ അവിടെ ആശ്വസിച്ചു. തന്റെ ദാസനായ അബ്രാഹാം കൊണ്ടുവന്നതിനെ താൻ വിസ്മയകരമാംവണ്ണം ഭക്ഷിച്ചു അവനേയും അവന്റെ ഭാര്യയായ സാറായേയും അവന്റെ സമ്പാദ്യങ്ങളേയും അനുഗ്രഹിച്ചു. കത്താവേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ അണച്ചിരിക്കുന്ന ഈ സൌരഭ്യധൂപത്താൽ ഈ നിന്റെ ദാസന്റെ ഭവനത്തേയും ഇവന്റെ സമ്പാദ്യങ്ങളേയും + വാഴ്ത്തേണമേ. ഇവനിൽ നിനക്കു തൃപ്തിയും അനുഗ്രഹവും ഉണ്ടാകേണമേ. ക്ഷണിക്കപ്പെട്ടവക്കു സന്തോഷവും, തോഴന്മാക്കു നിറപ്പും സമാധാനവും, മണവാളനും മണവാട്ടിക്കും മഹത്വത്തിന്റെ കിരീടങ്ങളും കൊടുക്കേണമേ. വചനമായ ഏകദൈവം ഗലീലായിലെ കൊത്തിനൊ നഗരത്തിൽവെച്ചു കൈനീട്ടി വെള്ളമിരുന്ന ഭരണികളെ വാഴ്ത്തുകയും അതു മേൽത്തരം വീഞ്ഞാകുകയും ചെയ്തപ്രകാരം

ഈ വസതി + വാഴ്ത്തപ്പെട്ടുകയും ഇതിൽ വസിക്കുന്നവർ നിഷ്കന്മഷമായ സ്നേഹത്തോടുകൂടിയിരിക്കുകയും ചെയ്യുമാറാകേണമേ. ഞങ്ങൾ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി കരേററുമാറാകേണമേ. ആമ്മീൻ.

---

എത്രാ.

---

തന്റെ പരിശുദ്ധ ശിഷ്യന്മാരോടു, നിങ്ങൾ പ്രവേശിക്കുമ്പോൾ നിങ്ങളെ കൈക്കൊള്ളുന്ന ഭവനം ഏതായാലും അതു എന്നെ കൈക്കൊള്ളുന്നു എന്നു അരുളിച്ചെയ്തവനായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ ആരാധകന്മാരുടെ ഈ ഭവനത്തെ + വാഴ്ത്തുകയും നിന്റെ പരിശുദ്ധതിരുനാമംനിമിത്തം നിന്റെ ദാസന്മാരെ സന്തോഷിപ്പിക്കയും ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഇവരുടെ മുഖം പ്രസാദിപ്പിച്ചുകൊണ്ടു സന്തോഷത്തോടും ആനന്ദത്തോടുംകൂടി ഇരുലോകങ്ങളിലും നിന്നിൽനിന്നു ഇവർ നല്ല കൂലി പ്രാപിപ്പാൻ ഇവൎക്കു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കൃപ നൽകേണമേ. ആമ്മീൻ.

---

# പ്രസവിച്ച സ്ത്രീ

—*—

## (പ്രത്യേകശുശ്രൂഷ.)

(ഒരു സ്ത്രീ പ്രസവിച്ചു നാല്പതു ദിവസം കഴിഞ്ഞു പള്ളിയിലേക്കു പോകുമ്പോൾ അവൾക്കുവേണ്ടി കഴിക്കപ്പെടുന്ന ഒരു പ്രാൎത്ഥന. അവൾ പള്ളിയിലേക്കു പോകുമ്പോൾ രണ്ടു മെഴുകുതിരി കൊണ്ടുപോകേണ്ടതാണ്.)

### പ്രാരംഭപ്രാൎത്ഥന.

(പട്ടക്കാരൻ):—പിതാവിനും പുത്രനും പരിശുദ്ധാറൂഹായ്ക്കും സ്തുതി.

(എല്ലാവരും):—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ:—ഞങ്ങളുടെ ദൈവമായ കൎത്താവേ, വിവാഹത്താൽ പരീക്ഷിക്കപ്പെടാത്ത ദൈവജനനിയായ മറിയാം നാല്പതു ദിവസം കഴിഞ്ഞപ്പോൾ ശിശുവായ നിന്നെ ന്യായപ്രമാണദേവാലയത്തിലേക്കു കൊണ്ടുപോയി. ആ സമയം ആചാൎയ്യനായ ശിമഓൻ അവൻെറ ഭുജങ്ങളിൽ നിന്നെ എടുത്തുകൊണ്ടു ഇപ്രകാരം പറഞ്ഞു:—"കൎത്താവേ, തിരുമുമ്പാകെ കൊണ്ടുവന്നിരിക്കുന്ന ഈ ശിശുവിനെ ഈ സമയം കൈക്കൊള്ളേണമേ." സകലത്തിന്റേയും സ്രഷ്ടാവേ, ഈ ശിശുവിനെ നീ അനുഗ്രഹിക്കയും † തിരുവിഷ്ടപ്രകാരം സൎവ്വവിധ സൌശീല്യത്തിലും ഇവനെ വളൎത്തിക്കൊള്ളുകയും ചെയ്യേണമേ. സ്ലീബാ†

യുടെ അടയാളംകൊണ്ടു ഈ ശിശുവിൽനിന്ന എല്ലാ വിപരീതസൈന്യത്തേയും ഓടിച്ചുകളയേണമേ എന്തുകൊണ്ടെന്നാൽ കൎത്താവേ, നീ ശിശുക്കളുടെ കാവൽക്കാരനാകുന്നു. വിശുദ്ധ മാമോദീസാമൂലം ഈ ശിശുവിന്ന നിന്റെ രാജ്യത്തിലുള്ള വിശുദ്ധന്മാരോടും തിരഞ്ഞെടുക്കപ്പെട്ടവരോടും കൂടെ ഓഹരിയുണ്ടാകേണമേ. സാരംശത്തിൽ ശരിയായിരിക്കുന്നതും ഭേദംകൂടാത്തതുമായ വിശുദ്ധത്രീത്വത്തിന്റെ കൃപയാൽ ഇവൻ സംരക്ഷിക്കപ്പെട്ടുമാറാകേണമേ. എന്തുകൊണ്ടെന്നാൽ ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സൎവ്വസ്തുതിയും ബഹുമാനവും നിനക്കു യോഗ്യമാകുന്നു. ആമ്മീൻ.

---

## പ്രുമിയോൻ.

നാം എല്ലാവരും പ്രാൎത്ഥിച്ചു......

പാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ വാതിലിനും മരിച്ചവരെ ജീവിപ്പിക്കുന്ന ജീവതുറമുഖത്തിനും സ്തുതി. ഞങ്ങളുടെ വൎഗ്ഗത്തെ വെടിപ്പാക്കുന്ന സോപ്പായ്ക്കും കറയുള്ളവരെ കഴുകി വെണ്മ വരുത്തുന്ന തളിപ്പിനും സ്തോത്രം. തനിക്കു സ്തുതിയും ബഹുമാനവും തന്റെ ദാസിയുടെ ശുദ്ധീകരണശുശ്രൂഷയുടെ ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

## സെദറാ.

ഞങ്ങളുടെ കൎത്താവായ യേശുമിശിഹായുടെ പിതാവായി സൎവ്വശക്തനായ ദൈവമായ കൎത്താവേ, ചേതനവും

അചേതനവും ആയ എല്ലാ പ്രകൃതിയേയും നിന്റെ വചനംകൊണ്ടു നീ സൃഷ്ടിച്ചു. ഇല്ലായ്മയിൽനിന്നു എല്ലാററിനേയും നീ ഉളവാക്കി. തിരുവിഷ്ടം തോന്നി ഈ നിന്റെ ദാസിയായ (ഇന്നാരെ) രക്ഷിച്ചവനേ, നിന്നിൽ അഭയം പ്രാപിച്ചു ഞങ്ങൾ അപേക്ഷിക്കുന്നതു എന്തെന്നാൽ:—ഇവളുടെ എല്ലാ പാപങ്ങളിൽനിന്നും ഇവളെ വെടിപ്പാക്കേണമേ. എല്ലാ അശുദ്ധിയിൽനിന്നും ഇവളെ സ്ഫുടം ചെയ്യേണമേ. നിന്റെ വിശുദ്ധ ക്രുദാശകളെ കന്മഷം കൂടാതെ കൈക്കൊള്ളുന്നതിനു ഇവൾ അർഹയാകുവാൻ വേണ്ടി ഇവൾ നിന്റെ വിശുദ്ധമന്ദിരത്തിലേക്കു വന്നിരിക്കുന്നു. ആയതിനാൽ ഇവളിൽനിന്നു ജനിച്ച ഈ പൈതലിനെ നീ അനുഗ്രഹിക്കേണമേ. ഈ പൈതലിനെ പോററി വളർത്തേണമേ. ഈ ശിശുവിനെ ശുദ്ധീകരിച്ചു വിവേകമുള്ളവനാക്കിത്തീർക്കേണമേ. ഈ ശിശുവിന്നു ജ്ഞാനവും ബോധവും അറിവും ദാനം ചെയ്യേണമേ. എന്തുകൊണ്ടെന്നാൽ ഈ ശിശുവിനെ നീ ഇരുളിൽനിന്നു പുറത്തു കൊണ്ടുവന്നു സ്പർശിക്കപ്പെടുന്ന പ്രകാശംകൊണ്ടു പ്രകാശിപ്പിച്ചിരിക്കുന്നു. അവനാലും, സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനുമായ പരിശുദ്ധറൂഹായാലും, വാഴ്ത്തപ്പെട്ടവനായ നിന്റെ ഏകപുത്രൻ നിമിത്തം വിശേഷജ്ഞാനത്തിനു ഇവനെ യോഗ്യനാക്കേണമേ. ഇവൻ നിന്റെ വിശുദ്ധ ഇടവകയിൽ ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും പരിഗണിക്കപ്പെടുമാറാകേണമേ. ആമ്മീൻ.

——

## എത്രൊ.

ഞങ്ങളുടെ ദൈവമായ കൎത്താവും, അദൃശ്യനായ പിതാവിന്റെ പുത്രനായ യേശുമിശിഹായും ആയുള്ളോവേ, ബലഹീനവും നിസ്സാരവുമായ ഞങ്ങളുടെ വൎഗ്ഗം നിമിത്തം നീ സ്വൎഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു ഇറങ്ങിവരികയും കന്യകയിൽനിന്നു മനുഷ്യശരീരം എടുക്കയും ചെയ്തു. എട്ടാംദിവസം മൂശയുടെ ന്യായപ്രമാണത്തെ നീ നിവൃത്തിച്ചു. എഴുതപ്പെട്ടിരിക്കുന്നപ്രകാരം ശരീരസംബന്ധമായ വളൎച്ചകളുള്ള ചേലാകൎമ്മത്തെ നീ സ്വീകരിക്കുകയും, ശുദ്ധീകരണത്തിന്നുവേണ്ടി ശുദ്ധീകരണബലിയെ അണെയ്ക്കയും ചെയ്തു. ബലഹീനവും നിസ്സാരവുമായ ഞങ്ങളുടെ വൎഗ്ഗത്തോടു നിന്റെ പിതാവു ഏതിനാൽ നിരപ്പാക്കപ്പെട്ടുവോ, ആ സ്വീകരിക്കപ്പെട്ട ബലിയും പരിമളവാസനയും നീ തന്നെയാകുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വൎഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു നീ ഇറങ്ങിവന്നു. ബലവാനായ തമ്പുരാനേ, നിന്റെ ശുദ്ധമുള്ള ആലയത്തിലേക്കു ഈ ദിവസം വന്നെത്തിയിരിക്കുന്ന നിന്റെ ദാസിയായ (ഇന്നാക്കു) ഇപ്പോൾ നിന്റെ കൃപയെ നീ ദാനം ചെയ്കയും ഇവളെ വെടിപ്പാക്കി സ്ഫുടം ചെയ്കയും ചെയ്യേണമേ. ഇവളുടെ കുററങ്ങൾക്കും പാപങ്ങൾക്കും മോചനം നൽകേണമേ. ഇവൾ ശുദ്ധമുള്ള നിന്റെ ആലയത്തിലേക്കു പ്രവേശിച്ചു, നിനക്കും നിന്റെ പിതാവിന്നും ജീവനും ശുദ്ധവും ഉള്ള നിന്റെ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും കരേററുവാൻ യോഗ്യതയുള്ളവൾ ആകേണ്ടതിന്നു നിന്റെ പരിശുദ്ധറൂഹായുടെ കൃപയെ ഇവൾക്കു ദാനംചെയ്യേണമേ. ആമ്മീൻ.

———

(ഇതിൻെറ ശേഷം അവളെ പള്ളിയകത്തേക്ക പ്രവേശിപ്പിച്ചു ബലിപീഠവാതിലിൻെറ അട്ടക്കൽ നിൎത്തി അവളുടെ തലയ്ക്കമേൽ ഏവൻഗേലിയോൻ വെച്ചു വായിക്കണം. അപ്പോൾ ചൊല്ലേണ്ടതു):—

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഞാൻ ബഹുമതിപൂൎവ്വം നിൻെറ ഭവനത്തിലേക്ക പ്രവേശിക്കും. എൻെറ അധരങ്ങളെ തുറന്നു എൻെറ നേൎച്ചകളെ കഴിക്കും. ഹാലേലുയ്യാ.

---

## ഏവൻഗേലിയോൻ.

---

### ലൂക്കോസ് ൨: ൨൨ മുതൽ ൩൨ വരെ

---

കടിഞ്ഞൂലായ ആൺപ്രജയെല്ലാം കൎത്താവിനു വിശുദ്ധം ആയിരിക്കണം എന്നു കൎത്താവിൻെറ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, മോശയുടെ ന്യായപ്രമാണപ്രകാരം അവരുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ അവനെ കൎത്താവിൻെറ മുമ്പാകെ അൎപ്പിപ്പാനും, ഒരു ഇണ ചങ്ങാലിയേയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളേയോ ബലിയായി കൊടുപ്പാനും അവർ അവനെ യെറുശലേമിലേക്ക കൊണ്ടുപോയി. എന്നാൽ യെറുശലേമിൽ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻെറ പേർ ശെമഓൻ എന്നായിരുന്നു. അവൻ നീതിമാനും പുണ്യവാനും ആയിരുന്നു. അവൻ ഇസ്രായേലിൻെറ ആശ്വാസത്തിന്നായി നോക്കിപ്പാൎത്തിരുന്നു. പരിശുദ്ധാത്മാവു അവൻെറ മേൽ ഉണ്ടായിരുന്നു. കൎത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ അവൻ മരണം ആസ്വാദിക്കുകയില്ലെന്നു പരിശുദ്ധറൂഹായാൽ അവനോടു പറയപ്പെട്ടിരുന്നു. അവൻ

ആത്മാവുമൂലം ദൈവാലയത്തിലേക്ക വന്നു. ന്യായപ്രമാണത്തിൻെറ ചട്ടപ്രകാരം ചെയ്യാൻ അമ്മയപ്പന്മാർ ശിശുവായ യേശുവിനെ അകത്തു കൊണ്ടുചെന്നപ്പോൾ, അവൻ അവനെ കയ്യിലെടുത്തു ദൈവത്തെ സ്തുതിച്ചു പറഞ്ഞു: ഇപ്പോൾ എൻെറ കത്താവേ, തിരുവചനംപോലെ നിൻെറ ദാസനെ സമാധാനത്തോടെ വിട്ടയയ്ക്കേണമേ. ജാതികൾക്ക വെളിപ്പെടുവാനുള്ള പ്രകാശവും നിൻെറ ജനമായ ഇസ്രായേലിൻെറ മഹത്വവുമായി നീ സകല ജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിൻെറ കരുണയെ ഇതാ, എൻെറ കണ്ണുകൾ കണ്ടിരിക്കുന്നു. എന്നാൽ അവനെക്കുറിച്ചു പറഞ്ഞവയെ കേട്ടു യൌസേപ്പും അവൻെറ മാതാവും വിസ്മയിച്ചു. പിന്നെ ശെമ്ഓൻ അവരെ അനുഗ്രഹിച്ചു അവൻെറ അമ്മയായ മറിയാമിനോട്: അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിനു ഇവനെ ഇസ്രായേലിൽ പലരുടേയും വീഴ്ചയ്ക്കും മറുത്തു പറയുന്ന അടയാളത്തിനുമായി വെച്ചിരിക്കുന്നു. നിൻെറ ആത്മാവിൽക്കൂടി ഒരു വാൾ കടന്നുപോകും. ആശേർ ഗോത്രത്തിൽ ഫനുവേലിൻെറ മകളായ ഹന്നാ എന്നൊരു പ്രവാചകി ഉണ്ടായിരുന്നു. അവൾ കന്യാകാലത്തിൽ പിന്നെ ഭത്താവിനോടുകൂടെ ഏഴു സംവത്സരം വിധവയും വളരെ വയസ്സു ചെന്നവളുമായി ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാത്ഥനയോടുംകൂടി രാവും പകലും ആരാധന ചെയ്തുപോന്നു. ആ നാഴികയിൽ അവളും എഴുന്നേററുനിന്നു ദൈവത്തെ സ്തുതിച്ചു; യെറുശലേമിൻെറ രക്ഷക്കായി കാത്തിരുന്ന എല്ലാവരോടുംകൂടെ അവനെക്കുറിച്ചു പ്രസ്താവിക്കയും ചെയ്തു.

---

(ഉടനെ അവർ ഇരുവരുടെ മേലും
ഈ ആശീർവാദപ്രാൎത്ഥന ചൊല്ലണം.

ഹൂത്തോമൊ.

തന്റെ അനുഗ്രഹങ്ങളാൽ സകലത്തേയും സൃഷ്ടിച്ച ദൈവം തന്റെ കൃപയാൽ നിങ്ങൾ ഇരുവരേയും + അനുഗ്രഹിക്കുമാറാകട്ടേ. എഴുതപ്പെട്ടിരിക്കുന്നപ്രകാരംശിശുവിനെ താൻ കാത്തുകൊള്ളുമാറാകട്ടെ. താൻ രാപ്പകൽ നിങ്ങൾക്കു കാവൽക്കാരൻ ആയിരിക്കട്ടേ. താൻ നിങ്ങൾക്കു സഹായത്തേയും മനോഗുണത്തേയും കരുണയേയും പ്രദാനം ചെയ്യുകയും നിങ്ങൾക്കു വേണ്ടിയുള്ള ഞങ്ങളുടെ പ്രാൎത്ഥനയെ കേൾക്കുകയും തിരുവിഷ്ടപ്രകാരം നിങ്ങളെ നടത്തുകയും ചെയ്യുമാറാകട്ടേ. ജീവനുള്ളസ്ലീബാ+യുടെ ചിറകുകളിൻ കീഴ് വഞ്ചനകളിൽനിന്നു താൻ നിങ്ങളെ മറയ്ക്കുമാറാകട്ടേ. താൻ നിങ്ങൾക്കു ശിക്ഷകളും ഉപദ്രവങ്ങളും ബാധിക്കാത്ത കോട്ടയും കാവലും ബലവും ആയിത്തീരുമാറാകട്ടേ. തന്റെ സ്ലൂപ്പാകൊണ്ടു നിങ്ങളുടെ പാപങ്ങളെ താൻ വെടിപ്പുവരുത്തുകയും, നിങ്ങളിൽനിന്നു ഉപദ്രവങ്ങളെ താൻ നീക്കിക്കളകയും; നിങ്ങളുടെ ആയുഷ്കാലത്തെ ദുരിതങ്ങളിൽനിന്നു താൻ സംരക്ഷിക്കുകയും ചെയ്യുമാറാകട്ടേ. താൻ നിങ്ങൾക്കു നിങ്ങളുടെ ആയുഷ്കാലത്തിൽ അദ്ധ്വാനത്തിനും ഞെരുക്കത്തിനും പററിയ വിശ്രമവും സങ്കേതവും ആയിരിക്കട്ടേ. നിങ്ങൾ അവനും അവന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേററുമാറാകട്ടേ.

—*—

# പുരുഷന്മാരുടെ ശവസംസ്കാരം

—:*:—

## ഒന്നാം ശുശ്രൂഷ.

—*—

ഒരു കൌമാ ചൊല്ലണം.

———

### പ്രാരംഭപ്രാത്ഥന.

—*—

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടമാറാകേണമേ ആമ്മീൻ.

പട്ടക്കാരൻ: കത്താവേ, ഞെരുക്കവും ദുഃഖവും നിറഞ്ഞിരിക്കുന്ന ലോകത്തിൽനിന്നു ഒഴിഞ്ഞുപുറപ്പെട്ടു വേർപ്പെട്ടിരിക്കുന്ന ഈ ആത്മാവിനെ ആശ്വാസവും ഇമ്പവും നിറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്കു നിന്റെ വിശുദ്ധ മാലാഖമാരാൽ വഴിനടത്തപ്പെട്ടുവാൻ നീ സംഗതിയാക്കിത്തീക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഉയിപ്പുദിവസംവരെ ഈ ആത്മാവു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും അവിടെ ആനന്ദിച്ചു മുഖപ്രസാദത്തോടെ നിന്നെ എതിരേല്ക്കുമാറാകേണമേ. ആമ്മീൻ.

—*—

൭-ാം മസുമൂർ ചൊല്ലണം.

പ്രാൎത്ഥന.

(പട്ടക്കാരൻ) കരുണയുള്ള ദൈവമേ, നിൻെറ കൎത്തൃകല്പനയാൽ ഇവിടെനിന്നു വാങ്ങിപ്പോയിരിക്കുന്ന ഈ ആത്മാവിനുവേണ്ടി നിന്നിൽ ഞങ്ങൾ സങ്കേതപ്പെട്ടുകൊണ്ടു അപേക്ഷിക്കുന്നു. കൎത്താവേ, അശുദ്ധന്മാരും ക്രൂരന്മാരുമായ പിശാചുക്കളുടെ അപഹാരത്തിൽനിന്നും വായുമണ്ഡലവാസികളായ അദൃശ്യശത്രുക്കളുടെ വഞ്ചകസംഘത്തിൽനിന്നും ഈ ആത്മാവു രക്ഷപ്പെടുമാറാകേണമേ. പിതാവും പുത്രനും വിശുദ്ധറൂഹായും ആയുള്ളോവേ, ഈ ആത്മാവു ജീവഭവനങ്ങളിലേക്കു ചെന്നെത്തുകയും, നിൻെറ വിശുദ്ധന്മാരുടെ പട്ടണത്തിൽ വസിക്കുകയും, വെടിപ്പുള്ളവരുടെ ഇടയിൽ ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും താമസിക്കുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

പ്രമിയോൻ.

നാമെല്ലാവരും പ്രാൎത്ഥിച്ചു.....

സ്വന്തം മാതൃകയിൽ നമ്മെ രൂപപ്പെടുത്തിയ നല്ലവനും തൻെറ പ്രതിച്ഛായയിൽ നമ്മെ സ്ഥിരപ്പെടുത്തിയ സൃഷ്ടാവും, തൻെറ ആത്മാവിനാൽ നമ്മെ ജീവിപ്പിച്ച നിൎമ്മാതാവും, മണ്ണിൽനിന്നു നമ്മെ മനഞ്ഞുണ്ടാക്കിയ സൃഷ്ടാവും, നിൻെറ നീതിയാൽ അതിലേക്കുതന്നെ നമ്മെ തിരിക്കുന്നവനും, തൻെറ കൃപയാൽ അതിൽനിന്നുതന്നെ ഉയിൎപ്പിക്കുന്നവനും ആയ തനിക്കു സ്തുതി. തനിക്കു സ്തുതി

യും ബഹുമാനവും തന്റെ ദാസന്റെ സംസ്കാരം പൂൎത്തി യാക്കപ്പെടുന്ന ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

സെദറാ.

ശക്തനും, യുദ്ധശാലിയും, ഭയങ്കരനും, സകലത്തേയും ഭരിക്കുന്നവനും ആരുടെ വചനത്താൽ സകലവും ഉണ്ടാകുകയും, ആരുടെ കല്പനയാൽ സകലവും അഴിയുകയും, ആരുടെ തിരുവിഷ്ടത്താൽ ജീവൻ ഉണ്ടാകുകയും, ആരുടെ ആംഗികത്താൽ അവസാനം ഉണ്ടാകുകയും ചെയ്യുന്നുവോ, ആ കൎത്താവും ആയുള്ളോവേ, ജീവന്റെ ഭ്രാണവും സകലത്തിന്റേയും ശ്വാസവും ആയ ദൈവം നീയാകുന്നു. ഞെരുക്കം നിറഞ്ഞിരിക്കുന്ന ആയുസ്സിന്റെ താല്ക്കാലികമായ വാസത്തിൽനിന്നു നിന്നോടുള്ള ശരണത്തിൽ യാത്ര പുറപ്പെട്ടു പോയിരിക്കുന്ന ഈ നിന്റെ ദാസന്റെ ആത്മാവിങ്കലേക്കു നീ തിരിയേണമേ. നിന്റെ ആശ്വാസ ഭവനങ്ങളിലേക്കു ഇവൻ കടക്കുന്നതുവരെ നിന്റെ വിശുദ്ധ സൈന്യങ്ങളാൽ നീ ഇവനെ സഹായിക്കേണമേ. പുനരുത്ഥാനത്തിന്റെ ആ അവസാനനാളിൽ നിന്റെ ശ്രേഷ്ഠത ഉദിക്കുന്നു; നിന്റെ കൎത്തൃത്വം ആഘോഷിക്കപ്പെടുന്നു; നിന്റെ രാജ്യം വെളിപ്പെടുന്നു; നിന്റെ പരാക്രമം അറിയപ്പെടുന്നു; നിന്നെക്കുറിച്ചുള്ള ഭയം എല്ലാവരുടെ മേലും വ്യാപരിക്കപ്പെടുന്നു. അപ്പോൾ മാലാഖമാർ ആൎപ്പു വിളിക്കുന്നു. ഹൈലാവോസേന്മാരിൽ പ്രധാനി

കൾ അട്ടഹസിക്കുന്നു; അഗ്നിമയന്മാരുടെ സകല ഗണ ങ്ങളും നിന്റെ ഭയങ്കരശക്തിയെ ആഘോഷിക്കുന്നു; അ പ്പോൾ രാജ്യങ്ങൾ നശിച്ചുപോകുന്നു. തലസ്ഥാനങ്ങൾ ഛിന്നഭിന്നമാകുന്നു; പ്രശംസക്കാരുടെ സിംഹാസനങ്ങൾ നശിച്ചു മറിയുന്നു; അപ്പോൾ ആണ്ടുകൾ ഛേദിക്കപ്പെട്ടു ന്നു; മാസങ്ങളുടെ എണ്ണം ഛിന്നിക്കപ്പെടുന്നു; രാവും പക ലും മാഞ്ഞുപോകുന്നു. സകല സൃഷ്ടിയും ഒന്നുമില്ലാതെ ശേഷിക്കുന്നു; അപ്പോൾ ആകാശം ഇളകുന്നു. സൂര്യൻ നി ഷ്പ്രഭനായി പോകുന്നു; ചന്ദ്രനും നക്ഷത്രങ്ങളും കാർമേഘം ധരിക്കുന്നു; അപ്പോൾ ഭയങ്കരതയോടെ നീ എഴുന്നെള്ളു ന്നു; പ്രകാശത്തോടെ നീ വെളിപ്പെടുന്നു; എല്ലാ അതൃത്തി കളേയും ഭാഗങ്ങളേയും ഭയത്തോടും വിറയലോടും കൂടെ നീ നിൎത്തുന്നു. അപ്പോൾ നീതിമാന്മാർ ആനന്ദിക്കുന്നു; പുണ്യവാന്മാർ സന്തോഷിക്കുന്നു. പ്രകാശത്തിന്റെ സ കല മക്കളും നിന്റെ എഴുന്നെള്ളത്തിന്റെ എതിരേല്പി ന്നായി പുറപ്പെടുന്നു; എന്നാൽ തിന്മ പെട്ടവർ ലജ്ജിക്കു ന്നു; കാവ്യർ ദുഃഖിക്കുന്നു; ദുഷ്ടന്മാർ ലജ്ജയോടെ നില്ക്കുന്നു; അപ്പോൾ നിന്റെ ബഹുമാനസിംഹാസനം ഒരുക്കപ്പെട്ടു ന്നു; നിന്റെ ഇമ്പകരമായ ശബ്ദം സകല ജഡത്തേയും ക്രൂ ട്ടിച്ചേൎക്കുന്നു; നീതി കോപിക്കുന്നു; അഗ്നി ജ്വലിക്കുന്നു; വാൾ മൂൎച്ച കൂട്ടപ്പെടുന്നു; അന്ധകാരം പടൎന്നു കൂടുന്നു; നാശവും അതിവേദനയും പാഞ്ഞെത്തുന്നു; പല്ലുകടി കേ ൾക്കപ്പെടുന്നു; ഉത്തമന്മാർ വേർതിരിക്കപ്പെടുന്നു; പാപി കൾ വിധിക്കപ്പെടുന്നു; സകലരുടേയും പ്രവൃത്തികൾ പര സ്യമായി പരിശോധിക്കപ്പെടുന്നു. കാരുണ്യവാനും അനു ഗ്രഹസമൃദ്ധനുമായ ദൈവമേ, ആ നാഴികയിൽ നിന്റെ

ദാസന്റെ ആത്മാവിനെ അവിടേയുള്ള ശിക്ഷാവിധിയിൽനിന്നും അതിവേദനയിൽനിന്നും നീ വീണ്ടുകൊള്ളേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ മനുഷ്യസ്നേഹത്താൽ ഇവനോടു കരുണ തോന്നേണമേ. ഇവൻ ചെയ്തിട്ടുള്ള നിന്ദ്യമായ പ്രവൃത്തികളിൽ നീ സൂക്ഷിക്കരുതേ. ഇവൻ ചെയ്തിട്ടുള്ള പാപങ്ങളെ ഇവനോടു നീ ഓക്കരുതേ. നിന്റെ ഭയങ്കരന്യായവിധിയിൽ ഇവനെ നീ ശിക്ഷയ്ക്കു വിധിക്കരുതേ. നിരാശയ്ക്കു ഇവനെ നീ ഏല്പിച്ചു കൊടുക്കരുതേ. അഗ്നിയെ ഇവനു ഓഹരിയായി കൊടുക്കരുതേ. നിന്റെ കൃപയിൽനിന്നു ഇവനെ നീ മുടക്കരുതേ. നിന്നെ സ്നേഹിച്ചിട്ടുള്ളവരിൽനിന്നു ഇവൻ വേർതിരിയപ്പെടരുതേ. എന്നാലോ നിന്റെ കരുണയുടെ ചിറകുകൾ വിരിച്ചു ഇവനെ മറച്ചുകൊള്ളേണമേ. സന്തോഷത്തോടെ നിന്റെ ദിവസത്തെ നോക്കിപ്പാൎത്തിരുന്ന നിന്റെ എല്ലാ സ്നേഹിതന്മാരും വാത്സല്യഭാജനങ്ങളും ഇവനു വേണ്ടി നിന്നോടു അപേക്ഷിക്കുമാറാകേണമേ. നിന്റെ രാജ്യത്തിനു ഇവനെ യോഗ്യനാക്കേണമേ. സന്തോഷിച്ചു ആനന്ദിച്ചുകൊണ്ടു നിന്നോടുകൂടെ മണവറയിലേക്കു ഇവൻ പ്രവേശിക്കുമാറാകേണമേ. നീതിമാനും, സത്യവാനും, നിഷ്പക്ഷപാതിയും, എല്ലാവൎക്കും അവരവരുടെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകുന്നവനും ആയ ന്യായാധിപതി ആയുള്ളോവേ, നിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഇവൻ സ്തുതി പാടുമാറാകേണമേ. നിനക്കു നിന്റെ പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടെ ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതി യോഗ്യമാകുന്നു. ആമ്മീൻ.

———

KOTTAYAM PUBLIC LIBRARY KOTTAYAM.

## എ ത്രൊ.

കൎത്താവേ, സത്യവിശ്വാസത്തോടും സൽപ്രവൃത്തികളോടും കൂടെ ഈ ലോകത്തിൽനിന്നു പുറപ്പെട്ടു പോയിരിക്കുന്ന വിശ്വാസിയായ നിന്റെ ദാസന്റെ ആത്മാവിനു വിമോചകനും പരിഹാരകനും നീ ആയിത്തീരേണമേ. ഇവന്റെ ആയുഷ്കാലത്തിൽ ഇവൻ ചെയ്തിട്ടുള്ള സകല പാപങ്ങളേയും പിഴകളേയും കറകളേയും കരുണയും വാഴ്വുകളും നിറഞ്ഞിരിക്കുന്ന നിന്റെ കരുണയുടെ സമുദ്രത്തിൽ നീ കഴുകി മായിച്ചു കളയേണമേ. ജീവിപ്പിക്കുന്നതായ നിന്റെ ദിവ്യ കല്പനയാലും ആംഗീകത്താലും നാശത്തിൽനിന്നും ക്ഷയത്തിൽനിന്നും നീ ഇവനെ പുതുതാക്കേണമേ. നിന്റെ മഹത്വമുള്ള ശ്രേഷ്ഠതയുടെ കല്പനയാൽ ഇവന്റെ ആത്മാവിനേയും അരൂപിയേയും ശുദ്ധീകരിക്കേണമേ. ഇവനുവേണ്ടി ഞങ്ങൾ അണച്ചിട്ടുള്ള ഈ ധൂപത്താൽ ഇവനു നീ പരിഹാരം ഉണ്ടാക്കേണമേ. കരച്ചിലും വിലാപവും ഇല്ലാത്ത ഇടമായ സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും സ്ഥലങ്ങളിൽ ഇവനെ നീ ആശ്വസിപ്പിക്കേണമേ. പിതാവും പുത്രനും വിശുദ്ധ റൂഹായും ആയുള്ളോവേ, ഞങ്ങളും വിശ്വാസികളായ സകല മരിച്ചുപോയവരും നിന്റെ വലത്തുഭാഗത്തുനിന്നു നിനക്കു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ആമ്മീൻ.

## മറെറാരു ശുശ്രൂഷ.

ആദ്യം ഒരു കൌമാ നമസ്കരിക്കണം

### പ്രാത്ഥന.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ.

പട്ടക്കാരൻ:—മരണമുള്ളവരെ പാപമരണത്തിൽനിന്നു രക്ഷിപ്പാനായി ജഡപ്രകാരം മരിച്ച നല്ലവനും മരണമില്ലാത്തവനും ആയുള്ളോവേ, അനിത്യമായ ഈ ലോകത്തിൽനിന്നു നിന്റെ കരുണയിൽ ശരണപ്പെട്ടു വാങ്ങിപ്പോയിരിക്കുന്ന ഞങ്ങളുടെ സഹോദരനായ (ഇന്നാക്ക്) വേണ്ടി ഇപ്പോഠം നിന്നോടു ഞങ്ങഠം അപേക്ഷിക്കുന്നു. ഇവനു ആത്മാവിൽ പൂൎണ്ണമായ ആശ്വാസം നീ സൌജന്യം ചെയ്യേണമേ. നിന്റെ രാജ്യത്തിലുള്ള നിന്റെ വിരുന്നിൽ തോഴ്മക്കാരോടുകൂടെ ഇവനെ നീ ഇരുത്തേണമേ. എന്തെന്നാൽ ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായി പിതാവും പുത്രനും വിശുദ്ധറൂഹായും ആയ ഏകദൈവമേ, എന്നേക്കും ബഹുമാനം കടപ്പെട്ടിരിക്കുന്നവനായ നീ ഉത്തമനും മനുഷ്യരെ സ്നേഹിക്കുന്നവനും ആകുന്നു, ആമ്മീൻ.

—:*:—

## പ്രമിയോൻ

നാമെല്ലാവരും പ്രാത്ഥിച്ചു......

മരിച്ചവരെ എഴുന്നേല്പിക്കുന്നവനും, കബറടക്കപ്പെട്ടവരെ ഉയിപ്പിക്കുന്നവനും, ജീവനുള്ളവരുടേയും മരിച്ചവരുടേയും ന്യായാധിപതിയും, ആത്മാക്കളുടേയും സകല ജഡത്തിന്റേയും ദൈവവും, കൊല്ലുന്നവനും ജീവിപ്പിക്കുന്നവനും, പാതാളത്തിലേക്കു ഇറക്കുന്നവനും അതിൽനിന്നു കയറവുന്നവനും, മനുഷ്യനു മനുഷ്യായുസ്സിനെ ക്ലിപ്തപ്പെടുത്തുകയും, മരണംമൂലം അതിനെ ഛേദിച്ചു ഇല്ലാതെയാക്കി, നാശമില്ലാത്തതും അവസാനമില്ലാത്തതുമായ ജീവങ്കലേക്കു വിളിച്ചുനിത്തുന്നവനുമായ തനിക്കു സ്തുതി. ഉത്തമനായ തന്നെ നാം ഓത്തു തന്റെ ദാസന്റെ ശവസംസ്കാരം കഴിക്കുന്ന ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും നാം ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും തന്നെ നാം മഹത്വപ്പെടുത്തണം, ആമ്മീൻ.

## സെദറാ

ബലവാനായ ദൈവമായ കത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ മഹത്വപ്രത്യക്ഷതയുടെ അവസാനനാളിൽ മരിച്ചവർ നാശംകൂടാതെ ഉയിത്തെഴുന്നേൽക്കുകയും, സകല മരിച്ചുപോയവരുടേയും അസ്ഥികൾ ശേഖരിക്കപ്പെടുകയും, സൂര്യനും ചന്ദ്രനും അന്ധകാരപ്പെടുകയും, നക്ഷത്രങ്ങൾ പ്രകാശം കൊടുക്കാതി

രിക്കയും, ഗംഭീരകാഹളങ്ങൾ ധ്വനിക്കയും, ശുശ്രൂഷക്കാരായ മാലാഖമാർ ഭയത്തോടെ നില്ക്കയും, ഗംഭീരപുസ്തകങ്ങൾ തുറക്കപ്പെട്ടുകയും, എല്ലാവരുടേയും പ്രവൃത്തികൾ പരിശോധിക്കപ്പെട്ടുകയും, ജ്ഞാനികൾ വായ് പൊത്തുകയും, വിദ്വാന്മാർ വിസ്മയിച്ചുനില്ക്കയും, നീതിമാന്മാർ മണവറയിൽ സന്തോഷിക്കുകയും, അന്യായക്കാർ അഗ്നിക്കു ഇരയായി തീരുകയും, പുണ്യവാന്മാർ പ്രകാശത്തിൽ ആനന്ദിക്കയും, ദുഷ്ടന്മാർ പുറത്തെ അന്ധകാരത്തിലേക്കു അയക്കപ്പെട്ടുകയും, വിശുദ്ധന്മാർ സന്തോഷിക്കയും, ശ്രേഷ്ഠന്മാർ ഉല്ലസിക്കയും, പാപികളെ ആഴമുള്ള കുഴിയിലേക്കു ശിക്ഷക്കു വിധിക്കുകയും, വലത്തുഭാഗത്തുള്ളവർ ജയത്തിൽ ശ്രേഷ്ഠതപ്പെട്ടുകയും, ഇടത്തുഭാഗത്തുള്ളവർ എന്നേക്കുമുള്ള അതിവേദനയ്ക്കു അധീനരാകുകയും, ഇരുഭാഗക്കാരും തങ്ങൾക്കുള്ളതിനെ കൈക്കൊള്ളുകയും, അവക്കു മാററം വരാതിരിക്കുകയും ചെയ്യുന്നു. ഇവയെല്ലാം സംഭവിക്കുന്ന ആ നാഴികയിൽ കത്താവേ, നിൻെറ സ്വരൂപത്തിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ടു രൂപീകരിക്കപ്പെട്ടിരിക്കുന്ന നിൻെറ ദാസനോടു നിനക്കു സഹതാപം തോന്നേണമേ. നിൻെറ വിശുദ്ധ തൃക്കൈകൾകൊണ്ടു മനഞ്ഞു മനോഹരമാക്കിയിട്ടുള്ള പ്രിയപ്പെട്ട സൃഷ്ടിയോടു നിനക്കു അനുകമ്പയുണ്ടാകേണമേ. നിൻെറ മഹത്വത്തിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള പത്തു കമ്പിയുള്ള വീണയോടു നിനക്കു സഹതാപം തോന്നേണമേ. മരണം ക്ഷയിപ്പിച്ചതും ചിതലിനും പുഴുവിനും കൂടായിത്തീന്നതുമായ മാനുഷികജനലുകളോടും കൊട്ടാരങ്ങളോടും നിനക്കു അനുകമ്പ തോന്നേണമേ. പൂഴിയായിത്തീന്നിരിക്കുന്ന അതിമനോ

ഹരമായ മനുഷ്യാവസ്ഥയിൽ നിനക്ക സഹതാപം തോന്നേണമേ. മാമോദീസായുടെ റൂശ്മായാൽ മുദ്ര കുത്തപ്പെട്ടുകയും, ജീവനുള്ള നിന്റെ തിരുശരീരരക്തങ്ങളിൽ സംബന്ധിക്കുകയും, നിന്നിലുള്ള വിശ്വാസത്താൽ തന്റെ ആയുസ്സിനെ നയിച്ചു നിന്റെ അടുക്കലേക്ക യാത്ര പുറപ്പെട്ടുകയും ചെയ്തിട്ടുള്ള ഈ നിന്റെ ദാസനോട്ടു നിനക്ക സഹതാപം തോന്നേണമേ. നിന്റെ സുപ്രസാദത്താൽ ഇവന്റെ ആത്മാവിനെ നീ കൈക്കൊള്ളേണമേ. മാലാഖമാരായ നിന്റെ സൈന്യങ്ങളുടെ സഹായത്താൽ ദുഷ്ടാത്മാക്കളുടെ താവളസ്ഥലത്തുനിന്നു ഇവനെ നീ രക്ഷിച്ചുകൊള്ളേണമേ. കൎത്താവേ, നിന്റെ സ്ലീബായാൽ വിശ്വസിക്കാത്തവരോട്ടുകൂടെ നിന്റെ തിരുമുമ്പിൽനിന്നു ഇവനെ നീ തള്ളിക്കളയരുതേ. കൎത്താവേ, നിന്റെ രാജ്യത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാത്തവരോട്ടുകൂടെ നരകവേദനക്ക ഇവനെ നീ ശിക്ഷയ്ക്കു വിധിക്കരുതേ. കൎത്താവേ, നിന്നോട്ടുകൂടെയുള്ള സമ്മേളനങ്ങളിൽനിന്നു, നിന്റെ കഷ്ടാനുഭവത്തെ നിരസിച്ചിട്ടുള്ളവരോട്ടുകൂടെ, ഇവനെ നീ വേൎതിരിക്കരുതേ. എന്നാലോ മനുഷ്യസ്നേഹത്താൽ ഇവനെ തിരിഞ്ഞുനോക്കുകയും ആൎദ്രകരുണയുണ്ടായി ഇവനെ ദൎശിക്കുകയും ചെയ്യേണമേ. നിന്റെ വാസസ്ഥലത്തേക്ക ഇവനെ നീ അടുപ്പിക്കേണമേ. നിന്റെ വിശുദ്ധന്മാൎക്കുള്ള പങ്കിന്നു ഇവനെ നീ അൎഹനാക്കേണമേ. നിന്റെ പ്രകാശത്തിന്റെ മണവറയിൽ ഇവനെ നീ അണിയിരുത്തേണമേ. ജീവന്റെ ഉയൎപ്പിനും നിന്റെ വലത്തുഭാഗത്തുള്ള വിശേഷമായ സ്ഥാനത്തിന്നും ഇവനെ യോഗ്യനാക്കേണമേ. ഇവന്റെ കടങ്ങളെ

പരിഹരിച്ച ഇവനെ നീ സന്തോഷവാനാക്കേണമേ. ഇവൻെറ കുററങ്ങളെ മോചിച്ച ഇവനെ നീ സന്തോഷിപ്പിക്കേണമേ. നിൻെറ മഹത്വമുള്ള മുഖപ്രസന്നതയാൽ ഇവനെ നീ ആനന്ദിപ്പിക്കേണമേ. നിൻെറ വലത്തുഭാഗത്തുള്ള തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ മഹത്വത്തിൽ ഇവൻ ശോഭിക്കുമാറാകേണമേ. കൎത്താവേ, ചുരുങ്ങിയതും ദുഃഖപൂൎണ്ണവുമായ ഈ ആയുസ്സിൽ കഴിഞ്ഞുകൂടുന്ന പാപികളായ നിൻെറ ദാസന്മാരായ ഞങ്ങളെ അനുഗ്രഹകരമായ യാത്രക്കും, നിൻെറ ഭവനക്കാൎക്കും വാത്സല്യമുള്ളവൎക്കും യോഗ്യമായതും നിനക്കു പ്രസാദകരവുമായിരിക്കുന്ന പുണ്യഅവസാനത്തിനും യോഗ്യന്മാരാക്കേണമേ. ഞങ്ങളിൽ ഒരുത്തനേയും നിൻെറ സ്വൎഗ്ഗരാജ്യത്തിൽനിന്നു അന്യനാക്കി വേർതിരിക്കരുതേ. എന്നാലോ നിൻെറ സ്നേഹത്താൽ നീ എഴുന്നെള്ളി ഞങ്ങളെ രക്ഷിച്ചപ്രകാരം വീണ്ടും ഇവനെ നീ ദൎശിച്ച നിനക്കു യോഗ്യമായിരിക്കുന്നതുപോലെ സ്ഥിരപ്പെടുത്തേണമേ. എന്തെന്നാൽ രക്ഷയും വീണ്ടെടുപ്പും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും നിൻെറ പിതാവിനോടും നിൻെറ പരിശുദ്ധ റൂഹായോടുംകൂടെ നിനക്കുള്ളതാകുന്നു, ആമ്മീൻ.

---

## എത്രാ

---

അനുഗ്രഹസമൃദ്ധനായ ദൈവമായ കൎത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. മരിച്ച ഉറങ്ങിപ്പോയിരിക്കുന്ന നിൻെറ ദാസനായ (ഇന്നാരുടെ) ആത്മാവിനു

വേണ്ടി ഈ നേരത്തിൽ ഞങ്ങൾ നിനക്കു അണച്ചിരിക്കുന്ന ഈ ധൂപത്തെ നീ കൈക്കൊള്ളേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, പാപങ്ങളുടെ പരിഹാരത്തിന്നും മോചനത്തിന്നും നിന്റെ മുമ്പാകെയുള്ള മുഖപ്രസാദത്തിന്നും ഇവനെ നീ യോഗ്യനാക്കേണമേ.

—:*:—

വേറൊരു ശുശ്രൂഷ.

—*—

ഒരു കൌമാ.

പട്ടക്കാരൻ: പിതാവിന്നും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാത്ഥന.

കരുണയുള്ള ദൈവമായ കത്താവേ, നിന്നിൽ ഞങ്ങൾ ശരണപ്പെടുന്നു. നിന്റെ കർത്തൃകല്പനയാൽ വേർപെട്ടുപോയ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കത്താവേ, ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽനിന്നും കാണപ്പെടാത്ത അന്ധകാരസൈന്യങ്ങളിൽനിന്നും ഈ ആത്മാവിനെ വീണ്ടുകൊള്ളേണമേ. ഈ ആത്മാവു ജീവന്റെ സ്ഥലത്തു നീതിമാന്മാരുടെ ഇടയിൽ ചെന്നു എത്തുമാറാകേണമേ. പിതാവും പു

ത്തനം പരിശുദ്ധറൂഹായുമായുള്ളോവേ, ഇപ്പോഴും എല്ലാ പ്പോഴും എന്നേക്കും ഈ ആത്മാവു നിന്റെ പരിശുദ്ധ ന്മാരോടുകൂടെ വസിക്കുമാറാകേണമേ. ആമ്മീൻ.

---

## പ്രുമിയോൻ

---

നാമെല്ലാവരും പ്രാൎത്ഥിച്ചു......

മരിച്ചവരെ ഉയിപ്പിക്കുന്നവനും കബറടക്കപ്പെട്ടവ രെ എഴുന്നേൽപ്പിക്കുന്നവനും, ന്യായാധിപതിമാരുടെ ന്യായാധിപതിയും ആയവനെ, തന്റെ ദാസന്റെ ശവ സംസ്കാരത്തിന്റെ ഈ നേരത്തും എല്ലാ പെരുന്നാളു കളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും നാം ജീവനോടു കൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും നാം ഒത്തു മഹത്വപ്പെടുത്തണം. ആമ്മീൻ.

## സെദറാ.

---

നമ്മുടെ മിശിഹാതമ്പുരാൻ ഉണ്ടായിരുന്നവനും ഇ പ്പോഴും ഉള്ളവനും എന്നേക്കും നിലനില്ക്കുന്നവനും ആകു ന്നു. താൻ തന്റെ പരിശുദ്ധ മാലാഖമാരോടുകൂടി ത ന്റെ പിതാവിന്റെ മഹത്വത്തോടെ വരുവാനിരിക്കുന്നു. എണ്ണമില്ലാത്ത അണികളും നിരകളും പതിനായിരങ്ങളും തന്റെ മുമ്പാകെ വിറച്ചു ചൂളിനിൽക്കുന്നു. ഭയങ്കരന്മാ രായ ക്രൂബേന്മാരും സ്ഥിരതയുള്ള സൈന്യവൃന്ദങ്ങളും സ്വൎഗ്ഗമേഘങ്ങളിന്മേൽ തന്നെ ഘോഷിക്കുന്നു. തന്റെ ഉഗ്രശബ്ദത്താൽ മരുഭൂമിയിൽ താൻ അട്ടഹസിക്കുമ്പോൾ അതു വീണുപോകുന്നു; പാതാളത്തിൽ അട്ടഹസിച്ചാൽ

അതു കീഴമേൽ മറിയുന്നു; ആദിഭൂതങ്ങളിൽ അട്ടഹസിച്ചാൽ അവ അഴിഞ്ഞുപോകുന്നു; ഭൂമിയിൽ അരഞ്ഞു പൊടിഞ്ഞിട്ടുള്ള സകല ശരീരങ്ങളും വീണ്ടും സൃഷ്ടിക്കപ്പെടുന്നു. സകലത്തിന്റേയും സൃഷ്ടാവും നിമ്മിതാവും ആയവനെപ്പോലെ ജീവവചനത്താൽ നീ വീണ്ടും അവയെ സൃഷ്ടിക്കുന്നു. നന്മയെങ്കിലും തിന്മയെങ്കിലും അവനവൻ ചെയ്തിട്ടുള്ളതിനെക്കുറിച്ചു ഉത്തരം പറവാനായി, ഭ്രമിക്കത്തക്കതും ഭയങ്കരവുമായ നിന്റെ ന്യായാസനത്തിൻമുമ്പാകെ സകല വംശങ്ങളും ഗോത്രങ്ങളും കൂട്ടമായിവന്നുചേരുന്നു. ബലവാനും മഹാകാരുണ്യവാനും ആകുന്ന ദൈവമായ കത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: ഇവയെല്ലാം സംഭവിക്കയും നിവൃത്തിക്കപ്പെടുകയും ചെയ്യുന്ന സമയത്തു നിന്നിൽ ശരണപ്പെട്ടു നിദ്ര പ്രാപിച്ചിരിക്കുന്ന നിന്റെ ദാസനെ നീ നിന്റെ വലത്തുഭാഗത്തു നിൎത്തേണമേ "എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും എന്നിൽ വിശ്വസിക്കയും ചെയ്യുന്ന എല്ലാവനും എന്നിലും, ഞാൻ അവനിലും വസിക്കുന്നു. അവസാനദിവസത്തിൽ ഞാൻ അവനെ ഉയിൎപ്പിക്കും" എന്നു ജീവനുള്ള പരിശുദ്ധതിരുവായ് അരുളിച്ചെയ്തിട്ടുള്ള വചനം ഞങ്ങളിലും ഇവനിലും നിവൃത്തിയാക്കേണമേ. ഞങ്ങളും അവരും നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ടു നിന്റെ കരുണയെ കാണുകയും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

—*—

ഏത്രാ.

---

ബലവാനും അനുഗ്രഹങ്ങളും മനോഗുണവും വളരെയുള്ളവനുമായ ദൈവമായ കൎത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ അടുക്കലേക്കു എടുക്കപ്പെട്ടിട്ടുള്ള നിദ്ര പ്രാപിച്ച നിന്റെ ദാസൻ (ഇന്നാക്കു) വേണ്ടി ഈ സമയത്തു നിന്റെ തിരുമുമ്പാകെ ഞങ്ങൾ സമൎപ്പിച്ചിട്ടുള്ള ഈ സുഗന്ധധൂപത്തെ നീ സ്വീകരിക്കേണമേ. എന്നേക്കും ഞങ്ങളുടെ കൎത്താവും ദൈവവും ആയുള്ളോവേ, സ്വൎഗ്ഗീയ ഊൎശ്ലേമിൽ മനോഹര ആസ്ഥാനങ്ങളിൽ ഇവനെ ആശ്വസിപ്പിക്കേണമേ. കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും നിന്റെ മുമ്പാകെയുള്ള മുഖപ്രസാദത്തിനും ഇവനെ യോഗ്യനാക്കേണമേ. ആമ്മീൻ.

---

വേറൊരു ശുശ്രൂഷ.

—*—

ഒരു കൌമാ.

---

പ്രാരംഭപ്രാൎത്ഥന.

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ: ദൈവമായ കൎത്താവേ, ഈ താല്ക്കാലിക ജീവിതത്തിൽനിന്നു ഇപ്പോൾ വേർപെട്ടു ഈ വ്യൎത്ഥലോകത്തിൽനിന്നു പുറപ്പെട്ടിരിക്കുന്ന ഈ ആത്മാവു, ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്കു ഉയിൎപ്പുദിവസംവരെ, നിന്റെ പരിശുദ്ധ മാലാഖന്മാരാൽ വഴി നടത്തപ്പെടുവാൻ സംഗതിയാകേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ ഈ ആത്മാവു മുഖപ്രസാദത്തോടുകൂടി അവിടെ നിന്നെ എതിരേല്ക്കുമാറാകേണമേ. ആമ്മീൻ.

———

## പ്രുമിയോൻ.

—

നാമെല്ലാവരും പ്രാൎത്ഥിച്ചു.....

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിൎമ്മാതാവും, നിൎമ്മിക്കപ്പെട്ടവയുടെ ശരണവും, സൃഷ്ടിക്കപ്പെട്ടവയുടെ ആശയും, കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും, നിദ്രപ്രാപിച്ചവരുടെ ഉയിൎപ്പും, ദുഃഖിതന്മാരുടെ ആശ്വാസവും, വ്യസനിച്ചിരിക്കുന്നവരുടെ സന്തോഷവും, വിലപിച്ചിരിക്കുന്നവരുടെ ആനന്ദവും, ഞെരുങ്ങിയിരിക്കുന്നവരുടെ ധൈൎയ്യവും ആയിരിക്കുന്നവന്നു സ്തുതി. തനിക്കു സ്തുതിയും ബഹുമാനവും തന്റെ ദാസന്റെ ശവസംസ്കാരത്തിന്റെ ഈ നേരത്തും, എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടു കൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

18911

സെദറാ.

കൃപാമൂൎത്തിയും സത്യസ്വരൂപനുമായ അനാദ്യന്ത പ്രകാശവും, ജീവനും, മരണമില്ലായ്മയുടെ ഉറവും, സകലത്തിന്റേയും സ്രഷ്ടാവും, ലോകങ്ങളേയും അവയിലുള്ള അവസ്ഥാന്തരങ്ങളേയും ക്രമീകരിക്കുന്നവനും ആയ കൎത്താവേ, നീ ഭരണത്തിൽ ഭയങ്കരനും സ്തുത്യനും ആകുന്നു. നീ ദീൎഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. രഹസ്യകാൎയ്യങ്ങൾ നിന്റെ ദിവ്യദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്നില്ല. അഗാധമായ നിരൂപണകളും ഹൃദയവിചാരങ്ങളും നിന്റെ മുമ്പാകെ വെളിപ്പെട്ടു പരസ്യമായിരിക്കുന്നു. നിന്റെ ന്യായവിധികൾ ക്ലിപ്തപ്പെടുത്താവുന്നവയല്ല. നിന്റെ ഗതികൾ പരിശോധിക്കപ്പെടുവാൻ കഴിയുന്നവയല്ല. മരണത്തെ മായിച്ചുകളവാനും മനുഷ്യരെ കൊല്ലുന്ന പെരുമ്പാമ്പിനെ ഹിംസിപ്പാനും ആയി നിന്റെ വാത്സല്യപുത്രനായ യേശുമശിഹായെ നീ ലോകത്തിലേക്കു അയച്ചു. താല്പൎയ്യമുള്ള എല്ലാ ആത്മാക്കൾക്കും ജീവനേയും മരണമില്ലായ്മയേയും നീ പ്രസംഗിച്ചു. നിന്റെ കല്പനയാൽ, ദുരിതപൂൎണ്ണമായ ഈ ലോകത്തിൽനിന്നു ശ്രേഷ്ഠതയുള്ളതും നാശമില്ലാത്തതുമായ പരലോകത്തിലേക്കു ഞങ്ങൾ കൊണ്ടുപോകപ്പെടുന്നു. സകലത്തിന്റേയും ഉടയവനും ഇരുലോകങ്ങളുടെയും അധികാരിയും ആയ കൎത്താവേ, ഈ താല്ക്കാലിക പരദേശജീവിതവാസത്തിൽനിന്നു വേർപ്പെട്ടു മാറിപ്പോയ നിന്റെ ദാസന്റെ ഈ ശവസംസ്കാരസമയത്തു നിന്റെ മുമ്പാകെ അപേക്ഷയും പ്രാൎത്ഥനയും ഞങ്ങൾ സമൎപ്പിക്കുന്നു. ഇവിടെനിന്നു അനുയാത്രചെയ്തു സ്വൎഗ്ഗീയവാസസ്ഥലങ്ങളിൽ

ഇവൻെറ ആത്മാവിനെ വസിപ്പിക്കുന്നവരായ സമാധാനദൂതന്മാർമൂലം ഈ ആത്മാവിനെ നീ സ്വീകരിക്കേണമേ. കത്താവേ, ദുഷ്ടാത്മാക്കളുടെ പിടിയിൽനിന്നു ഇവൻെറ ആത്മാവിനെ രക്ഷിക്കേണമേ. ആ ശത്രുവിൻെറ ബന്ധനത്തിൽനിന്നു ഈ ആത്മാവിനെ നീ വീണ്ടുകൊള്ളേണമേ. തിരുനാമത്തെ ഭയപ്പെടുന്നവരേയും തിരുവിഷ്ടം പ്രവത്തിക്കുന്നവരേയും കാവൽ ചെയ്യുന്നവരെപ്പോലെയുള്ള സൈന്യങ്ങൾ ഈ ആത്മാവിനെ അനുഗമിക്കേണമേ. നിൻെറ മനുഷ്യസ്നേഹത്താൽ ഇവൻെറ പാപങ്ങളെ പൂണ്ണമായി പരിഹരിക്കേണമേ. നിൻെറ കരുണയാൽ ഇവൻെറ കുററങ്ങളെ പരിപൂർണ്ണമായി മായിക്കേണമേ. ഇവൻെറ യാത്രക്കു നിൻെറ സഹായം പ്രത്യക്ഷമായി അയക്കേണമേ. കൃപനിറഞ്ഞിരിക്കുന്ന നിൻെറ വലത്തുകൈ ഇവങ്കലേക്കു നീട്ടി രണ്ടാമത്തെ മരണത്തിൻെറ ചുഴലിയിൽനിന്നു ഇവനെ കോരിയെടുക്കേണമേ. നിൻെറ രഹസ്യശക്തിയാൽ ഇവനെ സഹായിക്കേണമേ. പിശാചുക്കളുടെ ഭയങ്കരകടവുകളിൽ നിന്നു ഇവനെ രക്ഷിക്കേണമേ. ഇവൻെറ അമാർഗ്ഗങ്ങൾ നിമിത്തം ഇവനെ നീ ന്യായംവിധിക്കരുതേ. എന്തുകൊണ്ടെന്നാൽ നിൻെറ മുമ്പാകെ എല്ലാവരും കുററക്കാരാകുന്നു. കത്താവേ, ഞങ്ങളുടെ സ്വഭാവത്തിൻെറ ബലഹീനതയിൽ നീ കനിയേണമേ. ഞങ്ങളുടെ മേൽ വിളിക്കപ്പെട്ട നിൻെറ മഹാകരുണകളേയും ഇവനോടും ഞങ്ങളോടും ഓക്കേണമേ. നിൻെറ കരുണകളും കൃപകളും ഇവൻെറ മേൽ പ്രതിഫലിക്കുവാൻ തക്കവണ്ണം, ഞങ്ങളുടെ വർഗ്ഗത്തിൻെറ രക്ഷക്കുവേണ്ടിയുണ്ടായ നിൻെറ ഏകപുത്രൻെറ പൂജനീ

യമായ കഷ്ടാനുഭവങ്ങൾ നിന്നോടു അപേക്ഷിക്കുവാൻ ഇടയാകേണമേ. ഇവൻെറ ആത്മാവിനാൽ വിശ്വസിക്കപ്പെട്ടതായ ജയമുണ്ടാക്കുന്ന സ്ലീബാ, നിൻെറ പരിശുദ്ധന്മാരുടെ സംഘങ്ങളുടെ മദ്ധ്യത്തിൽ ഇവനെ വസിപ്പിക്കുന്ന പ്രകാശത്തിൻെറ തൂണായിത്തീരേണമേ. ഞങ്ങളുടെ വർഗ്ഗത്തിൻെറ ശത്രുവായ സാത്താൻ അവൻെറ ദുർമ്മോഹം നിവൃത്തിയാകാത്തതുകൊണ്ടു ലജ്ജിച്ചു ശങ്കിപ്പാനായിട്ടു നിൻെറ കരുണ ഇവൻെറ മേൽ വെളിപ്പെടേണമേ. കർത്താവേ, നിൻെറ തിരുനാമത്തെ ഭയപ്പെടുന്നവരുടെ വാഴ്ത്തപ്പെട്ട വാസസ്ഥലങ്ങളിലേക്കു ചെന്നെത്തുവോളം ഈ നിൻെറ ദാസനു നീ കോട്ടയും അനുയാത്രക്കാരനും കാവൽക്കാരനും സഹായിയും ആയിരിക്കേണമേ. അവിടെ ആദ്യന്തമില്ലാത്ത നിൻെറ മഹത്വത്തിൽ ഇവൻ സന്തോഷിക്കുമാറാകേണമേ. അബ്രാഹാമിൻെറ മാർവ്വിടങ്ങളിൽ ആശ്വസിച്ചുകൊണ്ടു ഇവൻെറ വേദനകളും ദുഃഖങ്ങളും ഞെരുക്കങ്ങളും ഇവൻ മറന്നു പോകുമാറാകേണമേ. കർത്താവേ, നിൻെറ ആരാധകന്മാരായ ഞങ്ങളെല്ലാവരേയും ഇവയ്ക്കു ഒരുക്കമുള്ളവരാക്കിത്തീർക്കേണമേ. വെടിപ്പും സന്തോഷവും ഉള്ളതും പാപങ്ങളിൽനിന്നു സംരക്ഷിതവും ആയ ജീവിതത്താൽ, ദുഷ്ടന്മാരായ അന്ധകാരസൈന്യങ്ങളാൽ ആക്രമിക്കപ്പെടാതിരിക്കത്തക്ക വിധം ഇവൻെറ പുറപ്പാട് സമാധാനത്തോടു കൂടിയതാകേണമേ. കർത്താവേ, നിൻെറ കരുണയുള്ള കണ്ണുകൊണ്ടു ഞങ്ങളുടെ നേരെ സൂക്ഷിച്ചുനോക്കി, വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കേണമേ. ദുഃഖിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തേണമേ. ക്ഷീണിച്ചിരിക്കുന്നവരുടെ മുഖങ്ങളെ പ്രസാ

ദിപ്പിക്കേണമേ. നിന്നെ സ്തുതിക്കുന്നവരുടെ മുഖങ്ങളിൽ നിന്നു കണ്ണുനീരും ദുഃഖവും മുഴുവനായി നീക്കിക്കളയേണമേ. എല്ലാ സ്ഥലങ്ങളിലും അവരവൎക്കു ഛേച്ഛയായിരിക്കുന്നപ്രകാരം എല്ലാവൎക്കും ആശയും ശരണവും നീ ആയിരിക്കേണമേ. കൎത്താവേ, നിന്റെ മശിഹായോടുള്ള ശരണത്തിൽ നിന്റെ അടുക്കലേക്കു മുൻകൂട്ടി യാത്രചെയ്തവരും, അവന്റെ വലുതായ മഹത്വപ്രത്യക്ഷതയെ കാത്തിരിക്കുന്നവരും ആയ ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും ഗുരുക്കന്മാരും ആയ എല്ലാവൎക്കും ഭാഗ്യമുള്ള വാസസ്ഥലങ്ങളിൽ പരിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസം ഞങ്ങളെല്ലാവരേയും വഹിച്ചിരിക്കുന്ന നിന്റെ കൃപയാൽ സൌജന്യമായി നൽകേണമേ. യാതൊരുവക ലജ്ജയുംകൂടാതെ പ്രസാദമുള്ള മുഖങ്ങളോടുകൂടി ഇവനെ എതിരേല്പാൻ ഞങ്ങളും പ്രതീക്ഷിച്ചിരിക്കുന്നു. മുൻകൂട്ടി വാങ്ങിപ്പോയവരും ശേഷിച്ചിരിക്കുന്നവരും ആയി കൎത്തൃത്വത്തിന്റെ ദാസന്മാരാകുന്ന രക്ഷിക്കപ്പെട്ടവരായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത നിന്റെ രാജ്യത്തിൽ, കൎത്താവേ, നിന്റെ വന്ദിക്കപ്പെട്ടതും ബോധത്താൽ ഗ്രഹിക്കപ്പെടുവാൻ വഹിയാത്തതും ആയ തിരുനാമത്തേയും നിന്റെ ഏകപുത്രനേയും, സകലത്തിലും പരിശുദ്ധനും നല്ലവനും വന്ദ്യനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിനക്കു ശരിയായിരിക്കുന്നവനും ആയ നിന്റെ റൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും യോഗ്യന്മാരായിത്തീരേണമേ ആമ്മീൻ.

—*—

## എത്രൊ.

കാരുണ്യവാനായ ദൈവമേ, നിന്നിൽ ഞങ്ങൾ ശരണംപ്രാപിച്ചുകൊണ്ടു ഈ സുഗന്ധധൂപം നിനക്കു സമൎപ്പിക്കുന്നു. ഇവിടത്തെ ജീവിതത്തിൽ നിന്നു നിന്റെ കല്പനയാൽ വാങ്ങിപ്പോയിട്ടുള്ള ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ ആത്മാവു പിശാചുക്കളുടെ ബലമേറിയ പിടിയിൽനിന്നും, കാണപ്പെടുവാൻ വഹിയാത്തവരായി വായുമണ്ഡലവാസികളായ ശത്രുക്കളുടെ വഞ്ചകക്കൂട്ടത്തിൽനിന്നും രക്ഷപ്പെടുമാറാകേണമേ. എന്നേക്കും ഞങ്ങളുടെ കൎത്താവും ദൈവവുമായുള്ളോവേ, ഞങ്ങളോടുള്ള നിന്റെ ഏറിയ കരുണകളാൽ നിന്റെ പരിശുദ്ധ വാസസ്ഥലങ്ങളിലേക്കും ജീവനുള്ളവരുടെ പട്ടണത്തിലേക്കും ഈ ആത്മാവു ഓടിച്ചെന്നു അടുക്കുമാറാകേണമേ. ആമ്മീൻ.

---

## വായനകൾ.

---

ആവൎത്തനപ്പുസ്തകം ൩൨. ൪൮-൫൨.

ആവൎത്തനപ്പുസ്തകം ൩൪. ൧-൯.

൨ പത്രോസ് ൩. ൮-൧൩.

വിശുദ്ധ പൌലോസിന്റെ ലേഖനം. ൧ കോറിന്തി. ൧൫. ൩൪-൫൮.

എന്റെ സഹോദരന്മാരെ, നിങ്ങളുടെ ഹൃദയത്തെ നീതിയാംവണ്ണം ഉണൎത്തുവിൻ. നിങ്ങൾ പാപം ചെയ്യാതിരിപ്പിൻ. ദൈവത്തെക്കുറിച്ചു അറിവില്ലാത്ത ചിലർ ഉണ്ടല്ലൊ. നിങ്ങൾ ലജ്ജിക്കുവാനായി ഞാൻ പറയുന്നു. മരിച്ചവർ എങ്ങിനെ ഉയിൎക്കുന്നു എന്നും ഏതു

വിധമുള്ള ശരീരത്തോടുകൂടി വരുന്നു എന്നും നിങ്ങളിൽ ഒരുത്തൻ ചോദിക്കുമായിരിക്കും. ഭോഷാ, നീ വിതയ്ക്കുന്ന വിത്തു ചീയുന്നില്ലെങ്കിൽ മുളക്കുന്നില്ല. നീ വിതയ്ക്കുന്നതു ഉണ്ടാകുവാനിരിക്കുന്ന ശരീരമല്ല; കോതമ്പുകളുടേയോ, വാൽകോതമ്പുകളുടേയോ, മററുവിത്തുകളുടേയോ വെറും മണിയത്രേ. എന്നാൽ ദൈവം തനിക്കു ഇഷ്ടമുള്ളപ്രകാരം അതിനു ഒരു ശരീരത്തെ കൊടുക്കുന്നു. ഓരോ തരം വിത്തുകൾക്കും അതാതിൻെറ സ്വാഭാവിക ശരീരം തന്നെ കൊടുക്കുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ ശരീരങ്ങളും ഒരുപോലെയുള്ളതല്ല. മനുഷ്യരുടെ ശരീരം ഒന്നു; മൃഗങ്ങളുടേതു മറെറാന്നു; പക്ഷിയുടേതു വേറൊന്നു; മത്സ്യങ്ങളുടേതു മറെറാന്നു. സ്വൎഗ്ഗീയശരീരങ്ങളും ഭൌമികശരീരങ്ങളും ഉണ്ടു. സ്വൎഗ്ഗീയരുടെ മഹത്വം ഒന്നു; ഭൌമികരുടെ മഹത്വം മറെറാന്നു; സൂൎയ്യൻെറ മഹത്വം വേറൊന്നു; ചന്ദ്രൻെറ മഹത്വം മറെറാന്നു; നക്ഷത്രങ്ങളുടേതു വേറൊന്നു. ഒരു നക്ഷത്രം മറെറാരു നക്ഷത്രത്തേക്കാൾ മഹത്വത്തിൽ വിശേഷപ്പെട്ടിരിക്കുന്നു. മരിച്ചവരുടെ ഉയിൎപ്പും അപ്രകാരംതന്നെയാകുന്നു. നാശത്തിൽ വിതയ്ക്കപ്പെടുന്നു; നാശം കൂടാതെ ഉയിക്കുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു; മഹത്വത്തോടെ ഉയിക്കുന്നു. ബലഹീനതയിൽ വിതക്കപ്പെടുന്നു; ശക്തിയോടെ ഉയിക്കുന്നു. പ്രാണമയമായ ശരീരം വിതയ്ക്കപ്പെടുന്നു; ആത്മമയമായ ശരീരം ഉയിക്കുന്നു. എന്തുകൊണ്ടെന്നാൽ പ്രാണമയമായ ശരീരവും ആത്മമയമായ ശരീരവും ഉണ്ടു; ഇപ്രകാരം എഴുതപ്പെട്ടുമിരിക്കുന്നു. ആദ്യമനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിരുന്നു. അവസാനത്തെ ആ

ഠാം ജീവിപ്പിക്കുന്ന ആത്മാവാകുന്നു. ആദ്യത്തേതു ആത്മമയനല്ല, പ്രാണമയനത്രേ; പിന്നെ ആത്മമയൻ ഉണ്ടായി. ആദ്യത്തെ മനുഷ്യൻ ഭൂമിൽനിന്നുള്ള മൺമയൻ; രണ്ടാമത്തെ മനുഷ്യൻ സ്വർഗ്ഗത്തിൽനിന്നുള്ള കൎത്താവാകുന്നു. ആ മൺമയൻ ഏതുപ്രകാരം ആയിരുന്നുവോ, അപ്രകാരം മൺമയരും ആകുന്നു. സ്വർഗ്ഗത്തിൽനിന്നുള്ളവൻ ഏതുപ്രകാരം ആയിരുന്നുവോ അപ്രകാരംതന്നെ സ്വൎഗ്ഗീയരും ആകുന്നു. നാം മൺമയന്റെ പ്രതിമ ധരിച്ചപ്രകാരം സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കണം. എന്റെ സഹോദരന്മാരേ, ജഡത്തിനും രക്തത്തിനും സ്വൎഗ്ഗരാജ്യം അനുഭവിപ്പാൻ കഴിയുന്നതല്ലെന്നും നാശമുള്ളതു നാശമില്ലാത്തതിനെ അവകാശമാക്കുന്നില്ല എന്നും ഞാൻ പറയുന്നു. ഇതാ ഞാൻ നിങ്ങളോടു ഒരു രഹസ്യം പറയട്ടേ. നാമെല്ലാവരും നിദ്ര പ്രാപിക്കയില്ല. എന്നാൽ നാം മറുരൂപപ്പെട്ടും. അവസാനത്തെ കാഹളം ധ്വനിക്കയും മരിച്ചവർ നാശംകൂടാതെ ഉയിൎക്കുകയും ചെയ്യുമ്പോൾ കണ്ണിമയ്ക്കുന്ന നേരംകൊണ്ടു പെട്ടെന്നു നാം രൂപാന്തരപ്പെട്ടും. എന്തുകൊണ്ടെന്നാൽ നശിച്ചുപോകുന്ന ഇതു നാശമില്ലായ്മയേയും, മരിക്കുന്ന ഇതു മരണമില്ലായ്മയേയും ധരിപ്പാനിരിക്കുന്നു.

—*—

വിശുദ്ധയോഹന്നാന്റെ ഏവൻഗേലിയോൻ ൫, ൧൯—൨൯.

സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്യുന്നതിനെ കാണുകയല്ലാതെ പുത്രനു സ്വതേ ഒന്നുംചെയ്യാൻ കഴികയില്ല. എന്തുകൊണ്ടെന്നാ

ൽ പിതാവു ചെയ്യുന്നവയെ അതേപ്രകാരം പുത്രനും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ പിതാവു പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്ന സകലത്തേയും അവനെ കാണിക്കയും ചെയ്യുന്നു. നിങ്ങൾ അത്ഭുതപ്പെടുവാൻ തക്കവണ്ണം ഈ പ്രവൃത്തികളേക്കാൾ മികച്ചവയേയും താൻ അവനെ കാണിക്കുന്നു. പിതാവു മരിച്ചവരെ ഉയർപ്പിച്ചു ജീവിപ്പിക്കുന്നപ്രകാരം പുത്രനും അവനു മനസ്സുള്ളവരെ ജീവിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ പിതാവു ആരേയും ന്യായം വിധിക്കാതെ ന്യായവിസ്താരചുമതലയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു. അതു, പിതാവിനെ ബഹുമാനിക്കുന്നപ്രകാരം എല്ലാവരും പുത്രനേയും ബഹുമാനിപ്പാനാകുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെ ബഹുമാനിക്കുന്നില്ല. ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു: എന്റെ വചനം കേൾക്കയും എന്നെ അയച്ചവനിൽ വിശ്വസിക്കയും ചെയ്യുന്നവനു നിത്യജീവനുണ്ടു. അവനെ ന്യായംവിധിക്കുന്നില്ല. പിന്നയോ മരണത്തിൽനിന്നു ജീവനിലേക്കു അവൻ മാറിക്കഴിഞ്ഞു. സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. അതു ഇപ്പോൾതന്നെ ആകുന്നു. എന്തുകൊണ്ടെന്നാൽ പിതാവിനു തന്നിൽതന്നെ ജീവനുള്ള പ്രകാരം പുത്രനും തന്നിൽതന്നെ ജീവൻ ഉണ്ടാകുമാറു താൻ നല്കി. അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ താൻ അവനെ അധികാരപ്പെടുത്തി. ഇതിങ്കൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ട. കബറുകളിൽ ഉള്ളവ

ർ എല്ലാവരും അവന്റെ ശബ്ദം കേൾക്കയും നന്മചെയ്തവർ ജീവന്റെ ഉയിപ്പിന്നും തിന്മചെയ്തവർ ന്യായവിധിയുടെ ഉയിപ്പിന്നും പുറപ്പെടുകയും ചെയ്യുന്ന നാഴിക വരുന്നു.

—*—

ലുത്താനിയാ.

ശുശ്രൂഷക്കാരൻ: നാമെല്ലാവരും ഒത്തൊരുമിച്ചു നിന്നു ദുഃഖത്തോടും പ്രലാപത്തോടുംകൂടി ദൈവത്തെ പ്രസാദിപ്പിക്കുന്ന ശബ്ദത്തിൽ കുറിയേലായിസ്സോൻ (കർത്താവേ ഞങ്ങളെ അനുഗ്രഹിക്കേണമേ) എന്നു ഏറവുചൊല്ലണം.

എല്ലാവരും: കുറിയേലായിസ്സോൻ.

ശുശ്രൂഷക്കാരൻ: ജീവന്മേലും മരണത്തിന്മേലും അധികാരം ഉള്ളവനും, മരണത്തിന്റേയും വേർപാടിന്റേയും യജമാനനും, ആത്മാക്കളുടേയും സകല ജഡങ്ങളുടേയും ദൈവവും ആകുന്ന ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

"ഞാൻ ഉയൎപ്പും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടു. അവനെ ന്യായം വിധിക്കുകയില്ല. മരണത്തിൽനിന്നു ജീവനിലേക്കു അവൻ കടന്നിരിക്കുന്നു" എന്നു അരുളിച്ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

മരിക്കുന്നവരായ എല്ലാവരുടേയും മരണത്തിന്റെ ഗതി കാലുകളിൽനിന്നു തുടങ്ങി തലവരെ എത്തുന്നതി

നമുമ്പായി ബോധം അനുതാപത്തിലേക്ക ധൃതിപ്പെടേണ്ട താണെന്നു തൻെറ വ്യാപാരത്തിൽ യഥോചിതം കല്പിച്ച സൎവ്വജ്ഞാനിയായുള്ളോവേ, നിന്നോടു ഞങ്ങാം പ്രാൎത്ഥി ക്കുന്നു.

കുറിയേലായിസ്സോൻ.

ആകല്പ്പരൂസായുടേയും അവൻെറ സൈന്യങ്ങളുടേ യും ആധിപത്യത്തിൽനിന്നു ഞങ്ങളെല്ലാവരുടേയും ആ ത്മാക്കളെ രക്ഷിച്ചു വീണ്ടുകൊണ്ടവനേ, അന്യായക്കാരു ടെ ആത്മാക്കളെ വീശിപ്പിടിപ്പാൻ വായുമണ്ഡലത്തിൽ നില്ക്കുന്നവരിൽനിന്നു ഈ ഞങ്ങളുടെ സഹോദരൻ (ഇ ന്നാരുടെ) ആത്മാവിനെ വീണ്ടുകൊണ്ടു സ്വൎഗ്ഗീയ ഊർ ശ്ലേമിലേക്ക ഇവനെ കൂട്ടിക്കൊണ്ടുപോകേണമേ, എന്നു നിന്നോടു ഞങ്ങാം അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

കൎത്താവേ, നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തി ൻെറ എതിരേല്പിനു പുറപ്പെടുവാനും, നിൻെറ സകല പരിശുദ്ധന്മാരോടും ഒരുമിച്ചു നിന്നേയും നിൻെറ പിതാ വിനേയും നിൻെറ പരിശുദ്ധറൂഹായേയും സ്തുതിപ്പാനും തക്കവണ്ണം നിൻെറ സന്തോഷകരമായ ഉയൎപ്പിൻെറ ശോഭയുള്ള കതിരുകളാൽ ഞങ്ങളെല്ലാവരുടേയും ആത്മാ ക്കളെ പ്രകാശിപ്പിക്കേണമേ. നാം അട്ടഹസിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

കുറിയേലായിസ്സോൻ.

കുറിയേലായിസ്സോൻ.

കുറിയേലായിസ്സോൻ.

—*—

## വമ്പർ പുരുഷന്മാരുടെ ശവസംസ്കാരം

(മരിച്ചവൻെറ മേൽ പട്ടക്കാരൻ എണ്ണ ഒഴിക്കുമ്പോഴത്തെ പ്രാൎത്ഥന)

ദിവ്യകല്പനയാലും കർത്തൃപ്രസാദത്താലും, ഈ താല്ക്കാലികജീവിതത്തിൽനിന്നു തൻെറ ദാസനെ കൂട്ടിക്കൊണ്ടുപോയ ദൈവമായ കർത്താവേ, ഇവൻെറ സഹായത്തിന്നായി നിൻെറ പക്കൽനിന്നു മാലാഖമാരായ സേനകളെ അയച്ചുകൊടുക്കേണമേ. ഇവൻെറ ശവത്തിന്മേൽ ഒഴിയ്ക്കപ്പെടുന്ന ഈ എണ്ണ മൂലം വായുമണ്ഡലത്തിൽ പതിയിരുന്നു മനുഷ്യരുടെ ആത്മാക്കളെ ആക്രമിക്കുന്ന വിപരീതസൈന്യങ്ങളാലും ശത്രുക്കളുടെ പാളയത്താലും ഇവൻ പിടിക്കപ്പെടാതെ തെററി ഒഴിയുന്നതിന്നു ഇവന്നു കൃപ നൽകേണമേ. പ്രകാശമുള്ള വാസസ്ഥലങ്ങളിലേക്കും പരിശുദ്ധന്മാരോടുകൂടെയുള്ള ആനന്ദത്തിന്നും ഇവനെ കൊണ്ടുചെന്നു അടുപ്പിക്കേണമേ. ഇവൻ സന്തോഷിച്ചു ആനന്ദിച്ചുകൊണ്ടു നിനക്കും നിൻെറ പിതാവിന്നും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ.

——*——

(മുഖത്തും നെഞ്ചത്തും കാലിൻെറ മുട്ടുകളിലും ഓരോ സ്ലീബായുടെ ആകൃതിയിൽ എണ്ണയൊഴിച്ചുകൊണ്ടു ചൊല്ലുന്നു)

അദ്ധ്വാനങ്ങളിൽനിന്നുള്ള വിശ്രമത്തിന്നും, യുദ്ധങ്ങളിൽനിന്നുള്ള സമാധാനത്തിന്നും പരിശുദ്ധന്മാരോടു കൂടെയുള്ള ആനന്ദത്തിന്നും വേണ്ടി പിതാവിൻെറ നാമ

ത്തിലും (1) + (ആമ്മീൻ), പുത്രൻെറ നാമത്തിലും (2) + (ആമ്മീൻ) ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും (3) + നിത്യജീവന്നായി ഇൗ എണ്ണ ഒഴിക്കപ്പെടുന്നു. ആമ്മീൻ.

(പട്ടക്കാരൻ മണ്ണെടുത്തു സ്ലീബായുടെ ആകൃതിയിൽ കബ്‌റിൽ ഇട്ടുകൊണ്ടു)

"നീ മണ്ണാകുന്നു, നീ മണ്ണിലേക്കു തിരിയെ ചേരും വീണ്ടും പുതുതാക്കപ്പെട്ടുകയും ചെയ്യും", എന്നു നീ അരുളിച്ചെയ്തപ്രകാരം, ഞങ്ങളുടെ കർത്താവേ, ഇതാ നിൻെറ തിരുവിഷ്ടം നിവൃത്തിയായിരിക്കുന്നു.

ഹൂത്തോമ്മായുടെയും സമാശ്വാസത്തിൻേറയും പ്രാർത്ഥന.

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി കാരുണ്യത്തോടെ ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ടു ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളേണമേ. ഞങ്ങളുടെ ആശ്വാസത്തിന്നായി വന്നു ഞങ്ങളുടെ ബലഹീനതയെ സമാശ്വസിപ്പിക്കേണമേ. ഞങ്ങളുടെ മരിച്ചവരെ പുണ്യപ്പെടുത്തേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, സത്യവിശ്വാസത്തിൽ നിന്നിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചിരിക്കുന്ന നിൻെറ ദാസനെ പുണ്യപ്പെടുത്തേണമേ.

---

(1) മുഖത്തു സ്ലീബായുടെ ആകൃതിയിൽ ഒഴിക്കണം.

(2) നെഞ്ചത്തു സ്ലീബായുടെ ആകൃതിയിൽ ഒഴിക്കണം.

(3) കാലിൻെറ രണ്ടു മുട്ടുകളിലുംകൂടി സ്ലീബായുടെ ആകൃതിയിൽ ഒഴിക്കണം.

ഇന്നു സത്യവിശ്വാസത്തോടും ദൈവിക യോഗ്യതയോടും ക്രിസ്ത്യാനിക്കു ഉചിതമായ വിധം മശിഹായോടുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചിരിക്കുന്ന തന്റെ ദാസനെ കത്താവു വെടിപ്പും വിശുദ്ധിയുമുള്ള തൃക്കൈകളിൽ സ്വീകരിച്ചു ഇവന്നു സന്തോഷനിബിഡമായ ശ്രേഷ്ഠസ്ഥാനം നൽകേണ്ടതിന്നായിട്ടു ദൈവത്തിന്റെ കരുണയോടു നാമെല്ലാവരും അപേക്ഷിക്കണം. കത്താവു മണവറയും തോട്ടവും സ്വർഗ്ഗരാജ്യത്തിലെ മേശയും ഇവന്നു നൽകുമാറാകട്ടേ! കണ്ണു കണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും, മനുഷ്യഹൃദയം ഗ്രഹിച്ചിട്ടില്ലാത്തതുമായി, തന്നെ സ്നേഹിക്കുന്നവക്കു ദൈവം നൽകിയിരിക്കുന്ന വാഗ്ദത്തം കത്താവു ഇവനിൽ നിവൃത്തിക്കുമാറാകട്ടേ. കത്താവു ഇവന്റെ പാപങ്ങളെ പരിഹരിക്കട്ടേ! കത്താവു ഇവന്റെ കുററങ്ങളെ ക്ഷമിക്കട്ടേ. അരിഷ്ടതകൾ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ വെച്ചു ഇവൻ ചെയ്തിട്ടുള്ള പാപങ്ങളേയും പിഴകളേയും ദൈവം മായിച്ചു കളയട്ടേ. സമൃദ്ധമായ തന്റെ കരുണകളുടെ ബഹുത്വം നിമിത്തം താൻ അവയെ ഓക്കാതിരിക്കട്ടേ. നീതിമാന്മാരുടെ മേൽ കരുണചെയ്യുമ്പോൾ ഇവന്റെ മേലും താൻ കരുണചെയ്യട്ടേ. ഇവന്നു കരുണകൾ വേണ്ടുന്ന ദിവസത്തിൽ ദൈവം ഇവനോടു ദയ ചെയ്യട്ടേ. തന്റെ കൃപയെ കോപിപ്പിച്ച ദുഷ്ടന്മാരോടു താൻ പ്രതികാരം ചെയ്യുമ്പോൾ തന്റെ പരിശുദ്ധന്മാരോടും തിരഞ്ഞെടുക്കപ്പെട്ടവരോടുംകൂടെ ദൈവം ഇവനെയും ആനന്ദിപ്പിക്കട്ടേ. ദരിദ്രനായ ലാസറിനോടുകൂടെ ദൈവം ഇവനെ സന്തോഷിപ്പിക്കട്ടേ. കരുണയാകുന്ന നല്ല എണ്ണയാൽ തങ്ങളു

ടെ ദീപയഷ്ടികൾ കെട്ടുപോകാൻ സംഗതിയാവാതെ സൂക്ഷിച്ച വിവേകമുള്ള അഞ്ചു കന്യകമാരോടുകൂടെ ദൈവം ഇവനെയും സന്തോഷിപ്പിക്കട്ടേ. തങ്ങളിൽനിന്നുള്ള ഇവൻെറ വേർപാടിനെക്കുറിച്ചു ദുഃഖിച്ചും വിഷാദിച്ചും ഇരിക്കുന്നവരായി ഇവിടെ അവശേഷിച്ചിട്ടുള്ളവരെ മശിഹാതമ്പുരാൻ തൻെറ ഏററിയ കരുണകളാൽ ആശ്വസിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യട്ടേ. കർത്താവു അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരിനേയും അവരുടെ ഹൃദയങ്ങളിൽനിന്നു നീറുന്ന വേദനകളേയും നീക്കിക്കളയുമാറാകട്ടേ. കർത്താവു അവരുടെ മേൽ സത്യത്തിൻെറ മുദ്രയിടുമാറാകട്ടേ. സ്വസഹോദരൻെറ ഉയിർപ്പിനാൽ ലാസറിൻെറ സഹോദരികളെ സന്തോഷിപ്പിച്ച ദൈവം തങ്ങളിൽ നിന്നുള്ള ഇവൻെറ വേർപാടിങ്കൽ ദുഃഖിച്ചിരിക്കുന്ന എല്ലാവരേയും ആശ്വസിപ്പിച്ചു ആനന്ദിപ്പിക്കട്ടേ.

എൻെറ സഹോദരന്മാരും വാത്സല്യമുള്ളവരുമേ, "തമ്മിൽ തമ്മിൽ ആശ്വസിപ്പിപ്പിൻ, തമ്മിൽ തമ്മിൽ ധൈര്യപ്പെടുത്തുവിൻ, മരിച്ചവനെ കബറടക്കുവിൻ, അതിനാൽ നീതീകരിക്കപ്പെട്ടുവിൻ, മരിച്ചവനിൽനിന്നു കൃപയെ വിരോധിക്കരുതു. കല്യാണഭവനത്തിൽ പോകുന്നതിനേക്കാൾ ദുഃഖഭവനത്തിൽ പോകുന്നതു നല്ലതാകുന്നു" എന്നു കല്പിച്ചു അരുളപ്പെട്ടതായ ദിവ്യപുസ്തകത്തിലെ വചനത്തെ, വിശുദ്ധസഭയുടെ മക്കളെന്ന നിലയിൽ നിങ്ങൾ വന്നു നിവൃത്തിച്ചിരിക്കുന്നതിനാൽ ദൈവം വന്നു നിങ്ങളെ ആശ്വസിപ്പിച്ച് നിങ്ങൾക്കു സമാധാനവും നിറവും ഉണ്ടാക്കുമാറാകട്ടേ. കർത്താവു തൻെറ കൃപയുടെ ആധിക്യത്താൽ നിങ്ങളുടെ കടങ്ങളെ പരിഹരിക്കയും നിങ്ങളുടെ കുററങ്ങളെ ക്ഷമിക്കയും ചെയ്യട്ടേ. നല്ല മനസ്സോടും വെടിപ്പോടും വിശുദ്ധിയോടുംകൂടി നിങ്ങൾ

തന്നെ വിളിക്കുമ്പോൾ നമ്മുടെ കൎത്താവായ യേശുമിശിഹാ നിങ്ങളോടു ഉത്തരമരുളിച്ചെയ്യട്ടേ. പരിപൂൎണ്ണവും ഐശ്വൎയ്യമുള്ളതും ആയ തന്റെ ശ്രീഭണ്ഡാരത്തിൽനിന്നു കൎത്താവു നിങ്ങളുടെ യാചനകളെ സാധിപ്പിച്ചുതരുമാറാകട്ടേ. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്നു അകത്തു പ്രവേശിച്ചു, ലോകാരംഭത്തിനുമുമ്പേ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വൎഗ്ഗരാജ്യത്തെ അവകാശമായി അനുഭവിച്ചുകൊള്ളുവിൻ" എന്നു വിളിച്ചുപറയുന്ന സന്തോഷകരമായ ശബ്ദം ദൈവം നിങ്ങളെ കേൾപ്പിക്കട്ടേ. നിങ്ങളുടേയും, നിങ്ങളുടെ മരിച്ചവരുടേയും, മശിഹായിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന നിന്റെ ഈ ദാസനായ (ഇന്നാരുടേയും) പാപങ്ങളെ താൻ പരിഹരിക്കട്ടേ. കൎത്താവു ഇവനെ വിളിച്ചു തന്റെ വലത്തുഭാഗത്തു നിറുത്തുമാറാകട്ടേ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിന്നുമുമ്പു അവന്റെ കൂടാരം കൎത്താവു എവിടെ സ്ഥാപിച്ചുവോ അവിടെ ഇവന്റെ ആവാസവും സുഖാനുഭോഗവും ആയിത്തീരട്ടെ. ഇതു സ്വൎഗ്ഗീയസഭയിലും ഈ ഭൌമികസഭയിലും സംഭവിച്ചു നിവൎത്തിക്കപ്പെടേണമേ എന്നു ഞങ്ങൾ പ്രാൎത്ഥിച്ചു അപേക്ഷിക്കുന്നു. ആയതു പ്രത്യേകിച്ചു ദൈവമാതാവായ മറിയാമിന്റേയും സകല പരിശുദ്ധന്മാരുടേയും പ്രാൎത്ഥനകളാൽ തന്നെ. ആമ്മീൻ.

തന്നിൽ ശരണപ്പെട്ടു നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ദാസനും ആരാധകനും ആയവനെ താൻ തന്റെ കൃപയാൽ ആശ്വസിപ്പിക്കട്ടെ. ദൈവത്തിന്റെ കരുണകൾ നമ്മുടെ സംഘത്തിന്മേൽ രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ഉണ്ടാകുകയും ചെയ്യുമാറാകട്ടേ. ആമ്മീൻ.

# സ്ത്രീകളുടെ ശവസംസ്കാരം

## ഒന്നാം ശുശ്രൂഷ.

ഒരു കൌമാ ചൊല്ലണം.

### പ്രാരംഭപ്രാത്ഥന.

പട്ടക്കാരൻ: പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹാ യ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കുംചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

കത്താവേ, ഈ ലോകത്തിൽനിന്നു പുറപ്പെട്ടു നിന്റെ അടുക്കൽ വന്നു ചേൎന്നിട്ടുള്ള ഈ നിന്റെ ദാസിയുടെ ആത്മാവിന്നു ഭാഗ്യമുള്ള മണവറയും ആനന്ദങ്ങളുടെ പന്തിയും സന്തോഷങ്ങളുടെ വാസസ്ഥലവും നീ സൌജന്യമായി നൽകേണമേ. നീ അവസാനത്തിൽ മഹത്വത്തോടുകൂടെ എഴുന്നള്ളുകയും, നീതിയോടെ ഭൂലോകത്തെ ന്യായം വിധിക്കയും, അവനവൻ യോഗ്യമായിരിക്കുന്ന പ്രകാരം എല്ലാവന്നും പ്രതിഫലം നൽകുകയും ചെയ്യുമ്പോൾ, പിതാവും പുത്രന്നും പരിശുദ്ധറൂഹായുംആയുള്ളോവേ നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ ചേരുന്നതിന്നും അവരോടുകൂടെ നിനക്കു ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും പാടുന്നതിന്നും ഇവളെ യോഗ്യമുള്ളവൾ ആക്കേണമേ. ആമ്മീൻ.

൫-ാം മസുമൂർ ചൊല്ലണം.

പ്രമിയോൻ.

നാമെല്ലാവരും പ്രാൎത്ഥിച്ചു.....

വെളിപാടാൽ തൻെറ ആത്മാവിനെ അയക്കയും, എഴുന്നെള്ളത്താൽ ഭൂമിയുടെ ഉപരിഭാഗങ്ങളെ പുതുക്കുകയും, ശബ്ദത്താൽ മരിച്ചവരെ ഉയൎപ്പിക്കയും, കല്പനാൽ കബറിൽ ഉള്ളവരെ എഴുന്നേല്പിക്കയും, തിരുവിഷ്ടത്താൽ അവരെ മഹത്വപ്പെടുത്തി കൃപയാൽ അവരെ അമരണത്വം ധരിപ്പിക്കയും ഭക്തന്മാരെ തൻെറ ഉന്നതരാജ്യത്തിലേക്കു ഉയൎത്തുകയും, തൻെറ മാഹാത്മ്യമേറിയ മണവറയിലേക്കു അവരെ പ്രവേശിപ്പിക്കയും, തൻെറ യോഗ്യതയുടെ തേജസ്സു അവരിൽ ഉദിപ്പിക്കയും; തൻെറ മുഖപ്രകാശത്താൽ അവരെ ആനന്ദിപ്പിക്കയും ചെയ്യുന്നവനായി ജീവിപ്പിക്കുന്നവനും വിസ്മയനീയനുമായ തനിക്കു സ്തുതി. തനിക്കു സ്തുതിയും ബഹുമാനവും തൻെറ ദാസിയുടെ ശവസംസ്കാരത്തിൻെറ ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ.

സെദറാ.

ഞാൻ ഉയിൎപ്പും ജീവനും, എന്നിൽ സങ്കേതപ്പെട്ടു അഭയംപ്രാപിക്കുന്ന എല്ലാ ആത്മാക്കളുടേയും രക്ഷകനും ആകയാൽ എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ഞാൻ അവനെ ഉയിൎപ്പിക്കും എന്നു ഉറപ്പോടേ വാഗ്ദത്തംചെയ്തവനായ ജീവനുള്ളവരുടെ തലവനും, മരിച്ചവരുടെ നാഥനും ആയ ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, നിന്നിൽ ശരണപ്പെട്ടു നിദ്രപ്രാപിക്കയും

ഈ താല്ക്കാലികജീവിതത്തിൽനിന്നു വേർപെടുകയും ചെയ്ത ഈ നിന്റെ ദാസിയുടെ ആത്മാവിനെ കത്താവേ, നീ ദയാപൂർവ്വം സ്വീകരിച്ചു സസ്നേഹം ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തേണമേ. മനുഷ്യസ്നേഹത്തോടെ ഇവളെ സമാധാനിപ്പിക്കേണമേ. നിങ്കലേക്കുള്ള ഇവളുടെ യാത്രയിൽ, ഞങ്ങളുടെ ആത്മാക്കളെ വലയിൽ അകപ്പെടുത്തുവാനായി വായുമണ്ഡലത്തിലെ കടവുകളിൽ പതിയിരുന്നു അന്യായക്കാരുടെ നാശത്തെ കാംക്ഷിക്കുന്ന ക്രൂരങ്ങളിൽനിന്നു ഇവളുടെ ആത്മാവിനെ രക്ഷിക്കേണമേ. സമാധാനദൂതന്മാർ നിന്റെ പരിശുദ്ധന്മാരുടെ ഭാഗ്യമുള്ള ഭവനങ്ങളിലേക്കു ഇവളെ വഴിനടത്തേണമേ. പരിശുദ്ധനായ ദൈവമേ, നിന്റെ ദാസിയുടെ മേൽ കരുണചെയ്യേണമേ. കാരുണ്യവാനായ ദൈവമേ, നിന്നിൽ വിശ്വസിച്ച നിന്റെ ദാസിയെ രക്ഷിക്കേണമേ. മഹാകൃപാലുവായ ദൈവമേ, ഇവളേയും നിന്നിൽ ഏററുപറകയും നിന്റെ സ്ലീബായെ വന്ദിക്കയും പുതിയ ജീവന്റെ അച്ചാരമായി നിന്റെ തിരുശരീരരക്തങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുള്ളവരേയും നീ ഉപേക്ഷിക്കരുതേ. ദയാലുവായ ദൈവമേ, മാമോദീസായിൽ നിന്റെ ദാസിക്കു നീ കൊടുത്തിട്ടുള്ള പ്രകാശത്തിന്റെ നിലയങ്കിയും മൂറോന്റെ മുദ്രയും നീ അഴിച്ചുകളയരുതേ. നിന്റെ രാജാധിപത്യത്തിൽനിന്നു പുറത്തേക്കു ആട്ടിക്കളയുന്ന കോപശബ്ദം ഇവളെ കേൾപ്പിക്കരുതേ. രണ്ടാമത്തെ മരണംകൊണ്ടു ഇവളെ നീ മരിപ്പിക്കരുതേ. "നീ പോകുക. നിന്നെ ഞാൻ അറിയുന്നില്ല" എന്നുള്ള ശബ്ദം ഇവളെ നീ കേൾപ്പിക്കരുതേ. ഈ മരണം വിശ്വാസികൾക്കു ഉറക്കമാകുന്നുവ

ല്ലോ. കൎത്താവേ, ഇവൾ മനസ്സോടും മനസ്സുകൂടാതേയും ചെയ്തിട്ടുള്ള തെററുകളെ നീ ഇപ്പോൾ പരിഹരിക്കേണമേ. ബുദ്ധിയുള്ള കന്യകമാരുടെ സകല ആത്മാക്കളോടും ഒരുമിച്ച നിൻെറ രക്ഷയുടെ തുറമുഖത്തിൽ ഇവളെ നീ ഗണിക്കേണമേ. ഇവൾക്കുവേണ്ടി നിന്നോടു അപേക്ഷിക്കുന്ന പാപികളായ ഞങ്ങളെ പരിപാകതയുള്ള നടപടികൾക്കും വിശുദ്ധ വ്യാപാരങ്ങൾക്കും ആയി ശക്തിപ്പെടുത്തി സഹായിക്കേണമേ. അനൎത്ഥമില്ലാത്ത വേർപാടിന്നും നല്ല അവസാനത്തിന്നും ഞങ്ങളെ ഒരുക്കമുള്ളവരാക്കിത്തീൎക്കേണമേ. വായുമണ്ഡലത്തിലെ ഉപദ്രവകരമായ ആക്രമണങ്ങളിൽനിന്നു ഞങ്ങളെ വീണ്ടുകൊള്ളേണമേ. നിൻെറ കൃപയുടെ ചിറകിൻകീഴ ഞങ്ങളെ മറയ്ക്കേണമേ. ദുഃഖങ്ങളോ നെടുവീൎപ്പുകളോ ഇല്ലാത്ത സന്തോഷഭവനങ്ങളിലേക്കു ഞങ്ങളെ കൊണ്ടുപോയി പ്രവേശിപ്പിക്കേണമേ. ഈ ലോകത്തിന്നു അവസാനവും നിൻെറ നിത്യലോകത്തിന്നു ആരംഭവും ഉണ്ടാകുന്നതായ അവസാനത്തേതും ആദ്യത്തേതുമായ നിൻെറ വലിയ ദിവസത്തിൽ നിൻെറ രക്ഷ ഞങ്ങൾ എല്ലാവൎക്കും നീ നൽകേണമേ. നിൻെറ സാന്നിധ്യത്താൽ ഞങ്ങളെല്ലാവരേയും സന്തോഷിപ്പിക്കേണമേ. നിൻെറ വലത്തുഭാഗത്തു ഞങ്ങളെ നീ ഭക്ഷണത്തിന്നു ഇരുത്തേണമേ. നിൻെറ പുഷ്ടിയുള്ള മേച്ചിൽസ്ഥലങ്ങളിൽ ഞങ്ങളെല്ലാവരേയും മേയിക്കേണമേ. നിൻെറയും, നല്ലവനും കാരുണ്യവാനും ആയ നിൻെറ പിതാവിൻേറയും, വിശ്വാസികളെ ജീവിപ്പിക്കുന്നവനും ഉത്തമനുമായ നിൻെറ റൂഹായുടേയും കൃപയാലും മനുഷ്യസ്നേഹത്താലും നിൻെറ പെരുന്നാളിൽ അണിയണിയാ

യിനില്ക്കുന്ന രക്ഷപ്പെട്ട എല്ലാവരോടുംകൂടെ നിന്റെ ഭവനത്തിലെ കൊഴുപ്പുകൊണ്ടു ഞങ്ങളെല്ലാവരേയും പോഷിപ്പിക്കേണമേ. ഇപ്പോഴും എല്ലായ്പോഴും എന്നേക്കും തന്നെ ഓൎത്തു മഹത്വപ്പെടുത്തണം. ആമ്മീൻ.

---

## എത്രാ.

---

പരിമളവാസനയുടെ സമൃദ്ധിയാൽ ഉയരത്തിലെ സ്വൎഗ്ഗീയരേയും താഴെയുള്ള ഭൂവാസികളേയും കബറുകളിൽ മരിച്ചവരേയും മണപ്പിച്ച സൌരഭ്യധൂപവും, പരിമളവാസനയും ആയ കൎത്താവേ, ഇപ്പോൾ നിന്റെ കല്പന കൂട്ടിക്കൊണ്ടു പോയിട്ടുള്ള ഈ നിന്റെ ദാസിയുടെ ആത്മാവിനും, നിന്നിൽ വിശ്വസിക്കയും നിന്നിൽ ശരണപ്പെട്ടു മരിക്കയും ചെയ്തിട്ടുള്ള സകല മരിച്ചവൎക്കും സ്വൎഗ്ഗസുഖവും പാപപരിഹാരത്തിന്റെ മാധുൎയ്യവും നീ ദാനം ചെയ്യേണമേ. നിന്റെ മഹിമ ഉദിക്കയും നിന്റെ ദൈവത്വം വെളിപ്പെടുകയും ചെയ്യുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറുവാൻ ഇവളെ യോഗ്യമുള്ളവളാക്കേണമേ. ആമ്മീൻ.

---

## മറെറാരു ശുശ്രൂഷ.

---

ഒരു കൌമാ ചൊല്ലണം.

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ.

മരണമുള്ളവരെ പാപമരണത്തിൽനിന്നു രക്ഷിപ്പാനായി ജഡപ്രകാരം മരിച്ച നല്ലവനും, മരണമില്ലാത്തവനും ആയുള്ളോവേ, അനിത്യമായ ഈലോകത്തിൽ നിന്നു നിന്റെ കരുണയിലുള്ള ശരണത്തിൽ വാങ്ങിപ്പോയിരിക്കുന്ന ഞങ്ങളുടെ സഹോദരിയായ (ഇന്നാൾ) വേണ്ടി ഇപ്പോൾ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആത്മാവിൽ പൂൎണ്ണമായ ആശ്വാസം ഇവൾക്കു നീ സൌജന്യമായി കൊടുക്കേണമേ. നിന്റെ രാജ്യത്തിലുള്ള നിന്റെ വിരുന്നിൽ തോഴ്മക്കാരികളോടുകൂടെ ഇവളെ നീ ഇരുത്തേണമേ, എന്തെന്നാൽ ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായി പിതാവും പുത്രനും വിശുദ്ധറൂഹായുമായ ഏകദൈവമേ, നീ നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനും ആകുന്നു. തനിക്കു എന്നേക്കും ബഹുമാനം കടപ്പെട്ടിരിക്കുന്നു, ആമ്മീൻ.

——✻——

പ്രുമിയോൻ, സെദറാ.

(പുരുഷന്മാരുടെ ശവസംസ്കാരശുശ്രൂഷ നോക്കുക.)

എത്രാ

അനുഗ്രഹസമൃദ്ധനായ ദൈവമായ കൎത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. മരിച്ചു ഉറങ്ങിപ്പോയി

രിക്കുന്ന നിൻെറ ദാസിയായ (ഇന്നാരുടെ) ആത്മാവിനു വേണ്ടി ഈ സമയം ഞങ്ങൾ നിനക്കു അണച്ചിരിക്കുന്ന ഈ ധൂപത്തെ നീ കൈക്കൊള്ളേണമേ. ഞങ്ങളുടെ കത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, പാപങ്ങളുടെ പരിഹാരത്തിനും മോചനത്തിന്നും നിൻെറ മുമ്പാകെയുള്ള മുഖപ്രസാദത്തിനും ഇവളെ നീ യോഗ്യമുള്ളവളാക്കേണമേ. ആമ്മീൻ.

—:*:—

## വേറൊരു ശുശ്രൂഷ.

ഒരു കൌമാ ചൊല്ലണം.

—*—

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും: ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ:

കരുണയുള്ള ദൈവമായ കത്താവേ, നിന്നിൽ ഞങ്ങൾ ശരണപ്പെടുന്നു. നിൻെറ കർത്തൃകല്പനയാൽ വേർപെട്ടുപോയ ഈ ആത്മാവിനുവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കത്താവേ, ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽനിന്നും കാണപ്പെടാത്ത അന്ധകാരസൈന്യങ്ങളിൽനിന്നും ഇതിനെ വീണ്ടുകൊള്ളേണമേ. ഈ ആത്മാവ് ജീവൻെറ സ്ഥലത്തു നീതിമാന്മാരുടെ കൂട്ടത്തിൽ ചെന്നു എത്തുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധ

റൂഹായും ആയുള്ളോവേ, ഇപ്പോഴും എല്ലായ്പോഴും എന്നേക്കും ഇതു നിൻെറ പരിശുദ്ധന്മാരോടുകൂടെ വസിക്കുമാറാകേണമേ, ആമ്മീൻ.

## എത്രാ.

ബലവാനും അനുഗ്രഹങ്ങളും മനോഗുണവും വളരെയുള്ളവനുമായ ദൈവമായ കൎത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിൻെറ അടുക്കലേക്കു നിന്നാൽ എടുക്കപ്പെട്ടിട്ടുള്ള നിദ്രപ്രാപിച്ച നിൻെറ ദാസി (ഇന്നാൾക്കു) വേണ്ടി ഈ സമയത്തു നിൻെറ തിരുമുമ്പാകെ ഞങ്ങൾ സമൎപ്പിച്ചിരിക്കുന്ന സുഗന്ധധൂപത്തെ നീ സ്വീകരിക്കേണമേ. എന്നേക്കും ഞങ്ങളുടെ കൎത്താവും ദൈവവുമായുള്ളോവേ, സ്വൎഗ്ഗീയ ഊൎശ്ലേമിൽ മനോഹര ആസ്ഥാനങ്ങളിൽ ഇവളെ ആശ്വസിപ്പിക്കേണമേ. കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും നിൻെറ മുമ്പാകെയുള്ള മുഖപ്രസാദത്തിനും ഇവളെ യോഗ്യമുള്ളവളാക്കേണമേ. ആമ്മീൻ.

---*---

## മറെറാരു ശുശ്രൂഷ.

ഒരു കൌമാ ചൊല്ലണം.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോ

കങ്ങളിലും എന്നേക്കും ചൊരിയപ്പെട്ടുമാറാകേണമേ, ആമ്മീൻ.

പട്ടക്കാരൻ.

ദൈവമായ കൎത്താവേ, ഈ താല്ക്കാലികജീവിതത്തിൽനിന്നു ഇപ്പോൾ വേർപെട്ടു ഈ വ്യൎത്ഥലോകത്തിൽനിന്നു പുറപ്പെട്ടിരിക്കുന്ന ഈ ആത്മാവു ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്കു ഉയിൎപ്പു ദിവസംവരെ നിന്റെ പരിശുദ്ധമാലാഖമാരാൽ വഴി നടത്തപ്പെടുവാൻ സംഗതിയാകേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഈ ആത്മാവു മുഖപ്രസാദത്തോടെ അവിടെ നിന്നെ എതിരേല്ക്കുമാറാകേണമേ, ആമ്മീൻ.

പ്രുമിയോൻ, സെദറാ.

(പുരുഷന്മാരുടെ ശവസംസ്കാര ശുശ്രൂഷ നോക്കുക)

വായനകൾ.

മഹാജ്ഞാനം വ: ൧—൭
നടപ്പു ൽ: ൩൬—൪൦
൧ തെസ്സലോ ൪: ൧൩—൧൮

എന്റെ സഹോദരന്മാരേ, ആശയില്ലാത്ത മററു മനുഷ്യരെപ്പോലെ നിദ്രപ്രാപിക്കുന്നവരെക്കുറിച്ചു നിങ്ങൾ ദുഃഖിക്കരുതെന്നു നിങ്ങൾ അറിവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ യേശു മരിക്കയും ഉയിൎക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അപ്രകാരം തന്നെ യേശുവിൽ നിദ്രപ്രാപിച്ചവരേയും ദൈവം ത

ന്നോടുകൂടെ കൊണ്ടുവരും. എന്നാൽ നമ്മുടെ കൎത്താവി ന്റെ തിരുവചനപ്രകാരം ഞങ്ങൾ ഇതിനെ നിങ്ങളോടു പറയുന്നു. നമ്മുടെ കൎത്താവിന്റെ വരവിൽ ജീവനോടെ ശേഷിച്ചവരായ നാം നിദ്രപ്രാപിച്ചവൎക്കു മുമ്പായി പോ കയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ കൎത്താവു കല്പന പ്രകാരം പ്രധാന മാലാഖായുടെ ശബ്ദഘോഷത്തോടും ദൈവത്തിന്റെ കാഹളധ്വനിയോടുംകൂടെ ആകാശത്തി ൽ നിന്നിറങ്ങിവരും. മിശിഹായിലുള്ള മരിച്ചവർ ആ ദ്യമേ ഉയിൎത്തെഴുന്നേല്ക്കും. അപ്പോൾ ജീവനോടെ ശേ ഷിച്ചിരിക്കുന്നവരായ നാം വായുമണ്ഡലത്തിൽ നമ്മുടെ കൎത്താവിന്റെ എതിരേല്പിന്നായി മേഘങ്ങളിൽ ഒന്നി ച്ചു അവരോടുകൂടി എടുത്തുകൊള്ളപ്പെടും. ഇങ്ങിനെ എ ല്ലായ്പോഴും നാം നമ്മുടെ കൎത്താവിനോടുകൂടെ ആയിരി ക്കും. ആകയാൽ ഈ വചനങ്ങളെ അറിഞ്ഞു തമ്മിൽ ത മ്മിൽ ആശ്വസിപ്പിക്കുവിൻ.

### വിശുദ്ധ ഏവൻഗേലിയോൻ.

മത്തായി ൨൫: ൧-൧൩.

---

സ്വൎഗ്ഗരാജ്യം, തങ്ങളുടെ ദീപങ്ങളെ എടുത്തു മണ വാളന്റേയും മണവാട്ടിയുടേയും എതിരേല്പിന്നു പുറപ്പെട്ട പത്തു കന്യകമാൎക്കു സദൃശമാകുന്നു. അവരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരും ആ യിരുന്നു. എന്നാൽ ബുദ്ധിയില്ലാത്തവർ അവരുടെ ദീപ ങ്ങളെ എടുത്തു. അവർ എണ്ണയെടുത്തില്ല. എന്നാൽ ബുദ്ധിയുള്ളവർ അവരുടെ ദീപങ്ങളോടുകൂടെ പാത്രങ്ങ

ളിൽ എണ്ണയും എടുത്തു. മണവാളൻ താമസിച്ചപ്പോാം അവർ എല്ലാം മന്ദിച്ചുറങ്ങി. പാതിരാത്രിയിൽ, "ഇതാ മണവാളൻ വരുന്നു! അവൻെറ എതിരേല്പിന്നു പുറപ്പെട്ടു വീൻ" എന്നൊരു ആർപ്പുവിളിയുണ്ടായി. അപ്പോാം ആ കന്യകമാരെല്ലാം എഴുന്നേററു തങ്ങളുടെ ദീപങ്ങളെ തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു, "നിങ്ങളുടെ എണ്ണയിൽനിന്നു കുറെ ഞങ്ങാംക്കും തരുവീൻ. കണ്ടാലും, ഞങ്ങളുടെ ദീപങ്ങാം കെട്ടുപോയി" എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ ഉത്തരമായിട്ടു, "ഞങ്ങാംക്കും നിങ്ങാംക്കും അതു തികയുകയില്ല. നിങ്ങാം കച്ചവടക്കാരുടെ അടുക്കൽ പോയി വാങ്ങിക്കൊാംവീൻ" എന്നു പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോാം മണവാളൻ വരികയും ഒരുങ്ങിയിരുന്നവർ അവനോടുകൂടി മണവറയ്ക്കകത്തു കടന്നു വാതിൽ അടയ്ക്കുകയും ചെയ്തു. എന്നാൽ ഒടുവിൽ മററെ കന്യമാരും വന്നു, "ഞങ്ങളുടെ യജമാനനേ, ഞങ്ങളുടെ യജമാനനേ, ഞങ്ങാംക്കു തുറന്നുതരേണമേ" എന്നു പറഞ്ഞു. എന്നാൽ അവൻ ഉത്തരമായിട്ടു അവരോടു, "ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു. ആയതുകൊണ്ടു ആ ദിവസത്തേയും നാഴികയേയും അറിയാത്തതിനാൽ ഉണർവ്വുള്ളവരായിരിപ്പീൻ.

---

## ലുത്താനിയാ.

ശുശ്രൂഷക്കാരൻ:

നാമെല്ലാവരും ഒത്തൊരുമിച്ചു നിന്നു ദുഃഖത്തോടും പ്രലാപത്തോടുംകൂടി ദൈവത്തെ പ്രസാദിപ്പിക്കുന്ന ശബ്ദ

ത്തിൽ കുറിയേലായിസ്സോൻ എന്നു ഏററുചൊല്ലണം.

കുറിയേലായിസ്സോൻ.

മരണമുള്ള ഞങ്ങളുടെ വർഗ്ഗത്തിൻെറ സത്യജീവനായ ഞങ്ങളുടെ മിശിഹാ തമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

സത്യവിശ്വാസത്തിൽ നിദ്രപ്രാപിച്ചു നിന്നിൽനിന്നുള്ള അനുഗ്രഹങ്ങളെ ആഗ്രഹിക്കുന്നവരായ എല്ലാവക്കും നിന്നിൽനിന്നുള്ള ദയയും നീതീകരണവും ലഭിപ്പാൻ വേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

ഞങ്ങൾ അട്ടഹസിച്ചു മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലുന്നു.

കുറി......കുറി......കുറി......

[പട്ടക്കാരൻ സ്ളീബാരൂപത്തിൽ കുഴിയിൽ മണ്ണിട്ടുകൊണ്ടു ചൊല്ലേണ്ടതു]

"നീ മണ്ണാകുന്നു; മണ്ണിലേക്കു തിരിയെ ചേരും; വീണ്ടും പുതുതാക്കപ്പെടുകയും ചെയ്യും," എന്നു നീ അരുളിച്ചെയ്തപ്രകാരം, ഞങ്ങളുടെ കത്താവേ, ഇതാ നിൻെറ തിരുവിഷ്ടം നിവൃത്തിയായിരിക്കുന്നു.

——

ബാല്യക്കാരുടേയും ശിശുക്കളുടേയും

# ശവസംസ്കാരം.

## ഒന്നാം ശുശ്രൂഷ.

ഒരു കൌമ ചൊല്ലണം.

### പ്രാരംഭപ്രാത്ഥന.

പട്ടക്കാരൻ:—പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും ചൊരിയപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പട്ടക്കാരൻ:—കത്താവേ, പാപക്കറയിൽനിന്നും മലിനതയിൽനിന്നും നിമ്മലീകരിക്കപ്പെട്ടവരായി നികൃഷ്ടതരവും ദുഃഖകരവുമായ ഈ ആയുസ്സിൽനിന്നു ശൈശവപ്രായത്തിൽ വാങ്ങിപ്പോയിരിക്കുന്ന എല്ലാവരേയും നിന്റെ കൃപയാൽ സന്തോഷിപ്പിക്കയും, നിന്റെ മനുഷ്യസ്നേഹത്താൽ ആശ്വസിപ്പിക്കുകയും, മഹത്വമുള്ള നിന്റെ മണവറയിലും നിന്റെ നാശമില്ലാത്ത രാജ്യത്തിലും ആനന്ദിപ്പിക്കയും ചെയ്യേണമേ. അവർ നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടു കൂടെ സന്തോഷമുള്ള പുൽമാലകളിലും മോഹനീയവും ആനന്ദകരവുമായ സ്ഥലങ്ങളിലും, മേയുകയും സകല സൃഷ്ടിയേക്കാൾ ഉന്നതമായിരി

ക്കുന്ന നിൻെറ ദൈവത്വത്തിന്നും നിൻെറ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സന്തോഷത്തോടും ആനന്ദത്തോടും കൂടെ സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകേണമേ. ആമ്മീൻ.

എല്ലാവരും:– ദൈവമേ നിൻെറ കൃപപോലെ—ഇത്യാദി.

---

പ്രുമിയോൻ.

---

പട്ടക്കാരൻ:—നാം എല്ലാവരും പ്രാൎത്ഥിച്ചു.....

എല്ലാവരും:– അനുഗ്രഹിക്കുന്നവനായ കൎത്താവേ,.....

മരണാധികാരിയായ ആകൽക്കറുസായെ നശിപ്പിച്ചു കളവാൻ തക്കവണ്ണം മക്കളുടെ സാദൃശത്തിൽ ജഡത്തോടും രക്തത്തോടും സംബന്ധപ്പെട്ടുകൊണ്ടു വ്യാപാരപ്രകാരം ജ്ഞാനത്തിലും വളൎച്ചയിലും കൃപയിലും വളൎത്തപ്പെട്ടവനായി സ്വഭാവത്തിലും സാരാംശത്തിലും പരിപൂൎണ്ണനായുള്ളോവേ, നിൻെറ അടുക്കലേക്കു ഞങ്ങളുടെ മക്കളെ രാജപ്രതിനിധികളെ എന്നപോലെ, തിരുനാമത്തെ മഹത്വപ്പെടുത്തുന്ന സാന്ത്വനോക്തികളാൽ ശുശ്രൂഷാനിരതയോടും ധൈൎയ്യത്തോടും കൂടി, ക്രിസ്തീയമാംവണ്ണം യാത്രയയപ്പാൻ ഞങ്ങൾക്കു സംഗതിയാകേണമേ. ആനന്ദനിബിഡമായ സ്വൎഗ്ഗീയപുൽമാലകളിൽ മേടമാസത്തിലെ കുഞ്ഞാടുകളെപ്പോലെ നിന്നോടൊന്നിച്ചു ആഹ്ലാദിപ്പാൻ ഞങ്ങളേയും അവരേയും യോഗ്യരാക്കേണമേ. തനിക്കു തൻെറ ശിശുവിൻെറ ശവസംസ്കാരശുശ്രൂഷയെ

നിവൃത്തിക്കുന്ന ഈ നേരത്തിലും എല്ലാ പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു.

---

## സെദറൊ.

ആദിയും അന്തവുമില്ലാത്ത വചനമായ പൂർണ്ണദൈവമായുള്ളോവേ! അപൂർണ്ണമായ ഞങ്ങളുടെ മാൎഗ്ഗത്തെ പൂർണ്ണതയിലേക്കു വരുത്തുവാൻ ആരംഭംമുതലേ നിനക്കു കൃപ തോന്നിയതിനാൽ മനുഷ്യസ്നേഹം മൂലം നീ പൈതലായിത്തീൎന്നു. നിന്റെ അനുഗ്രഹാതിരേകം നിമിത്തം മാനുഷികശൈശവത്വത്തിലേക്കു ഉയരത്തിൽനിന്നു നീ ഇറങ്ങിവന്നു. നിന്റെ സാദൃശത്തിലേക്കു അതിനെ കൊണ്ടുവരുവാൻ വേണ്ടി മനുഷ്യസ്നേഹത്താൽ അതിന്റെ സാദൃശം നീ ധരിച്ചു. നിന്റെ കരുണയാൽ ഞങ്ങളുടെ വൎദ്ധനയോടുകൂടെ ഓരോരോ പ്രായങ്ങളിലും നീ പെരുമാറി. നിന്റെ താഴ്മയാൽ നീ ധരിച്ച ശരീരം മൂലം നീ ശിശുവായിത്തീൎന്നു. തിരുവിഷ്ടപ്രകാരം പ്രായാനുസരണം നിന്റെ അവയവങ്ങളും വളൎന്നുവന്നു. തിരുസ്നേഹം മൂലം നീ ശിശുക്കളെ എടുക്കുകയും, പരിശുദ്ധ വാഴ്വുകളാൽ അവരെ നീ ഓമനിക്കുകയും ചെയ്തു. ഇപ്പോൾ കൎത്താവേ, നിന്റെ കൃപയാൽ രൂപീകരിക്കപ്പെട്ട ഈ പൈതലിനെ നീ കൈക്കൊള്ളേണമേ. തിരുസ്നേഹത്താൽ നിന്റെ പരിശുദ്ധ കൈകളിൽ വഹിക്കപ്പെട്ടിട്ടുള്ള പൈതങ്ങളെപ്പോലെ നിന്റെ കരുണയുടെ ചിറകുകളിൽ ഇവനെ നീ വഹിക്കേണമേ. തങ്ങളുടെ വാകൊണ്ടു നിനക്കു സ്തോത്രം പാടിയ പൈതങ്ങളോടുകൂടെ ഇവനേയും നീ

ക്രമീകരിക്കേണമേ. നിൻെറ കല്പനമൂലം നിൻെറ അടുക്കലേക്ക ഇവൻ പുറപ്പെട്ടിരിക്കുന്നതിനാൽ ഇവൻെറ വരവിനെ പ്രതീക്ഷിച്ച ഇവന്നു നീ വഴിയൊരുക്കേണമേ. മോഹനീയമായ പൈതൽപ്രായത്തിൽ ഇവനെ സന്തോഷമുള്ള ആത്മീയമദ്ബഹായിങ്കൽ നിൻെറ ദയയാൽ നിൎമ്മലധൂപംപോലെ നീ കൈക്കൊള്ളേണമേ. കൎത്താവേ, നിൻെറ സ്നേഹം മൂലം നിൻെറ സന്നിധാനത്തിലെ മേന്മയേറിയ മടിയിലും നിൻെറ മഹിമയേറിയ കൊട്ടാരങ്ങളിലും പ്രാകാരങ്ങളിലും നിന്നെപ്രതി കൊലയേററ സഹദേന്മാരായ കുഞ്ഞാട്ടുകളുടെ തൊഴുത്തിലും ഉത്തമന്മാർ സന്തോഷിക്കുന്ന സ്ഥലത്തും വിശിഷ്ടമായ വിരുന്നിലും ഇവനെ നീ ചേൎത്തു വസിപ്പിക്കേണമെ. ആനന്ദകരമായ സുഗന്ധം ഇവൻെറ മേൽ വീശുമാറാകേണമേ. നിൻെറ ശോഭയേറിയ മണവറയിൽ ഇവനെ ആനന്ദിപ്പിക്കേണമേ. വിലയേറിയ നിധിപോലെ നിൻെറ രാജ്യഭണ്ഡാരത്തിൽ ഇവനെ ചേൎത്തുകൊള്ളേണമേ. നിൻെറ പ്രഭയേറിയ കിരീടത്തിലെ രത്നംപോലെ ഇവൻ തിളങ്ങുമാറാക്കേണമേ. നിൻെറ പ്രഭാമകുടത്തിൽ മേത്തരം കല്ലുപോലെ ഇവനെ പതിച്ചുകൊള്ളേണമേ. നിൻെറ മഹനീയമായ ആകാശത്തട്ടിൽ ശോഭയുള്ള നക്ഷത്രംപോലെ ഇവനെ ശോഭിപ്പിക്കേണമേ. കൌതുകകരമായ മുന്തിരിക്കുലയിൽ നിന്നെന്നപോലെ തണ്ടിൽനിന്നു പറിച്ചെടുക്കപ്പെട്ടതിനാൽ വേർപിരിഞ്ഞതു നിമിത്തം വിലപിച്ചിരിക്കുന്നവരെ നിന്നിലുള്ള ശരണത്താൽ നീ ആശ്വസിപ്പിക്കയും, നിൻെറ ദയ അവരുടെ കണ്ണുനീരുകളെ തുടച്ചുകളകയും ചെയ്യേണമെ. നിൻെറ കരുണയാ

കുന്ന പനിനീരിനാൽ അവരുടെ വികാരജ്വാലകളെ കെടുത്തിക്കളയേണമേ. നിന്റെ ഉപദേശത്തിന്റെ ജീവപാനീയമാകുന്ന ആത്മീയവെള്ളത്താൽ അവരുടെ ഉൽക്കണ്ഠാദാഹത്തെ ശമിപ്പിക്കേണമേ. എന്നാൽ കൎത്താവേ, നിന്റെ ഉപദേശത്താൽ ഞങ്ങളെ നീ ഗ്രഹിപ്പിച്ചിട്ടുള്ള പരിപാകതയുള്ള നടപടികൾമൂലം ഞങ്ങൾ ഭേദപ്പെട്ട പൈതങ്ങളെപ്പോലെ ആയിത്തീരുമാറാകേണമേ. അവരോടുകൂടെ നിന്റെ സ്വൎഗ്ഗരാജ്യത്തിന്നു ഞങ്ങളെ യോഗ്യരാക്കേണമേ. നിന്റെ വലത്തുഭാഗത്തുനിന്നു ആനന്ദിക്കുന്ന കുഞ്ഞാടുകളോടുകൂടെ നിന്റെ മഹത്വപ്രത്യക്ഷദിവസത്തിൽ ഞങ്ങളേയും ക്രമീകരിക്കേണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുമാറാകേണമേ. (ആമ്മീൻ)

—— ——

എത്രൊ.

പട്ടക്കാരൻ: -സകല മനുഷ്യരുടേയും പ്രവൃത്തികളെ ന്യായവിസ്താരത്തിന്നായി കൊണ്ടുവരുന്നവനായ കൎത്താവേ, ജനിക്കപ്പെട്ട എല്ലാവരും നിന്റെ മുമ്പാകെ പാപികളായി കാണപ്പെട്ടിരിക്കുന്നു. എന്തെന്നാൽ നിന്റെ മുമ്പാകെ കുററമററവനായിരിപ്പാൻ യാതൊരുത്തനാലും സാധിക്കുന്നതല്ല. കൎത്താവേ, മരിച്ചു ഞങ്ങളിൽനിന്നു അകന്നു നിന്നോടു സമീപിച്ചിരിക്കുന്ന പൈതങ്ങളും ചെറുപ്പക്കാരുമായ ഞങ്ങളുടെ സഹോദ(രിമാരുടെ)രന്മാരുടെ ആത്മാക്കൾക്കു വേണ്ടി തിരുസന്നിധിയിൽ അണക്കുന്ന ഈ സുഗന്ധംമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കു

ന്നതെന്തെന്നാൽ, ഭയാനകവും ആപൽക്കരവുമായ കടവിൽ നിൻെറ കൃപ അവരെ കാത്തുകൊള്ളുമാറാകട്ടെ. നിൻെറ പ്രകാശം അവക്കു മരണതാഴ്വരകളിൽ ഉദിക്കേണമേ. എന്തെന്നാൽ നിൻെറ പ്രകാശംമൂലം ഞങ്ങൾ പ്രകാശം കാണുന്നു. നിനക്കു ഇപ്പോഴും എല്ലാപ്പോഴും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറുവും. ആമ്മീൻ.

---

## മറെറാരു ശുശ്രൂഷ.

—*—

ഒരു കൌമ ചൊല്ലണം.

### പ്രാരംഭപ്രാത്ഥന.

(മരണമുള്ളവരെ പാപമരണത്തിൽനിന്നു രക്ഷിപ്പാനായി ജഡപ്രകാരം മരിച്ചു നല്ലവനും മരണമില്ലാത്തവനും—ഇത്യാദി ചൊല്ലുക.)

### പ്രുമിയോൻ.

---

മരിച്ചവരെ എഴുന്നേല്പിക്കുന്നവനും കബറടക്കപ്പെട്ടിരിക്കുന്നവരെ ഉയിപ്പിക്കുന്നവനും—ഇത്യാദി പ്രുമിയോൻ ചൊല്ലുക.

### എത്രൊ.

അനുഗ്രഹസമൃദ്ധനായ ദൈവമായ കത്താവേ,— ഇത്യാദി ചൊല്ലുക.

---

## വേറൊരു ശുശ്രൂഷ.

—*—

ഒരു കൌമ ചൊല്ലണം.

### പ്രാരംഭപ്രാത്ഥന.

---

കരുണയുള്ള ദൈവമായ കത്താവേ, നിന്നിൽ ഞങ്ങൾ ശരണപ്പെടുന്നു—ഇത്യാദി ചൊല്ലുക.

പ്രുമിയോൻ.

---

നാമെല്ലാവരും പ്രാൎത്ഥിച്ചു......

മരിച്ചവരെ ഉയിർപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുന്നവനും (ഇത്യാദി ചൊല്ലുക)

എത്രൊ.

ബലവാനും അനുഗ്രഹങ്ങളും മനോഗുണവും വളരെയുള്ളവനുമായ കൎത്താവേ, (ഇത്യാദി ചൊല്ലുക.)

മറെറാരു ശുശ്രൂഷ.

---*---

(ഒരു കൌമ ചൊല്ലണം.)

പ്രാരംഭപ്രാൎത്ഥന.

---

(ദൈവമായ കൎത്താവേ, ഈ താല്ക്കാലികജീവിതത്തിൽനിന്നു...... എന്നു തുടങ്ങുന്ന പ്രാൎത്ഥന ചൊല്ലുക.)

പ്രുമിയോൻ.

(ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ.....ഇത്യാദി പ്രുമിയോൻ ചൊല്ലുക.)

എത്രൊ.

(കാരുണ്യവാനായ ദൈവമേ, എന്നു കാണുന്ന എത്രൊ ഉപയോഗിക്കുക).

വായനകൾ.

(രാജാക്കന്മാരുടെ ഒന്നാം പുസ്തകം ൧൭-ാം അദ്ധ്യായം ൧൭-മുതൽ ൨൪ വരെ.)

നടപ്പുകളുടെ പുസ്തകം ൨൦: ൭ മുതൽ ൧൨ വരെ.

൧. കോറന്തി ൧൫: ൧൨ മുതൽ ൧൯ വരെ.

പൌലൂസ്സ്ശ്ലീഹാ കോറന്തിയാക്കാൎക്കെഴുതിയ ഒന്നാം ലേഖനത്തിൽനിന്നു: ആഹായ് ബാറെക്മോർ.

എന്നാൽ മ്ശിഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററു എന്നു പ്രസംഗിക്കപ്പെടുന്നു എങ്കിൽ നിങ്ങളിൽ ചിലർ മരിച്ചവൎക്കു ഉയിർപ്പില്ലാ എന്നു പറയുന്നതു എങ്ങിനെ? മരിച്ചവൎക്കു ഉയിർപ്പില്ലെങ്കിൽ മ്ശിഹായും ഉയൎത്തെഴുന്നേററിട്ടില്ല. മ്ശിഹാ ഉയൎത്തെഴുന്നേററിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യൎത്ഥമാകുന്നു. ഉയിർത്തെഴുന്നേല്പിക്കാതിരിക്കേ ദൈവം മ്ശിഹായെ ഉയിർത്തെഴുന്നേല്പിച്ചു എന്നു ഞങ്ങൾ സാക്ഷിപ്പെടുത്തിയതിനാൽ ഞങ്ങൾ ദൈവത്തിൻെറ കള്ള സാക്ഷിക്കാരായി വരുന്നതാണ്. മരിച്ചവർ ഉയൎത്തെഴുന്നേല്ക്കുന്നില്ലെങ്കിൽ മ്ശിഹായും ഉയൎത്തെഴുന്നേററിട്ടില്ല. മ്ശിഹാ ഉയൎത്തെഴുന്നേററിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യൎത്ഥമാകുന്നു. ഇതേവരെയും നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. പക്ഷേ മ്ശിഹായിൽ നിദ്ര പ്രാപിച്ചവർ മരിച്ചുപോയെന്നോ? ഈ ആയുസ്സിൽ മാത്രം മ്ശിഹായിൽ നാം ശരണംപ്രാപിക്കുന്നു എങ്കിൽ, എല്ലാമനുഷ്യരേക്കാളും നാം അരിഷ്ടന്മാരാകുന്നു. ആഹായ് ബാറെക്മോർ.

ഏവൻഗേലിയോൻ.

(വിശുദ്ധ ലൂക്കോസിൻെറ സുവിശേഷം ൭: ൧൧-൧൭ വരെ)

പിറെറദിവസം ഉണ്ടായതെന്തെന്നാൽ: നയിൻ എന്ന പട്ടണത്തിലേയ്ക്കു താൻ എഴുന്നെള്ളി. തൻെറ കൂടെ തൻെറ ശിഷ്യന്മാരും അനേകം ജനങ്ങളും ഉണ്ടായിരുന്നു. താൻ നഗരവാതിലിന്നു സമീപിച്ചപ്പോൾ മാതാവിന്നു ഏകനായിരുന്ന മരിച്ച ഒരുവനെ ഒരുവൾ അനുയാത്ര ചെയ്യുന്നതായി കണ്ടു. ഇവൻെറ മാതാവു വിധവയാ

യിരുന്നു. നഗരവാസികളുടെ വലിയ കൂട്ടവും അവളോടു കൂടെ ഉണ്ടായിരുന്നു. യേശുതമ്പുരാൻ അവളെക്കണ്ടു കരുണതോന്നി, അവളോടു കരയേണ്ട എന്നു പറഞ്ഞു സമീപിച്ചു ശവമഞ്ചത്തെ തൊട്ടു. അവനെ എടുത്തിരുന്നവർ നിന്നു. താൻ, ബാല്യക്കാരാ! എഴുന്നേല്ക്കുകയെന്നു ഞാൻ നിന്നോടു പറയുന്നു എന്നു അരുളിച്ചെയ്തു. മരിച്ചവൻ എഴുന്നേററിരുന്നു സംസാരിപ്പാൻ തുടങ്ങി. അവൻെറ മാതാവിനു അവനെ ഏല്പിച്ചുകൊടുത്തു. അവർ എല്ലാവരും ഭയപ്പെട്ടു; ദൈവത്തെ മഹത്വപ്പെടുത്തി. നമ്മിൽ ഒരു വലിയ ദീർഘദർശി ഉണ്ടായിരിക്കുന്നു എന്നും ദൈവം തൻെറ ജനത്തെ ദർശിച്ചു എന്നും പറഞ്ഞു. യഹൂദയിൽ എങ്ങും അതിൻെറ ചുററുമുള്ള സ്ഥലം ഒക്കെയിലും തന്നെ സംബന്ധിച്ചു ഈ സംസാരം പരന്നു. അവൻെറ ശിഷ്യന്മാർ ഇവയെല്ലാം യോഹന്നാനോടു അറിയിച്ചു.

——*——

(ലുത്താനിയാ)

നാം എല്ലാവരും ഒന്നൊരുമിച്ചുനിന്നു ദുഃഖത്തോടും പ്രലാപത്തോടും കൂടി ദൈവത്തെ പ്രസാദിപ്പിക്കുന്ന ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്നു ഏററുചൊല്ലണം.

എല്ലാവരും:— കുറിയേലായിസ്സോൻ

ഞങ്ങൾക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ന്യായവിധിയാൽ ഞങ്ങളുടെ ആയുസ്സിനെ ദീർഘിപ്പിക്കുന്ന ഉൽകൃഷ്ടനും അവർണ്ണനീയനുമായ ജ്ഞാനിയായുള്ളോവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

എല്ലാവരും:—കുറിയേലായിസ്സോൻ.

തൻെറ ഇഷ്ടം പ്രവത്തിക്കുന്നവരെ സ്വർഗ്ഗരാജ്യത്തേയും തന്നിൽ വിശ്വസിക്കാത്തവരെ കരച്ചിലും പല്ലുകടി

യും അനുഭവിപ്പിക്കുന്നവനുമായുള്ളോവേ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

എല്ലാവരും:— കുറിയേലായിസ്സോൻ.

ഞങ്ങളുടെ രക്ഷകനായ മ്ശിഹാതമ്പുരാനേ ഞങ്ങളേയും, ഇന്നു നിദ്ര പ്രാപിച്ചു പൈതൽപ്രായത്തിൽനിന്നും ശൈശവത്തിൽനിന്നും രക്ഷപ്പെട്ടു നിന്റെപക്കൽ വന്നെത്തിയിരിക്കുന്ന ദാസനേയും, കർത്താവേ, നിന്റെ കൃപയാൽ ആശ്വസിപ്പിച്ച് ബാബേലിലെ തീച്ചൂളയിൽ ശോധനചെയ്യപ്പെട്ട പൈതങ്ങളോടുകൂടെ ചേർക്കേണമേ. ദൈവമായ മ്ശിഹാതമ്പുരാനേ, അവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടവനായ നാലാമൻ തളിച്ചതായ പനിനീർ തുള്ളികളെ ഇവന്റെ മുഖത്തും നീ തളിക്കേണമേ. നിന്റെ സത്യത്തെ പാലിച്ച് രക്ഷാകരമായ നിന്റെ മഹത്വപ്രത്യക്ഷതയെ നോക്കിപ്പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും വിശുദ്ധ സഭയുടെ മക്കളുമായ ഞങ്ങളേയും ഇവനേയും ആനന്ദിപ്പിക്കേണമേ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

എല്ലാവരും:—കുറിയേലായിസോൻ

കർത്താവേ, ഞങ്ങളെ ചെവിക്കൊണ്ടു ദയവുണ്ടായി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ എന്നു ഞങ്ങൾ വീണ്ടും മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്നു പറയുന്നു.

എല്ലാവരും:— കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസ്സോൻ.

(ശവശരീരത്തിന്മേൽ എണ്ണ പൂശുമ്പോഴത്തെ പ്രാർത്ഥന)

ദൈവീകകല്പനയാലും കർത്തൃപ്രസാദത്താലും... എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുക.

—*—

രോഗികളുടെ

# തൈലാഭിഷേകം

(നിങ്ങളിൽ ഒരുത്തൻ രോഗിയായാൽ സഭയുടെ കശീശന്മാരെ വിളിക്കുക. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും നമ്മുടെ കർത്താവിന്റെ തിരുനാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസപൂർവ്വകമായ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കർത്താവു അവനെ എഴുന്നേല്പിക്കയും ചെയ്യും. അവൻ പാപം ചെയ്തിരിക്കുന്നുവെങ്കിൽ അവനോടു ക്ഷമിക്കപ്പെടും എന്നു ദിവ്യനായ യാക്കോബ് ശ്ലീഹാ പറഞ്ഞിരിക്കുന്നു.)

ഒരു കൌമാ.

## പ്രാരംഭപ്രാർത്ഥന.

പട്ടക്കാരൻ:—പിതാവിന്നും, പുത്രനും, പരിശുദ്ധറൂഹായ്ക്കും സ്തുതി.

എല്ലാവരും:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ.

## പ്രാർത്ഥന.

കർത്താവേ, കരുണതോന്നി ഞെരുങ്ങിയിരിക്കുന്നവരെ ദർശിക്കേണമേ. കൃപതോന്നി രോഗികളെ സുഖപ്പെടുത്തേണമേ. അനുഗ്രഹം ചെയ്ത ഹൃദയം തകന്നിരിക്കുന്നവരെ ആശ്വസിപ്പിക്കയും ചെയ്യേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, നന്മകളെ കുറിച്ചു നിനക്കു സ്തോത്രം ചെയ്യേണ്ടതിനു നിന്നിൽനിന്നു അനുഗ്രഹങ്ങളും കരുണയും യാചിക്കുന്ന വിവശരായ സകല ആത്മാക്കൾക്കും, ആത്മാവിലും ശരീരത്തിലും ഉള്ള സൌഖ്യം ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും നൽകേണമേ, ആമ്മീൻ.

## പ്രമിയോൻ.

പട്ടക്കാരൻ:—നാമെല്ലാവരും പ്രാൎത്ഥിച്ചു കൎത്താവി
നോടു അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.

എല്ലാവരും:—അനുഗ്രഹിക്കുന്നവനായ കൎത്താവേ,
ഞങ്ങളുടെ മേൽ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായിക്കേ
ണമേ.

പട്ടക്കാരൻ:—സ്തുതിയും, സ്തോത്രവും, പ്രഭയും, പുക
ഴ്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും, എല്ലായ്പോഴും
സദാ നേരത്തിലും ഇടവിടാതെ കരേറുവാൻ ഞങ്ങൾ
യോഗ്യന്മാരായിത്തീരേണമേ.

ക്ഷീണിച്ചിരിക്കുന്ന ആത്മാക്കളെ കടാക്ഷിക്കുന്നവനും,
രഹസ്യകാൎയ്യങ്ങളെ പരിശോധിക്കുന്നവനും, ഉത്തമയാച
നകൾക്കു മറുവടിയരുളുന്നവനും, വിലപിച്ചിരിക്കുന്നവ
രെ ആശ്വസിപ്പിക്കുന്നവനും, ദുഃഖിച്ചിരിക്കുന്നവരെ സ
മാധാനപ്പെടുത്തുന്നവനും, ബലഹീനരെ താങ്ങുന്നവനും,
രോഗികളെ സുഖപ്പെടുത്തുന്നവനും, അനുതാപികളെ ശി
ഷ്യരാക്കി സ്വീകരിക്കുന്നവനും, മരിച്ചവരെ ഉയിൎപ്പിക്കു
ന്നവനും, ഞങ്ങൾക്കും, ഉത്തമവിശ്വാസത്തോടെ ഞങ്ങളു
ടെ ബലഹീനപ്രാൎത്ഥനകളെ യാചിച്ചവൎക്കും യാചിക്കുന്ന
വൎക്കും, കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചന
വും ആരിൽനിന്നു ഞങ്ങൾ യാചിക്കുന്നുവോ ആയവന്നു
സ്തുതിയും, ബഹുമാനവും, ആരാധനയും തൈലാഭിഷേക
ശുശ്രൂഷയുടെ ഈ നേരത്തും എല്ലാ പെരുനാളുകളിലും
കാലങ്ങളിലും നാഴികകളിലും സമയങ്ങളിലും ഞങ്ങൾ
ജീവനോടുകൂടിയിരിക്കുന്ന എല്ലാ ദിവസങ്ങളിലും എന്നേ
യ്ക്കും യോഗ്യമാകുന്നു. ആമ്മീൻ.

സെദറൊ.

സാക്ഷാൽ ഉത്തമവൈദ്യനും, ആത്മശരീരസംബന്ധമായ സൎവ്വവിധ രഹസ്യപരസ്യവേദനകളേയും നിഷ്പ്രയാസം നീക്കിക്കളയുന്നവനും, രഹസ്യപരസ്യങ്ങളായ സൎവ്വ അസാധ്യതകളേയും എളുപ്പത്തിൽ സാധിപ്പിക്കുന്നവനും ആയ ദൈവമായ കൎത്താവേ, ക്ഷീണനായി രോഗത്തിൽ കിടന്നു നിന്റെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുകയും, നിന്റെ സൌജന്യസഹായത്തെ നോക്കിപ്പാൎക്കുകയും ചെയ്യുന്ന ഈ ദാസന്നു ബലഹീനനും പാപിയുമായ എന്റെ മധ്യസ്ഥതയാൽ കടങ്ങൾക്കു പരിഹാരവും, പാപങ്ങൾക്കു മോചനവും, നൊമ്പരങ്ങൾക്കു ആശ്വാസവും, അവയവങ്ങൾക്കു സ്വസ്ഥതയും നൽകണമെന്നു നിന്റെ കരുണയോടു ഞങ്ങൾ ഇപ്പോൾ പ്രാൎത്ഥിക്കുയും, കാരുണ്യവാനായ കൎത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കയും ചെയ്യുന്നു. നീ ബലഹീനന്മാരെ താങ്ങുന്നവനും, പാപികളെ ധന്യരാക്കുന്നവനും അനുതാപികളെ സഹായിക്കുന്നവനും, വിവശരെ ആശ്വസിപ്പിക്കുന്നവനും, സകല വിശ്വാസികളുടെയും സങ്കേതസ്ഥാനവും ആകയാൽ ഇവന്റെ കടങ്ങളെ പരിഹരിക്കുകയും പാപങ്ങളെ മോചിക്കയും ചെയ്യേണമേ. ഈ നിന്റെ ദാസൻ(ഇന്നാരുടെ)നൊമ്പരങ്ങളെ തടുത്തുനിൎത്തേണമേ. ഇവന്റെ രോഗങ്ങളെ സുഖപ്പെടുത്തേണമേ. ഇവന്റെ പനിയെ ശമിപ്പിക്കയും, ഞെരുക്കങ്ങളെ അകററുകയും ചെയ്യേണമേ. ഇവന്റെ ബലഹീനതയെ താങ്ങേണമേ. ഇവന്റെ ക്ഷീണത്തെ മാറേറണമേ. ഇവന്റെ ദുഃഖത്തെ നീക്കി ഇവനെ സ

ന്തോഷിപ്പിക്കയും ഇവന്‍റെ സ്വസ്ഥതയാല്‍ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യേണമേ. ഇവനോടുള്ള നിന്‍റെ സകല നന്മകളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും ഇവന്‍ എഴുന്നേററു നിന്നെ സ്തോത്രം ചെയ്യുമാറാകേണമേ. എന്തുകൊണ്ടെന്നാല്‍ നീ ഉത്തമനും, ദയാലുവും, കാരുണ്യവാനും, അനുഗ്രഹകാരനും, ആത്മശരീരങ്ങളുടെ സാക്ഷാല്‍ വൈദ്യനും ആകകൊണ്ടു നിനക്കും, നിന്‍റെ ഏകപുത്രനും, പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേയ്ക്കും സകല സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

---

എത്രാ.

---

സകലത്തിന്‍റെയും ഗുരുഭൂതനും, വൈദ്യനും, എല്ലാ കൃപയും വിശുദ്ധിയും നല്‍കുന്നവനും, സര്‍വ്വവിധസൌഖ്യവും സൌജന്യം ചെയ്യുന്നവനും, മനുഷ്യരുടെ ആയുസ്സിനെക്കുറിച്ചു എല്ലായ്പോഴും ജാഗ്രതകനായിരിക്കുന്നവനും, ഞങ്ങള്‍ക്കു ദിവ്യസഹായങ്ങളെ മുടക്കം കൂടാതെ തന്നുകൊണ്ടിരിക്കുന്നവനും ആയ ദൈവമായ കര്‍ത്താവേ, അനുഗ്രഹങ്ങളും കരുണയും, സുഖവും ആശ്വാസവും, ശാന്തതയും സഹായവും നിറഞ്ഞിരിക്കുന്ന നിന്‍റെ വലത്തുകൈ, നിന്നില്‍നിന്നു ആത്മശരീരങ്ങള്‍ക്കുള്ള സൌഖ്യവും സ്വസ്ഥതയും യാചിക്കുന്ന ഈ നിന്‍റെ ദാസന്‍ (ഇന്നാരുടെ) മേല്‍ നീ വസിപ്പിക്കേണമേ. കര്‍ത്താവേ, ഇവനില്‍നിന്നു നൊമ്പരങ്ങളേയും രോഗങ്ങളേയും വേദനകളേയും നീക്കിക്കളയേണമേ. പ്രതികൂലങ്ങളേയും ഉപദ്രവങ്ങളേയും ഇവ

നിൽനിന്നു മാററി നിത്തേണമേ. ഇവനിൽനിന്നു ഞെരുക്കത്തേയും പരീക്ഷകളേയും നീക്കിക്കളയേണമേ. ശക്തിയും സുഖവും രക്ഷയും മോചനവും ഇവനെ അണിയിക്കേണമേ! ഇവൻ എഴുന്നേററു സുസ്ഥിരപ്പെട്ടുവാൻ തക്കവണ്ണം ഇവന്നു ശക്തി നൽകേണമേ. ബലമുള്ള നിൻെറ വലത്തുകൈകൊണ്ടു ഇവന്നു സഹായം ചെയ്യേണമേ. ഇവൻെറ കടങ്ങളേയും പാപങ്ങളേയും ക്ഷമിക്കണമേ. നിൻെറ കൃപയുടേയും അനുഗ്രഹങ്ങളുടേയും ബഹുത്വപ്രകാരം ഇവനിൽ പ്രത്യക്ഷലക്ഷ്യം കാണിക്കേണമേ. ഇവൻ നിന്നേയും നിൻെറ പിതാവിനേയും നിൻെറ പരിശുദ്ധറൂഹായേയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സ്തോത്രംചെയ്തു വന്ദിച്ചു സ്തുതിക്കുമാറാകേണമേ.

---

## വായനകൾ

---

ഭൂവിലശേഷം.....

വി: യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽനിന്നു—ആഹായ് ബാറെക്‌മോർ.

അദ്ധ്യായം ൫: ൧൩—൧൬.

നിങ്ങളിൽ ഒരുത്തൻ ഞെരുക്കത്തിൽ ഇരിക്കുന്നുവെങ്കിൽ അവൻ പ്രാൎത്ഥിക്കട്ടെ. അവൻ സന്തോഷിക്കുന്നു എങ്കിൽ പാട്ടുപാടട്ടെ. അവൻ രോഗിയെങ്കിൽ സഭയുടെ കശീശന്മാരെ വിളിക്കട്ടെ. അവർ അവന്നുവേണ്ടി പ്രാൎത്ഥിക്കയും നമ്മുടെ കൎത്താവിൻെറ തിരുനാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസപൂൎവ്വകമായ പ്രാൎത്ഥന രോഗിയെ സുഖപ്പെടുത്തുകയും നമ്മുടെ

കത്താവു അവനെ എഴുന്നേല്പിക്കയും അവൻ പാപം ചെയ്തിരിക്കുന്നു എങ്കിൽ അവനോടു ക്ഷമിക്കയും ചെയ്യും. എന്നാൽ നിങ്ങൾ തമ്മിൽതമ്മിൽ കുററങ്ങളെ ഏററുപറയുകയും നിങ്ങൾ സുഖപ്പെട്ടുവാനായിട്ടു തമ്മിൽ തമ്മിൽ പ്രാത്ഥിക്കുകയും ചെയ്വിൻ. എന്നാൽ നീതിമാൻെറ പ്രാത്ഥനയുടെ ശക്തി വലിയതാകുന്നു. ബാറെക്മോർ.

പൌലൂസ്സ് ശ്ലീഹാ ധന്യൻ.....

റോമ. ൧൩: ൧൧—൧൪.

ഇനി നമ്മുടെ ഉറക്കത്തിൽനിന്നു ഉണരുവാനുള്ള സമയവും നാഴികയും ആയി എന്നുള്ളത് നിങ്ങൾ അറിഞ്ഞുകൊൾവിൻ. നാം വിശ്വസിച്ചപ്പോൾ ഉള്ളതിനേക്കാൾ അധികം നമ്മുടെ ജീവൻ നമുക്കു ഇപ്പോൾ അടുത്തിരിക്കുന്നു. രാവു കഴിഞ്ഞുപോയി; പകൽ സമീപിച്ചുമിരിക്കുന്നു. ആകയാൽ അന്ധകാരത്തിൻെറ പ്രവൃത്തികളെ നീക്കിക്കളഞ്ഞു പ്രകാശത്തിൻെറ ആയുധത്തെ ധരിക്കേണ്ടിയിരിക്കുന്നു. പകൽ എന്ന പോലെ നാം മയ്യാദയായി നടക്കണം. അതു വെറിക്കൂത്തുകളിലോ, മദ്യപാനങ്ങളിലോ, ശയനമോഹങ്ങളിലോ,ദുഷ്കാമങ്ങളിലോ,പിണക്കത്തിലോ, അസൂയയിലോ ആയിരിക്കരുതു. പിന്നെയോ, നമ്മുടെ കത്താവായ യേശുമിശിഹായെ നിങ്ങൾ ധരിച്ചുകൊൾവിൻ. മോഹങ്ങളെ നിവൃത്തിക്കുന്നതിനായിട്ടു നിങ്ങളുടെ ജഡകായ്യങ്ങളെ നിങ്ങൾ ചിന്തിക്കരുതു്. ബാറെക്മോർ.

—— ——

## ഏവൻഗേലിയോൻ.

മത്തായി ൧൦: ൫—൧൦

ആ നാളിൽ യേശുതമ്പുരാൻ ഈ പന്ത്രണ്ടുപേരേയും അയയ്ക്കുമ്പോൾ അവരോടു കല്പിച്ചു അരുളിച്ചെയ്തതെന്തന്നാൽ: കാഫ്യരുടെ വഴിയിൽ നിങ്ങൾ പോകരുതു. ശമറിയാനഗരത്തിലേക്കു നിങ്ങൾ പ്രവേശിക്കയും അരുതു. എന്നാൽ ഇസ്രായേൽ ഭവനത്തിൽനിന്നും കാണാതെ പോയിട്ടുള്ള ആടുകളുടെ അടുക്കൽ പ്രത്യേകം പോകുവിൻ. നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചു എന്നു പ്രസംഗിപ്പിൻ. രോഗികളെ സുഖപ്പെടുത്തുവിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിപ്പിൻ, പിശാചുക്കളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൌജന്യമായിട്ടു ലഭിച്ചു, സൌജന്യമായിട്ടു കൊടുത്തുകൊൾവിൻ. പൊന്നും വെള്ളിയും, നിങ്ങളുടെ മടിശ്ശീലകളിൽ ചെമ്പുകാശും, വഴിക്കു പൊക്കണവും, രണ്ടു കുപ്പായങ്ങളും ചെരിപ്പുകളും, വടിയും നിങ്ങൾ കരുതരുതു. എന്നാൽ വേലക്കാരൻ തന്റെ ഭക്ഷണത്തിന്നു യോഗ്യനാകുന്നു.

മൊറിയോ റാഹെം മേലൈൻ.....

## പട്ടക്കാരൻ.

സാക്ഷാൽ ഉത്തമവൈദ്യനും, രഹസ്യവും പരസ്യവുമായ സകല വേദനകളേയും നിഷ്പ്രയാസം നീക്കിക്കളയുന്നവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, രോഗത്തിൽ കിടന്നു നിന്റെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെട്ടു നൊമ്പരങ്ങൾക്കു സഹായവും അവയവങ്ങൾക്കു സ്വസ്ഥതയും നിന്റെ കരുണയിൽനിന്നു യാചിക്കുന്ന ഈ നിന്റെ ഭൃത്യൻ (ഇന്നാക്കു) വേണ്ടി ഇപ്പോൾ നിന്റെ അനുഗ്രഹത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. ദൈവമായ കർത്താവേ, ഇവന്റെ നൊമ്പരങ്ങളെ മാറേണമെ. ഇവ

ൻെറ രോഗത്തെ സുഖപ്പെടുത്തേണമേ. ഇവൻെറ ഞെരു ക്കത്തെ നീക്കിക്കളയേണമേ. ഇവനെ സകല ശിക്ഷകളിൽനിന്നും കഠിനകോപത്തിൽനിന്നും അകററി നിൎത്തേണമേ. ഇവനോടുള്ള നിൻെറ സകല നന്മകളെക്കുറിച്ചും ഇവൻ എഴുന്നേററു, നിന്നെയും, നിൻെറ പിതാവിനേയും, പരിശുദ്ധറൂഹായേയും ഇപ്പോഴും എല്ലാപ്പോഴും, എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകേണമേ.

(രോഗിയുടെ തലയിൽ കൈ വെച്ചുകൊണ്ടു പറയുന്നു)

പിതാവിൻേറയും പുത്രൻേറയും പരിശുദ്ധറൂഹായുടേയും നാമത്തിൽ, ഈ നിൻെറ ദാസൻ (ഇന്നാരുടെ)മേൽ ഞാൻ എൻെറ ബലഹീനമായ കൈയിനെ വെയ്ക്കുന്നു. നിൻെറ സ്നേഹംമൂലം ശക്തിയുള്ളതും സഹായങ്ങൾ നിറഞ്ഞിരിക്കുന്നതുമായ നിൻെറ വലത്തുകൈ ഇവൻെറ മേൽ നീ ആവസിപ്പിക്കേണമേ! നിൻെറ അനുഗ്രങ്ങളുടേയും മനുഷ്യസ്നേഹത്തിൻേറയും ബഹുത്വംപോലെ ഇവനെ നീ കടാക്ഷിക്കേണമേ. നിൻെറ കരുണയെ ഇവൻെറ മേൽ ചൊരിയേണമേ. ബലഹീനനായ ഇവൻെറ മേൽ നിൻെറ കൃപയെ നീ തളിക്കേണമേ. നിന്നിൽനിന്നുള്ള സഹായം ഞങ്ങൾക്കു ദാനമായി നൽകേണമേ. നിന്നിലുള്ള ക്ഷയിച്ചുപോകാത്ത സത്യശരണത്തിൽ ഇവനെ ബലപ്പെടുത്തേണമേ. ഇവനിൽനിന്നു സകല നൊമ്പരങ്ങളേയും കഠിനമായ ശിക്ഷകളേയും ശക്തിയ്ക്കപ്പുറമായ സകല പരീക്ഷകളേയും നീക്കി കളഞ്ഞു നിൻെറ സാക്ഷാൽ സത്യശക്തിയെ ഇവന്നു പ്രദാനം ചെയ്യേണമേ. നിൻെറ സഹായത്താൽ ഇവൻെറ ക്ഷീണം തീരുമാറാകേണമേ. ഞങ്ങളുടെ കൎത്താവും എന്നേക്കും ഞങ്ങളുടെ

ദൈവവുമെ, ഇവൻ നിൻെറ തിരുമുമ്പാകെ പുണ്യവാനായി നിന്നു മുടക്കംകൂടാതെ നിൻെറ കൃപയെ സ്തോത്രംചെയ്തു നിൻെറ ദൈവത്വത്തെ വന്ദിച്ചു സ്തുതിക്കുമാറാകേണമേ.

---

(രോഗി ഏററു പറയുന്നതു.)

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യമുള്ള ഏക ദൈവത്തിൻെറ തിരുനാമത്തിൽ എൻെറ പാപങ്ങളെ ഞാൻ ഏററു പറയുന്നു. സകലത്തിൻേറയും ഉടയവനായ പിതാവായ ദൈവത്തിൻെറ തിരുമുമ്പാകേയും തൻെറ ഏകപുത്രൻെറ തിരുമുമ്പാകേയും, ജീവനുള്ളവനും പരിശുദ്ധനുമായ റൂഹായുടെ തിരുമുമ്പാകേയും, ദൈവമാതാവായ മറിയാമിൻെറ കന്യാവ്രതത്തിൻെറ മുമ്പാകേയും, മാലാഖമാരുടേയും മാലാഖമാരുടെ തലവന്മാരായ ഗബ്രിയേലിൻെറയും മീഖായേലിൻേറയും മുമ്പാകേയും, ഇരുപത്തിനാലു ദീർഘദർശിമാരുടെ മുമ്പാകേയും, എഴുപത്തിരണ്ടു അറിയിപ്പുകാരുടെ മുമ്പാകേയും, പന്ത്രണ്ടു വിശുദ്ധശ്ലീഹന്മാരുടെ മുമ്പാകേയും, മത്തായി മർക്കോസ് ലൂക്കോസ് യൂഹന്നാൻ എന്നീ നാലു ഏവൻഗേലിസ്ഥന്മാരുടെ മുമ്പാകേയും, ഞാൻ ആരുടെ വിശ്വാസത്തിൻെറ ശരണത്തിൽ മരിക്കയും, ജീവിക്കയും ചെയ്യുന്നുവോ ആ മുന്നൂററിപ്പതിനെട്ടു പരിശുദ്ധപിതാക്കന്മാരുടെ മുമ്പാകേയും, വിശുദ്ധമാമോദീസായുടെ മുമ്പാകേയും, ജയമുള്ള സ്ലീബായുടെ മുമ്പാകേയും, പൂജനീയമായ ഏവൻഗേലിയോൻെറ മുമ്പാകേയും, നമ്മുടെ കർത്താവിൻെറ തിരുശരീരത്തിൻേറയും തിരുരക്തത്തിൻേറയും മുമ്പാകേയും, നമുക്കു വേണ്ടി-

യുള്ള തന്റെ കഷ്ടാനുഭവത്തിന്റെയും സ്ലീപ്പാ സായുടേയും മുമ്പാകേയും, വിശുദ്ധ സഭയുടെ ഏഴു കൂദാശകളുടെ മുമ്പാകേയും, ഈ വിശുദ്ധ ദൈവാലയത്തിന്റെ മുമ്പാകേയും, എന്റെ ആത്മീയപിതാവായ ബഹുമാനപ്പെട്ട വന്ദ്യനായ പട്ടക്കാരാ, അവിടത്തെ പൂജനീയമായ ആചാര്യത്വത്തിന്റെ മുമ്പാകേയും, കെട്ടുവാനും അഴിക്കുവാനും ജീവനുള്ള ദൈവം അവിടുത്തേക്കു ഭരമേല്പിച്ചിട്ടുള്ള കഹന്നൂസായുടെ മുമ്പാകേയും, എന്റെ പാപങ്ങളെ ഞാൻ ഏററുപറയുന്നു. ശരീരത്തിന്നു പുറമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന കേൾവി ഘ്രാണം ദർശനം സ്പർശനം രുചി ഇതുകളിലും, ആത്മാവിന്നു അകമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന ബോധം നിരൂപണം തിരിച്ചറിവു അറിവു വേർതിരിവു ഇവകളിലും ഞാൻ പാപിയാകുന്നു. ബഹുമാനപ്പെട്ട പട്ടക്കാരാ, എന്നെ വാഴ്ത്തേണമേ. സ്വർഗ്ഗത്തിലും അവിടത്തെ മുമ്പാകേയും ഞാൻ പാപം ചെയ്തു. അവിടുന്നു യജമാനനും ഞാൻ ദാസനുമാകുന്നു. മുടിയനായ പുത്രനെപ്പോലെ അനുതാപത്താൽ എന്നെ കൈക്കൊള്ളേണമേ. അവിടുന്നു മിശിഹായും, ഞാൻ പാപിയായ മറിയാമും ആകുന്നു. അവിടുന്നു മിശിഹായും, ഞാൻ കള്ളനുമാകുന്നു. അവിടുന്നു മിശിഹായും, ഞാൻ പാപമാകുന്ന തിരകളിൽ മുങ്ങിയിരിക്കുന്ന ശെമഓൻ സ്ലീപ്പായുമാകുന്നു. എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ മടി കാണിച്ചു. ഞാൻ അസൂയക്കാരനും, അത്യാഗ്രഹിയും, ദുർമ്മോഹിയും, കോപിയുമാകുന്നു. എന്റെ കണ്ണുകൾകൊണ്ടു കാണാത്തവയെപ്പററി ഞാൻ സംസാരിച്ചു, മനുഷ്യരുടെ ഇടയിൽ വിരുദ്ധതയുണ്ടാക്കി. എന്റെ പിതാവേ, എന്നോടു ക്ഷമിച്ചു എന്നെ വാഴ്ത്തേണമേ.

(നെററിയിലും, നെഞ്ചത്തും, മുട്ടുകളിലും, സൈത്തു പൂശുമ്പോൾ ചൊല്ലേണ്ടത്.)

നീ വെടിപ്പാകപ്പെട്ട ശുദ്ധമാകപ്പെടുമാറാകട്ടെ! മനസ്സോടും മനസ്സുകൂടാതേയും, അറിവോടുംഅറിവു കൂടാതെയും നീ ചെയ്തിട്ടുള്ള കടങ്ങളും പാപങ്ങളും നിന്നോടു ക്ഷമിക്കപ്പെടുമാറാകട്ടെ! സകല ദുശ്ചിന്തകളും പൈശാചിക പ്രവൃത്തികളും നിന്നിൽനിന്നു മായ്ക്കപ്പെടുമാറാകട്ടെ. അതു നിത്യജീവന്നായിട്ടു പിതാവിന്റെ നാമത്തിലും (ആമ്മീൻ) പുത്രന്റെ നാമത്തിലും (ആമ്മീൻ) പരിശുദ്ധറൂഹായുടെ നാമത്തിലുംതന്നെ (ആമ്മീൻ).

(കണ്ണുകളിന്മേൽ സൈത്തു പൂശുമ്പോൾ)

(വലത്തുകണ്ണിൽ ഈരണ്ടും—ഇടത്തു കണ്ണിൽ ഓരോന്നും വീതം സ്ലീബാ വരയ്ക്കണം.)

തന്റെ കരുണയാൽ പരിശുദ്ധമായ ഈ പരിമളതൈലത്താൽ കണ്ണുകൾകൊണ്ടു നീ ദോഷത്തമായി ചെയ്തിട്ടുള്ള സകലവും, നിത്യജീവന്നായിട്ടും, പിതാവിന്റെ നാമത്തിലും, (ആമ്മീൻ) പുത്രന്റെനാമത്തിലും (ആമ്മീൻ), പരിശുദ്ധറൂഹായുടെ നാമത്തിലും ദൈവം നിന്നോടു ക്ഷമിക്കുമാറാകട്ടെ. (ആമ്മീൻ).

(ചെവികളിലും, മൂക്കിന്മേലും ചുണ്ടുകളിൽ രണ്ടുപ്രാവശ്യവും, നാവിന്മേൽ ഒന്നും, കൈകളിലും പൊക്കിളിനു താഴെയും മേൽപ്രകാരം ചൊല്ലി സ്ലീബാവരയ്ക്കണം.)

(ദൈവമാതാവിന്റെയും, പരിശുദ്ധന്മാരുടെയും കൿലിടയാൻ)

"നിന്നാൾ സ്തുതിയോടു രാജമകൾ" തുടങ്ങി "പരിശുദ്ധന്മാരേ നിങ്ങൾ" ഇത്യാദി ചൊല്ലുക.

---

ഹൂത്തോമോ.

---

# വീടുകൂദാശ

ഒരു കൌമ ചൊല്ലണം.

പട്ടക്കാരൻ:—പിതാവിന്നും, പുത്രനും, പരിശുദ്ധറൂഹായ്ക്കും......

എല്ലാവരും:— ബലഹീനന്മാരും പാപികളും......

കർത്താവേ, ഈ ഭവനത്തിൽ നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കേണമേ. ഇതിലുള്ള സകലത്തേയും നീ വാഴ്ത്തേണമേ. ഇതിന്റെ വരവുകളും ചിലവുകളും ശുദ്ധമുള്ള നിന്റെ തിരുനാമമഹത്വത്തിന്നും, നീതിയുടെ പരിപാലനത്തിനും ആയിരിക്കേണമേ. നിന്നിൽ നിന്നുള്ളസകലനന്മകൾകൊണ്ടും അനുഗ്രഹങ്ങൾകൊണ്ടും ഇതിനെ നീ ഐശ്വൎയ്യപ്പെടുത്തേണമേ. ഇതിൽ വസിക്കുന്നവൎക്കു നീ മുഖപ്രസാദം നൽകണമേ. ഇവരുടെ ആയുഷ്കാലം മുഴവനും, രഹസ്യകാൎയ്യങ്ങളിലും പരസ്യകാൎയ്യങ്ങളിലും ഇവർ നിന്നെ പ്രസാദിപ്പിക്കുമാറാകേണമെ. ഞങ്ങളുടെകൎത്താവും എന്നേക്കും ദൈവവുമായുള്ളോവേ, ഇവരുടെ മരിച്ചുപോയവരെ സമാശ്വസിപ്പിക്കുകയും ഓൎക്കുകയും ചെയ്യേണമെ.

പ്രമിയോൻ.

നാമെല്ലാവരും പ്രാൎത്ഥിച്ചു........

പാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന അനുഗ്രഹവാതിലും, മരിച്ചവരെ ജീവിപ്പിച്ച ജീവതുറമുഖവും, അശുദ്ധരെ ശുചിപ്പെടുത്തുന്ന വെടിപ്പുണ്ടാക്കുന്ന സൂപ്പായും, കറയുള്ളവരെ വെളുപ്പിക്കുന്ന വെണ്മവരുത്തുന്ന തളിപ്പും·

ആയ തന്നിക്കു ഭവനം വാഴ്വിന്റെ ഈ സമയത്തിലും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങൾ ജീവനോടുകൂടി ഇരിക്കുന്ന എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമാകുന്നു.

സെദറൊ.

പ്രാൎത്ഥനകളെ ചെവിക്കൊള്ളുന്നവനും യാചനകൾക്കു മറുവടി കല്പിക്കുന്നവനുമായ ദൈവമായ കൎത്താവേ, ഒന്നാമത്തെ കടിഞ്ഞൂൽസന്താനമായ ഹാബേലിന്റെ കാഴ്ചയെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ ധൂപത്തെ നീ കൈക്കൊള്ളേണമേ. ഹാനോക്ക് ശുശ്രൂഷകൊണ്ടു നിന്നെ പ്രസാദിപ്പിച്ചപ്രകാരം ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രസാദകരമായിത്തീരേണമേ. നീതിമാനായ നോഹിന്റെ ബലിയിൽ നീ സന്തുഷ്ടനായതുപോലെ ഞങ്ങളുടെ അധരഫലത്തിൽ നീ സന്തുഷ്ടനാകേണമേ. കൎത്താവേ, ഞങ്ങളുടെ പിതാവും നിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം നിന്നെ പ്രസാദിപ്പിച്ചതുപോലെ ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരമായിരിക്കേണമേ. നീതിമാനായ യോബിനാൽ തിന്മപ്പെട്ടവൻ ലജ്ജിതനായപ്രകാരം ഈ ഭവനത്തിന്റെ ശത്രുവായ തിന്മപ്പെട്ടവൻ ലജ്ജിക്കുമാറാകേണമേ. ശ്രേഷ്ഠാചാൎയ്യനായ അഹറോന്റെ ധൂപത്താൽ ഇസ്രായേൽജനത്തിൽനിന്നു വസന്ത നിരോധിക്കപ്പെട്ടതുപോലെ കഠിനശിക്ഷകളും ഉഗ്രക്രോധവും ഞങ്ങളിൽനിന്നു നിരോധിക്കപ്പെടുമാറാകേണമേ. ആചാൎയ്യനായ സ്കറിയായുടെ ശുശ്രൂഷസമയത്തു അവനോടു നിന്റെ പ്രാസംഗികനായ യോഹന്നാനെക്കുറിച്ചു അറിയിച്ചതുപോലെ ഞങ്ങളുടെ ശുശ്രൂഷ

യാൽ ജീവന്റെയും രക്ഷയുടേയും ശരണം ഞങ്ങൾക്കുണ്ടാകുമാറാകേണമേ. കൎത്താവേ, ചുങ്കക്കാരൻ സക്കായിയോടെന്നപോലെ തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടേണമേ. കൎത്താവേ, ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ തലവൻ ശെമഓന്റെ പ്രാൎത്ഥനയെ ചെവിക്കൊണ്ടപ്രകാരം അനേകം പാപങ്ങൾ ചെയ്തവരായ ഞങ്ങളുടെ പ്രാൎത്ഥനയെ ചെവിക്കൊള്ളേണമേ. പാപിസ്ത്രീയുടെ കടങ്ങളെ മോചിച്ചപ്രകാരം ഞങ്ങളുടെ അസംഖ്യങ്ങളായ പാപങ്ങളെ നീ ക്ഷമിക്കേണമേ. കൎത്താവേ, കഠിന വേദനകളിൽനിന്നു ആ സ്ത്രീ ഏതിനാൽ സ്വസ്ഥമായിത്തീൎന്നുവോ അതുപോലെ ആദിയും അന്തവുമില്ലാത്ത നിന്റെ കരുണകൾ ഞങ്ങളുടെ മേൽ വൎഷിക്കുമാറാകേണമേ. കനാനായക്കാരിയുടെ പുത്രിയിൽനിന്നു തിന്മപെട്ടവനെ നീ വിലക്കിയപ്രകാരം ശത്രുവിന്റെ അധികാരത്തെ ഞങ്ങളിലും നീ വിലക്കേണമേ. സുന്ദരനായ ദാനിയേലിന്നെന്നപോലെ നിന്റെ തിരുമുമ്പാകെ ഞങ്ങൾക്കു വിജയം ഉണ്ടാകേണമേ. ദഹിപ്പിക്കുന്ന അഗ്നിച്ചൂളയിൽവെച്ചു ഹനനിയാ മുതലായ പൈതങ്ങളുടെ കെട്ടുകൾ അഴിയപ്പെട്ടപ്രകാരം തിന്മപെട്ട പിശാചുക്കളുടെ കെട്ടുകളിൽനിന്നു ഞങ്ങളെ നീ അഴിക്കേണമേ. നിന്റെ ആചാൎയ്യന്മാരും ശുശ്രൂഷക്കാരും നിന്റെ ഇഷ്ടം ചെയ്തു നിവൃത്തിച്ചു നിന്റെ സ്വൎഗ്ഗീയഭണ്ഡാരപ്പുരയിൽ വിശ്വസ്തരായിരിപ്പാനും, നിന്റെ കല്പനപ്രകാരം ഭയത്തോടെ നിന്റെ ഇടവകകളിലെ ആടുകളെ മേയ്പാനും, ശുദ്ധമുള്ള നിന്റെ ഉൗടുവഴികളിൽ നടപ്പാനും, കൎത്തവ്യത്തിന്നടുത്തവയും ജീവനുണ്ടാക്കുന്നവയും ആയ നിന്റെ

കല്പനകളെ ആചരിപ്പാനും നീ സംഗതിയാക്കേണമേ. ഇപ്പോൾ ഈ ഭവനത്തിൻവേണ്ടിയും, ഇതിൽ വസിക്കുന്നവൎക്ക വേണ്ടിയും കരുണയും മനോഗുണവും നിന്നിൽനിന്നു ഞാൻ യാചിക്കുന്നു. ഈ സമയത്തിൽ നിന്റെ ദാസന്റെ പ്രാൎത്ഥന നിന്റെ തിരുസന്നിധിയിൽ പ്രവേശിക്കുമാറാകേണമെ. ഈ ഭവനം ഐശ്വൎയ്യപ്പെട്ട ഇതിൽ വസിക്കുന്നവർ ജയത്താൽ രക്ഷപ്പെടുകയും ചെയ്യേണമേ. നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽസ്ഥലങ്ങളിൽ മേയുകയും നിന്റെ പെണ്ണാടുകൾ നിന്റെ നന്മകളിൽ തൃപ്തരാകുകയും ചെയ്യേണമേ. ഞങ്ങൾ എല്ലാവരും നിന്നിൽനിന്നു കരുണയെ കൈക്കൊള്ളുമാറാകേണമേ. പാപികളോടു കരുണചെയ്യുന്നവനും അനുതാപികളിൽ അനുകമ്പയുള്ളവനുമായുള്ളോവേ, ഞങ്ങളോടു കരുണതോന്നി നിന്റെ ബഹുലമായ അനുഗ്രഹങ്ങളുടെ ചിന്തൽപോലെ ഞങ്ങളുടെ മേൽ കരുണചെയ്യേണമേ. കൎത്താവേ, തിരുവിഷ്ടം തോന്നി ഞങ്ങളുടെ ധൂപത്തേയും നമസ്കാരത്തേയും കൈക്കൊള്ളുകയും, ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കയും, ഞങ്ങളേയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചവരേയും പുണ്യപ്പെടുത്തുകയും ചെയ്യേണമേ. ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേററും.

—*—

## ഏവൻഗേലിയോൻ.

(ലൂക്കോസ് ൧൯: ൧—൧൦)

യേശുതമ്പുരാൻ യറീഹോവിൽക്കൂടി കടന്നുപോയപ്പോൾ, ധനവാനും ചുങ്കക്കാരിൽ പ്രധാനിയുമായ സക്കാ

യി എന്നുപേരുള്ള ഒരു മനുഷ്യൻ യേശു ആരാണെന്നറിവാൻ ആഗ്രഹിച്ചു. സക്കായി പൊക്കംകുറഞ്ഞവനായിരുന്നതിനാൽ പുരുഷാരം നിമിത്തം തന്നെ കാണ്മവാൻ അവനു കഴിഞ്ഞില്ല. തനിക്കു ആ വഴി പോകേണ്ടിയിരുന്നതുകൊണ്ടു അവൻ ഓടി യേശുവിനു മുമ്പിൽ കടന്നു തന്നെ കാണ്മാനായിട്ടു ഒരു കാട്ടത്തിവൃക്ഷത്തിന്മേൽ കയറി. യേശുതമ്പുരാൻ ആ സ്ഥലത്തേക്കു വന്നപ്പോൾ അവനെ കണ്ടു, അവനോടു "സക്കായി, വേഗം ഇറങ്ങിവരിക"എന്നും, "ഞാൻ ഇന്നു നിന്റെ വീട്ടിൽ താമസിപ്പാൻ യുക്തമാകുന്നു"എന്നും അരുളിച്ചെയ്തു. അവൻ വേഗം ഇറങ്ങിവരികയും താൻ സന്തോഷത്തോടെ അവനെ സ്വീകരിക്കയും ചെയ്തു. എന്നാൽ അവർ എല്ലാവരും ഇതു കണ്ടപ്പോൾ അവൻ പാപിയായ മനുഷ്യന്റെ വീട്ടിൽ താമസിക്കുന്നു എന്നു പിറുപിറുത്തു പറഞ്ഞു. എന്നാൽ സക്കായി യേശുവിനോടു, ഇതാ എന്റെ സമ്പാദ്യങ്ങളിൽ പകുതി ദരിദ്രന്മാക്കു കൊടുക്കുന്നു. ഞാൻ അന്യായം ചെയ്തെടുത്ത വസ്തുവിനെ എല്ലാവനും ഒന്നിനു നാലിരട്ടി വീതമായി വീട്ടിക്കൊടുക്കുന്നു എന്നു ഉണർത്തിച്ചു. യേശുതമ്പുരാൻ അവനോടു ഇവൻ അബ്രാമിന്റെ പുത്രനാകകൊണ്ടു ഇന്നു ഈ ഭവനത്തിനു ജീവനുണ്ടായി എന്നും, മനുഷ്യപുത്രൻ കാണാതെപോയ വസ്തുവിനെ അന്വേഷിച്ചു ജീവിപ്പിപ്പാനായിട്ടു വന്നു എന്നും അരുളിച്ചെയ്തു.

—*—

(വീണ്ടുമുള്ള പ്രാൎത്ഥന)

---

ദൈവാധിദൈവവും, കൎത്താധികൎത്താവും, വിശ്വാസത്തോടെ തന്നെ വിളിക്കുന്ന എല്ലാവരോടും ഉത്തരമരുളുന്നവനുമായുള്ളോവേ, ബലഹീനനും പാപിയും അയോഗ്യനും നിന്റെ ദാസനുമായ എന്റെ ബലഹീനമായ അപേക്ഷയെ ചെവിക്കൊള്ളുന്നമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ജലപ്രളയത്തിൽനിന്നു പെട്ടകം മുഖേന നോഹിനേയും അവന്റെ മക്കളേയും ജീവജന്തുക്കളേയും പറവകളേയും സകല ഇഴജന്തുക്കളേയും സംരക്ഷിച്ച പ്രകാരവും, നിന്റെ സ്നേഹിതനായ അബ്രഹാമിനെ രാജാക്കന്മാരുടെ വാളിൽനിന്നു വീണ്ടുകൊണ്ടു അവനേയും അവന്റെ സമ്പാദ്യത്തേയും നീ അനുഗ്രഹിച്ച പ്രകാരവും, സോദോമിലെ അഗ്നിയിൽനിന്നു നീ ലോത്തിനെ രക്ഷിച്ചപ്രകാരവും, ലാബോന്റെ ഭവനത്തിൽവെച്ചു യാക്കോബിനെ സംരക്ഷിച്ച് ശ്രേഷ്ഠനാക്കി അവനേയും അവന്റെ സമ്പാദ്യത്തേയും അഭിവൃദ്ധിപ്പെടുത്തിയ പ്രകാരവും, മിസ്രയിമിൽവച്ചു യൌസേഫിനെ വീണ്ടുകൊണ്ടു അവനെ രാജാവും യജമാനനുമാക്കിത്തീൎത്ത് അവന്റെ സമ്പാദ്യത്തേയും വിളവുകളേയും വൎദ്ധിപ്പിക്കയും ഉപദ്രവത്തിൽനിന്നു അവനെ കാത്തുകൊള്ളുകയും ചെയ്ത പ്രകാരവും, നീതിമാനായ യോബിനെ ശിക്ഷിച്ചതിനു ശേഷം അവന്റെ സമ്പാദ്യത്തെ ഇരട്ടിയായി വൎദ്ധിപ്പിച്ച പ്രകാരവും, സമുദ്രത്തിൽനിന്നും ഫെറവോനിൽനിന്നും മോശയേയും ഇസ്രായേൽജനത്തേയും രക്ഷിച്ചപ്രകാരവും, മോശയുടെ പ്രാൎത്ഥനയാലും ഫിനഹേസിന്റെ വാ

ളാലും ഇസ്രായേലിൽനിന്നു കോപത്തേയും വസന്തയേയും വിലക്കിയ പ്രകാരവും, അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനും എല്ലായ്പോഴും തന്റെ സൃഷ്ടിയിൽ അനുകമ്പയുള്ളവനുമായ കർത്താവേ, ഇപ്പോൾ നിനക്കു കൃപതോന്നി കഠിനകോപത്തേയും ദുസ്സഹമായ ശിക്ഷകളേയും പലതര രോഗങ്ങളേയും വസന്തയേയും സങ്കടകരമായ വേദനകളേയും ഈ നിന്റെ ദാസന്റെ ഭവനവാസികൾ എല്ലാവരിൽനിന്നും നീ വിലക്കേണമേ. ദൈവമാതാവായ മറിയാമിന്റെയും പരിശുദ്ധനായ മോർ (ഇന്നാരുടേയും) സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ഞങ്ങൾ എല്ലാവരുടെ മേലും അനുഗ്രഹങ്ങളും കരുണയും ഉണ്ടാകുമാറാകേണമേ. ആമ്മീൻ.

---*---

(വാതിലിന്മേൽ സ്ളീബാ വരച്ചുപറയുന്നത്)

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തപ്പെടുന്ന ഈ ഭവനം ഒന്നായിരിക്കുന്ന പിതാ†വിന്റെ നാമത്തിലും (ആമ്മീൻ) പുത്ര†ന്റെ നാമത്തിലും (ആമ്മീൻ) പരിശുദ്ധറൂഹാ†യുടെ നാമത്തിലും എന്നേക്കും വെട്ടപ്പാക്കപ്പെട്ടു ശുദ്ധീകരിക്കപ്പെട്ടുമാറാകട്ടേ. ആമ്മീൻ.

# കുമ്പസാരം

(കുമ്പസാരിക്കുവാൻ ഇച്ഛിക്കുന്ന ആൾ വിനയമുള്ള ആത്മാവോട്ടും തകൎന്ന ഹൃദയത്തോട്ടും കൂടി തനിക്കു ഇഷ്ടമുള്ള പട്ടക്കാരന്റെയോ മേൽപട്ടക്കാരന്റെയോ അട്ടുക്കൽ വന്നു തലകുനിച്ചു നിലത്തു നോക്കിക്കൊണ്ടു, "ഞാൻ സ്വൎഗ്ഗത്തിന്നു വിരോധമായി ദൈവത്തിന്റെ മുമ്പാകെ പാപം ചെയ്തുപോയി. ഇന്നയിന്ന പാപങ്ങൾ ഞാൻ ചെയ്തുപോയവയ്ക്കു മോചനം കിട്ടുമെന്നുള്ള ആശയോടെ ഞാൻ കുമ്പസാരിക്കുന്നു. വീണ്ടും ഞാൻ അവ പ്രവൎത്തിക്കയില്ലെന്നു ദൈവത്തിന്റെ മുമ്പാകെ ശപഥംചെയ്യുന്നു" എന്നു പറയണം).

(കുമ്പസാരിക്കുന്ന ആൾ ചൊല്ലേണ്ടതു്.)

ദൈവമായ കൎത്താവേ, എല്ലാ കാലത്തും എല്ലാ സമയത്തും നാവുകൊണ്ടും, വിചാരങ്ങൾകൊണ്ടും, നോക്കുകൊണ്ടും, മനസ്സിന്റെ ചാപല്യംകൊണ്ടും, നിന്നോടു ഞാൻ പാപംചെയ്തു. പ്രാൎത്ഥനസമയത്തും കുൎബ്ബാനസമയത്തും, ശുശ്രൂഷയിൽ ഞാൻ അലസനായിത്തീൎന്നു. കല്പിക്കപ്പെട്ട പ്രാൎത്ഥനകൾ ഞാൻ തികച്ചില്ല. സുവിശേഷകല്പനകളെ ഞാൻ ആചരിച്ചില്ല. ദ്വേഷവും, വഴക്കും, അസൂയയും, മത്സരവും, നിഗളവും, പ്രശംസയും, നിരാശയും മൂലം രഹസ്യമായും പരസ്യമായും ഞാൻ പാപം ചെയ്തു. അന്യന്മാരെ ഞാൻ കുററപ്പെടുത്തി, മററുള്ളവരെ ദുഷിച്ചു. അശുദ്ധവിചാരത്തോടെ ഞാൻ സൂക്ഷിച്ചുനോക്കി. ഞാൻ വ്യഭിചാരംചെയ്തു. വേശ്യാസംഗംചെയ്തു. കാമാതുരതയാൽ ഞാൻ അശുദ്ധനായി. പാപത്തിന്റെ മ്ലേഛത നിമിത്തം ഞാൻ മലിനനായി. ഞാൻ മോഷണം ചെയ്തു. ക്ഷുദ്രംചെയ്തു. കൊലപാതകം ചെയ്തു. അസംഖ്യം പ്രാവശ്യം വ്യാജം പറഞ്ഞു. മന്ത്ര

ഷ്യരെ നിന്ദിക്കയും ശപിക്കയും ചെയ്തു. കോപത്താലും ലഹരിയാലും സുബോധമില്ലാത്തവനായിത്തീൎന്നു. ഞാൻ കള്ളസ്സത്യം ചെയ്യുകയും അവയെ ലംഘിക്കയും ചെയ്തു. പുറജാതികളുടെ ബലികൾ ഭക്ഷിച്ചു. യഹൂദന്മാരോടു സംസൎഗ്ഗംചെയ്തു. ഇടത്തൂട്ടുകാരുടെ കൂടെ ഞാൻ ചേരുകയും നിന്ദ്യമാംവണ്ണം അവരെ സ്നേഹിക്കയും ചെയ്തു. അമിതമായിട്ടും അശുദ്ധവിചാരത്തോടും കൊതിയോടും കൂടെ ഞാൻ ഭക്ഷിച്ചു. അത്യാഗ്രഹത്തോടെ അന്യന്മാരെ ഞാൻ ആക്രമിച്ചു. വില്ക്കുന്നതിലും വാങ്ങുന്നതിലും കളവായി ആണയിട്ടു. അന്യന്മാരുടെ വകയായുള്ളതു ഞാൻ അപഹരിച്ചു. പലിശയും പലിശയുടെ പലിശയും വാങ്ങിച്ചു. പാപകരമായ ദുഷ്ടവിചാരങ്ങളെ ഞാൻ എന്നിൽ വളൎത്തി, വ്യാജമായ സംശയങ്ങളെ ജനിപ്പിച്ചു. പലരേയും ഭോഷന്മാരെന്നും, ചിലപ്പോൾ മറയന്മാരെന്നും, നിന്ദ്യന്മാരെന്നും, ഭ്രാന്തന്മാരെന്നും, മററു ചിലപ്പോൾ കാളകൾ എന്നും മററും നിത്യാഗ്നിക്കു കുററക്കാരനാക്കിത്തീൎക്കുന്ന പേരുകളും ഞാൻ വിളിച്ചു. എന്റെ സഖികളെ ചതിക്കയും അവൎക്കു വിരോധമായി പ്രഭുക്കന്മാരുടേയും അധികാരികളുടേയും മുമ്പാകെ അവരെ കൊലപ്പെടുത്തത്തക്ക വചനങ്ങൾ വ്യാജമായി ബോധിപ്പിക്കയും ചെയ്തു. ഞാൻ നീചമായ സാക്ഷ്യം പറഞ്ഞു. കാമവികാരത്തോടെ സൂക്ഷിച്ചുനോക്കി. എന്റെ മാതാപിതാക്കന്മാരേയും ഗുരുക്കന്മാരേയും നിന്ദിച്ചു. പലവിധമായ ദുസ്വപ്നത്തിലും രാത്രിസമയത്തെ ഇന്ദ്രിയസ്ഖലനത്തിലും ഇഷ്ടപ്രകാരവും മനസ്സറിയാതെയും ഞാൻ അകപ്പെട്ടു. കാമവികാരത്തിനും അശുദ്ധിക്കും വശംവദനായി ഇന്ദ്രിയം നശിപ്പിച്ചു. പുരുഷന്മാരോടും മൃഗങ്ങ

ളോട്ടുംകൂടെ ശയിച്ചു, വേശ്യാവൃത്തിക്ക അധീനപ്പെട്ടു. അന്യസ്ത്രീകളോട്ടുകൂടേയും സ്വന്തവംശത്തിലുള്ള സ്ത്രീകളോട്ടുകൂടെയും ബെസ്സ്യമ്മമാരോട്ടുകൂടെയും ഞാൻ അശുദ്ധം ചെയ്തു. ബെസ്ക്കദ്ശായും പരിശുദ്ധ സ്ഥലങ്ങളും കവച്ചുചെയ്തു. ഞാൻ മറന്നുപോയിട്ടുള്ളവയും അവിട്ടത്തെ മുമ്പാകെ ആവത്തിച്ചു പറവാൻ ലജ്ജതോന്നത്തക്കവണ്ണം അശുദ്ധങ്ങളും ആയ മററു അനേകഭോഷത്വങ്ങളിൽ ഞാൻ ഉൾപ്പെട്ടു.

---

## അപേക്ഷ.

---

ദൈവമായ കത്താവേ, ഇപ്പോൾ നിന്നോട്ടു ഞാൻ പ്രാത്ഥിക്കുന്നതെന്തെന്നാൽ: മനസ്സോട്ടും മനസ്സുകൂടാതെയും, അറിവോട്ടും അറിവുകൂടാതെയും, രഹസ്യമായും പരസ്യമായും, ഞാൻ ചെയ്തിട്ടുള്ള എല്ലാ കുററങ്ങളേയും എന്നോട്ടു നീ ക്ഷമിക്കേണമേ. ശെമഓൻെറ ഭവനത്തിൽ വെച്ചു പാപിയായ സ്ത്രീക്ക മോചനം കൊടുത്തപ്രകാരം എനിക്ക മോചനം തരേണമേ. കുരിശുന്മേൽവെച്ചു കള്ളനോട്ടു ചെയ്തതുപോലെ എന്നോട്ടും ദയ ചെയ്യേണമേ. മുടിയനായ പുത്രനെ പുണ്യവാനാക്കിയതുപോലെ എന്നേയും പുണ്യവാനാക്കേണമേ. ചുങ്കക്കാരനെ നീതീകരിച്ചതുപോലെ എന്നേയും നീതീകരിക്കേണമേ. നിന്നെ തള്ളിപ്പറഞ്ഞ ശെമഓനെ കൈക്കൊണ്ടതുപോലെ എന്നെയും കൈക്കൊള്ളേണമേ. മല്പാനന്മാരെ വെടിപ്പാക്കിയപ്രകാരം എന്നെയും നീ വെടിപ്പാക്കണമേ. അശുദ്ധന്മാരെ ശുദ്ധീകരിച്ചതുപോലെ എന്നേയും നീ ശുദ്ധീ

കരിക്കേണമേ. അനുതാപികളെ കൈക്കൊള്ളുന്നവനും പാപികളുടെ കുററങ്ങളെ ക്ഷമിക്കുന്നവനും തന്റെ അടുക്കൽ വന്നുചേരുന്നവരായി, കാണാതെ പോയവരിലും തങ്കലേക്കു തിരിച്ചുവരുന്നവരായ വഴിത്തെററുകാരിലും പ്രീതിയും സന്തോഷവും തോന്നുന്നവനും ആയ മ്ശീഹാ, നിന്നേയും ഞങ്ങളുടെ രക്ഷക്കായി നിന്നെ അയച്ച പുകഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ആയ നിന്റെ പിതാവിനേയും, ഞങ്ങളുടെ തിരിച്ചുവരവിൽ സന്തോഷിക്കുന്നവനായ ജീവനുള്ള നിന്റെ പരിശുദ്ധറൂഹായേയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും മുടക്കംക്രുടാതെ ഞാൻ സ്തുതിക്കയും സ്തോത്രംചെയ്കയും ബഹുമാനിക്കയും വന്ദിക്കയും ചെയ്വാൻതക്കവണ്ണം എല്ലാ പാപഅഴുക്കുകളിൽനിന്നും എന്നെ കഴുകി തുടച്ചു വെണ്മയാക്കേണമേ. ആമ്മീൻ.

---

## മറെറാന്നു

പിതാവും പുത്രനും വിശുദ്ധാത്മാവും ആയ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ എന്റെ പാപങ്ങളെ ഞാൻ ഏററുപറയുന്നു. സകലത്തിന്റെ ഉടയവനായ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെയും തന്റെ ഏകപുത്രന്റെ തിരുമുമ്പാകെയും, ജീവനുള്ളവനും പരിശുദ്ധനും ആയ റൂഹായുടെ തിരുമുമ്പാകേയും, ദൈവമാതാവായ മറിയാമിന്റെ കന്ന്യാവ്രതത്തിന്റെ മുമ്പാകേയും, മാലാകമാരുടെയും മാലാകമാരുടെ തലവന്മാരായ ഗബ്രിയേലിന്റെയും മീഖായേലിന്റെയും മുമ്പാകേ

യും ഇരുപത്തിനാലു ദീർഘദർശിമാരുടെ മുമ്പാകേയും, ഏഴുപത്തിരണ്ടു അറിയിപ്പുകാരുടെ മുമ്പാകേയും, പന്ത്രണ്ടു വിശുദ്ധ ശ്ലീഹന്മാരുടെ മുമ്പാകേയും, മത്തായി മർക്കോസു ലൂക്കോസു യോഹന്നാൻ എന്നീ നാലു ഏവൻഗേലീസ്ത ന്മാരുടെ മുമ്പാകേയും,ഞാൻ ആരുടെ വിശ്വാസത്തിന്റെ ശരണത്തിൽ മരിക്കയും ജീവിക്കയും ചെയ്യുന്നുവോ ആ മുന്നൂററിപതിനെട്ടു പരിശുദ്ധപിതാക്കന്മാരുടെ മുമ്പാകേയും, ജയമുള്ള സ്ലീബായുടെ മുമ്പാകേയും, വന്ദിക്കപ്പെട്ട ഏവൻഗേലിയോന്റെ മുമ്പാകേയും, നമ്മുടെ കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും മുമ്പാകേയും, നമുക്കുവേണ്ടിയുള്ള തന്റെ കഷ്ടാനുഭവത്തിന്റെയും, സ്ലീപ്പ്ത്തൂസായുടെയും മുമ്പാകേയും, വിശുദ്ധസഭയുടെ ഏഴുക്രൂദാശകൾ മുമ്പാകേയും, എന്റെ ആത്മീയപിതാവായ ബഹുമാനപ്പെട്ട സ്തുത്യനായ പട്ടക്കാരാ, അവിടുത്തെ സ്തുത്യമായ ആചാര്യത്വത്തിന്റെ മുമ്പാകേയും, കെട്ടുവാനും അഴിപ്പാനും ജീവനുള്ള ദൈവം അവിടുത്തെക്കു ഭരമേല്പിച്ചിട്ടുള്ള കഹന്തൂസായുടെ മുമ്പാകേയും, എന്റെ പാപങ്ങളെ ഞാൻ ഏററുപറയുന്നു. ശരീരത്തിന്റെ പുറമെയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന കേൾവി, ഘ്രാണം, ദരശനം, സ്പർശനം, രുചി, ഇവകളിലും ആത്മാവിന്റെ അകമെയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന ബോധം, നിരൂപണ, തിരിച്ചറിവു, അറിവു, വേർതിരിവു, ഇതുകളിലും ഞാൻ പാപിയാകുന്നു. ബഹുമാനപ്പെട്ട പട്ടക്കാരാ, എന്നെ വാഴ്ത്തണമേ. സ്വർഗ്ഗത്തിലും അവിടുത്തെ മുമ്പാകേയും ഞാൻ പാപംചെയ്തു. അവിടുന്നു യജമാനനും ഞാൻ ദാസനും ആകുന്നു. മുടിയനായ പുത്രനെപ്പോലെ

അനുതാപത്താൽ എന്നെ കൈക്കൊള്ളേണമെ. അവിടുന്നു മ്ശിഹായും, ഞാൻ പാപിയായ മറിയാമ്മും ആകുന്നു. അവിടുന്നു മ്ശിഹായും, ഞാൻ കള്ളനും ആകുന്നു. അവിടുന്നു മ്ശിഹായും, ഞാൻ പാപത്തിരമാലകളുടെ ഇടയിൽ മുങ്ങിയിരിക്കുന്ന ശെമഓൻ കീപ്പായും ആകുന്നു. എന്റെ സകല പ്രവൃത്തികളാലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാൎത്ഥനയിലും ഞാൻ മടി കാണിച്ചു. ഞാൻ അസൂയകാരനും അത്യാഗ്രഹിയും ദുൎമ്മോഹിയും കോപിയും ആകുന്നു. എന്റെ കണ്ണുകൊണ്ടു കാണാത്തവയെപ്പററി ഞാൻ സംസാരിച്ചു. മനുഷ്യരുടെ ഇടയിൽ വിരുദ്ധത ഉണ്ടാക്കി. എന്റെ പിതാവേ, ക്ഷമിച്ചു എന്നെ വാഴ്ത്തേണമേ.

---

## ദൈവത്തിന്റെ പത്തു കല്പനകൾ.

---

1. നിന്റെ ദൈവമായ കൎത്താവു ഞാനാകുന്നു.
2. നിനക്കു അന്യദൈവങ്ങൾ ഉണ്ടായിരിക്കരുതു.
3. നിന്റെ ദൈവമായ കൎത്താവിന്റെ നാമത്തിൽ വ്യാജമായി ആണയിടരുതു.
4. ശാബ്ബതുദിവസത്തെ ശുദ്ധീകരിപ്പാൻ ഓൎക്കുക.
5. നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്ക.
6. കൊല ചെയ്യരുതു.
7. വ്യഭിചാരം ചെയ്യരുതു.
8. മോഷ്ടിക്കരുതു.
9. കള്ളസ്സാക്ഷ്യം പറയരുതു.

10. നിന്റെ സഖിയുടെ വകയായ യാതൊന്നിനേയും ആഗ്രഹിക്കരുതു.

ഇവയിൽ ആദ്യത്തെ നാലു കല്പനകൾ ദൈവീകവും, ശേഷമുള്ള ആറെണ്ണം മാനുഷികവും ആകുന്നു.

—*—

ഈ പത്തു കല്പനകൾ രണ്ടിൽ അടങ്ങിയിരിക്കുന്നു.

—*—

1. നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടി നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക.

2. നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്ക.

—*—

കുമ്പസാരിക്കുന്നവനു പ്രയോജനകരമായ
അഞ്ചു സംഗതികൾ.

1. ചെയ്ത പാപങ്ങളെക്കുറിച്ചുള്ള ഓർമ്മ.

2. തന്റെ പാപങ്ങളെപ്രതിയുള്ള പശ്ചാത്താപം

3. ലജ്ജ കൂടാത്ത സത്യകുമ്പസാരം.

4. തന്റെ മേൽ നിശ്ചയിക്കപ്പെടുന്ന പ്രായശ്ചിത്തങ്ങളെ നിർവ്വഹിക്കുക.

5. മേലാൽ പാപം ചെയ്കയില്ലെന്നു് തീർച്ചയാക്കുക.

## എപ്പോഴും ഓൎത്തിരിക്കേണ്ട കാൎയ്യങ്ങൾ.

—*—

1. മരണം. 2. ന്യായവിധി. 3. നരകം. 4. മോക്ഷം.

———

## മരണകരമായ പാപങ്ങൾ.

൧. നിഗളം, ൨. അസൂയ, ൩. കോപം, ൪. ഉദാസീനത, ൫. ലുബ്ധ്, ൬. അത്യാഗ്രഹം, ൭. ദുർമ്മോഹം, അനുതാപംകൂടാത്ത മററു പാപങ്ങൾ; അതായ്തു മനുഷ്യൻ പിൻമാറുവാൻ മനസ്സില്ലാത്ത പാപങ്ങൾ.

———

## വിശുദ്ധ സഭയുടെ ഏഴു കൂദാശകൾ.

———

൧. മാമോദീസാ, ൨. വിശുദ്ധമൂറോൻ, ൩. വിശുദ്ധതൈലം, ൪. പട്ടത്വം, ൫. കുമ്പസാരം, ൬. കുൎബ്ബാന, ൭. വിവാഹം.

———

## വി: സഭാകല്പനകൾ

1. ഞായറാഴ്ചകളിലും പെരുന്നാളുകളിലും കുൎബ്ബാന കാണുക.

2. വി: സഭ കല്പിച്ചിട്ടുള്ള നോമ്പുകൾ ആചരിക്കുക.

3. ബുധനാഴ്ചയും വെള്ളിയാഴ്ചയും വിലക്കപ്പെട്ട ഭക്ഷണങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കുക.

4. പട്ടക്കാരന്റെ മുമ്പാകെ കുമ്പസാരിക്കുക.

5. കുൎബ്ബാന അനുഭവിക്കുക.

6. ശാപകരമായ കാലങ്ങളിൽ വിവാഹബന്ധത്തിൽനിന്നു ഒഴിഞ്ഞിരിക്ക.

7. വഴിപാടുകളും ദശാംശങ്ങളും ആദ്യവിളവുകളും കൊടുക്കുക.

---

## ധമ്മപ്രവൃത്തികൾ.

---

1. വിശന്നിരിക്കുന്നവൎക്കു ഭക്ഷിപ്പാൻ കൊടുക്കുക.
2. ദാഹിച്ചിരിക്കുന്നവൎക്കു കുടിപ്പാൻ കൊടുക്കുക.
3. അതിഥികളെ സല്ക്കരിക്കുക.
4. നഗ്നന്മാരെ ഉടുപ്പിക്കുക.
5. രോഗികളെ ചെന്നു കാണുക.
6. ബന്ധനസ്ഥന്മാരെ സന്ദർശിക്കുക.
7. മരിച്ചവരെ അടക്കുക.
8. ചപലന്മാരെ മനസ്സുറപ്പിക്ക.
9. ഭോഷന്മാൎക്കു അറിവു പറഞ്ഞുകൊടുക്കുക.
10. പാപികളെ ശാസിക്കുക.
11. കുററങ്ങളെ ക്ഷമിക്കുക.
12. നിസ്സഹായന്മാൎക്കു സങ്കടനിവൃത്തി വരുത്തുക.
13. സഹനശീലം ഉണ്ടായിരിക്ക.
14. ജീവിച്ചിരിക്കുന്നവൎക്കും മരിച്ചവൎക്കുംവേണ്ടി ദൈവത്തോടു പ്രാൎത്ഥിക്ക.

ഇവയിൽ ഏഴെണ്ണം ശാരീരികവും, ശേഷം ഏഴെണ്ണം ആത്മീയവും ആകുന്നു.

---

## ഏററവും വിശേഷമായ സംഗതികൾ.

---

### 1. ആശ, 2. സ്നേഹം, 3. വിശ്വാസം.

---

[കുമ്പസാരക്കാരൻെറ തലയിൽ കൈ വെച്ചുകൊണ്ടു പട്ടക്കാരൻ ചൊല്ലേണ്ടതു.]

നമ്മുടെ കൎത്താവായ യേശുമിശിഹാ തൻെറ പരിശുദ്ധശ്ലീഹന്മാരെ ഭരമേല്പിച്ചതും, വിശുദ്ധശ്ലീഹന്മാർ മേല്പട്ടക്കാരേയും, മേല്പട്ടക്കാർ ബലഹീനനായ എന്നേയും ഭരമേല്പിച്ചതുമായ കൎത്താവിൻെറ അധികാരത്താൽ, സൎവ്വാധികാരിയും സൎവ്വശക്തനുമായ പിതാവായ ദൈവം നിൻെറ മേൽ മനസ്സലിഞ്ഞു നിത്യജീവങ്കലേക്കു നിന്നെ കൊണ്ടുപോകുമാറാകട്ടെ. വാഴ്ത്തപ്പെട്ട സഹോദരനായ (ഇന്നാരെ) സഹോദരിയായ (ഇന്നാരെ) രാത്രിയും പകലും നിന്നിൽനിന്നുണ്ടായിട്ടുള്ള മരണകരങ്ങളും യാദൃശ്ചികങ്ങളും ആയി നീ ഏററുപറഞ്ഞിട്ടുള്ളവയും മറന്നുപോയിട്ടുള്ളവയും ആയ നിൻെറ സകല പാപങ്ങളേയും ബലഹീനദാസനും പാപിയും ആയ എന്നെ ഭരമേല്പിച്ചിരിക്കുന്ന അധികാരത്താൽ നിന്നോടു ഞാൻ മോചിച്ചിരിക്കുന്നു. സകല കേട്ടുകളിൽ നിന്നും ശാപങ്ങളിൽനിന്നും ഭ്രഷ്ടുകളിൽ നിന്നും വിരുദ്ധങ്ങളിൽനിന്നും നമ്മുടെ കൎത്താവായ യേശുമിശിഹായുടെ അധികാരത്താൽ പിതാവിൻെറ + നാമത്തിലും (ആമ്മീൻ) പുത്രൻെറ + നാമത്തിലും (ആമ്മീൻ) പരിശുദ്ധറൂഹായുടെ + നാമത്തിലും നിത്യജീവന്നായി നിനക്കു ഞാൻ മോചനം നല്കുന്നു. (ആമ്മീൻ).

നമ്മുടെ കർത്താവായ യേശുമശിഹായുടെ കഷ്ടാനുഭവങ്ങളും, ദൈവമാതാവായ കന്യകമർത്തമറിയാമിന്റെ നിരപ്പും, നിന്റെ കടങ്ങളുടെ പരിഹാരത്തിന്നും പാപങ്ങളുടെ മോചനത്തിന്നും (കാരണമായി)ത്തീരട്ടെ. ആമ്മീൻ.

—*—

(കുമ്പസാരിക്കുന്നതു പട്ടക്കാരനാണെങ്കിൽ ചൊല്ലേണ്ടതു.)

———

തന്റെ പരിശുദ്ധ ശ്ലീഹന്മാരെ അനുഗ്രഹിച്ച ദൈവം നിന്നെ അനുഗ്രഹിക്കുന്നു. ഇടത്തേതിന്നടുത്ത സകലത്തിൽനിന്നും താൻ നിന്നെ കാത്തുകൊണ്ടു വലത്തേതിന്നടുത്ത സകലത്തിലും നിന്നെ പൂർണ്ണനാക്കുന്നു. താൻ നിന്നെ തന്റെ കല്പനകൾ ആചരിക്കുന്നവനും തന്റെ ന്യായപ്രമാണങ്ങൾ നിവർത്തിക്കുന്നവനും ആക്കിത്തീർക്കുന്നു. താൻ നിന്നെ തന്റെ ബഹുമാനത്തിന്റെ ശുശ്രൂഷയ്ക്കുതകുന്ന തിരഞ്ഞെടുക്കപ്പെട്ട പാത്രമാക്കിത്തീർക്കുന്നു. നീ തന്നിൽ ആശ്രയിക്കുക. താൻ നിന്നിൽ ആശ്വസിക്കട്ടെ. തന്റെ ഉത്തമമായ തിരുവിഷ്ടപ്രകാരം പിതാവിന്റെ † നാമത്തിലും (ആമ്മീൻ) പുത്രന്റെ † നാമത്തിലും (ആമ്മീൻ) പരിശുദ്ധ റൂഹായുടെ † നാമത്തിലും നിത്യജീവനായിക്കൊണ്ടു നീ അനുഗ്രഹിക്കപ്പെട്ടു പുണ്യമാക്കപ്പെട്ടു ശുദ്ധീകരിക്കപ്പെട്ടവനാകട്ടെ. (ആമ്മീൻ.)

—:*:—

# അനുബന്ധം.

—:*:—

## കാസ, പീലാസ, കാപ്പ, കുപ്പായം അരക്കെട്ട്, ഊറാറ, ധൂപക്കുററി മുതലായ സാധനങ്ങൾ പുതുതായി മദ്ബഹായിൽ ഉപയോഗിക്കുമ്പോൾ കഴിക്കേണ്ടുന്ന പ്രാൎത്ഥന.

(എപ്പിസ്കോപ്പായോ അനുവാദമുള്ള പട്ടക്കാരനോ)

സൎവ്വശക്തനും പരിശുദ്ധനും ശുദ്ധീകരിക്കുന്നവനും ആയ ദൈവമായ കൎത്താവേ, നീ സൎവ്വദാ പരിശുദ്ധനും ഒരുത്തനാലും സമീപിക്കവെയ്യാത്ത പ്രകാശത്തിൽ വസിക്കുന്നവനും ആകുന്നു. നിന്റെ മഹത്വവും വിശുദ്ധിയും സകലത്തേയും നിറയ്ക്കുന്നു. നീ സ്തുതിപാഠകന്മാർ ഇല്ലാത്തവനല്ല. നിന്റെ മഹിമയെ സ്തുതിക്കയും ശുദ്ധീകരിക്കയും ചെയ്വാൻ തക്കവണ്ണം വാനവസൈന്യങ്ങളെ നീ സൃഷ്ടിച്ചു. ആയത്, സ്തുതി നിനക്കു ആവശ്യമുണ്ടായിട്ടല്ല; പിന്നയോ നിന്നെ ശുദ്ധീകരിക്കുന്നവൻ നിന്നാൽ രക്ഷ പ്രാപിപ്പാനായിട്ടാകുന്നു. നിന്റെ കൃപയാൽ നീ ലോകത്തെ സൃഷ്ടിച്ചു. നിന്റെ ബഹുമാനത്തിന്നായിട്ടു നീ മേല്പട്ടക്കാരെ നിയമിച്ചു. നിന്റെ വാസത്തിന്നു സഭയിൻ കൂടാരത്തെ നീ സ്ഥാപിച്ചു. അതിനെ മഹത്വമുള്ള ഉപകരണങ്ങളായ ധൂപകലശങ്ങൾ, പാത്രങ്ങൾ, പൂജാപാത്രങ്ങൾ, കവരവിളക്കുകൾ, പാനപാത്രങ്ങൾ, കാപ്പകൾ,

ഉൗറാറകൾ, ഇടക്കെട്ടുകൾ, കുപ്പായങ്ങൾ, മുതലായവയാലും, തിരുവിഷ്ടപ്രകാരമുള്ള മോശൈകശുശ്രൂഷക്ക വേണ്ടുന്ന മററു ഉപകരണങ്ങളെക്കൊണ്ടും നീ അലങ്കരിച്ചു. കൎത്താവേ, നിൻെറ ഏകജാതനായ പുത്രൻെറ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിൻെറ ദാസന്മാരായ ഞങ്ങൾ നിൻെറ ദയയോടു ഇപ്പോൾ അപേക്ഷിക്കുന്നതെന്തെന്നാൽ: നിൻെറ പരിശുദ്ധ ദൈവാലയത്തിൻെറ ബഹുമാനത്തിനും വന്ദിക്കപ്പെട്ടതും ശ്രേഷ്ഠവുമായ നിൻെറ തിരുനാമത്തിൻെറ മഹത്വത്തിന്നുംവേണ്ടി നിൻെറ മദ്ബഹായിലെ ശുശ്രൂഷക്കായി ഞങ്ങൾ കൊണ്ടുവന്നുവെച്ചിരിക്കുന്ന ഈ ഉപകരണങ്ങളെ നീ ശുദ്ധീകരിക്കേണമേ. കൎത്താവേ, അവയെ കൊണ്ടുവന്നവരും അവയിൽ സംബന്ധിച്ചവരും സംബന്ധിക്കുന്നവരും ആയ എല്ലാവരുടേയും മനസ്സോടുകൂടിയ വഴിപാടിനെ നീ സ്വീകരിക്കേണമേ. ആയതു പിതാവും പുത്രനും പരിശുദ്ധ റൂഹായുമെ, ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും, ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൻേറയും സകല പരിശുദ്ധന്മാരുടേയും സത്യവിശ്വാസികളായ സകല പിതാക്കന്മാരുടേയും പ്രാൎത്ഥനകളാൽതന്നെ. ആമ്മീൻ.

സാമാനങ്ങളിന്മേൽ മൂന്നുപ്രാവശ്യം സ്ലീബാ വരച്ചുകൊണ്ടു

നിത്യജീവന്നായിട്ടു ഈ ഉപകരണങ്ങൾകൊണ്ടു ദൈവീക കുർബ്ബാനകളും കൂദാശസംബന്ധമായ ബലികളും അണയ്ക്കപ്പെടേണ്ടതിന്നായിട്ടു പിതാവിൻെറ + നാമത്തിലും (ആമ്മീൻ) പുത്രൻെറ + നാമത്തിലും (ആമ്മീൻ),

ജീവനുള്ള പരിശുദ്ധ റൂഹായുടെ + നാമത്തിലും ഈ ഉപ കരണങ്ങളിന്മേൽ മുദ്രയും അടയാളവും പതിക്കപ്പെടുന്നു.

(ആമ്മീൻ.)

(ത്രോണോസിന്റെ മേലായി സാമാനങ്ങൾ പിടിച്ചു ആഘോഷി ച്ചുകൊണ്ടു മൂന്നുപ്രാവശ്യം അവമേൽ ധൂപം പുകയ്ക്കുകയും പട്ടക്കാരൻ ഈ പ്രാൎത്ഥന മൂന്നുപ്രാവശ്യം ചൊല്ലുകയും ചെയ്യുന്നു.)

സാരംശത്തിൽ സമമായിരിക്കുന്ന വിശുദ്ധ ത്രീത്വ ത്തിന്റെ മഹത്വത്തിന്നും ബഹുമാനത്തിന്നും റൂകക്ഷ്ക്കും ശ്രേഷ്ഠതയ്ക്കും ദൈവത്തിന്റെ വിശുദ്ധ സഭയുടെ നിരപ്പി ന്നും സ്ഥിരതക്കും ആയിട്ടു ഈ സാധനങ്ങൾ ആഘോഷി ക്കപ്പെടുന്നു.

—✱—

മദ്ബഹ, പുറജാതിക്കാരാലോ ഇടത്തുട്ടുകാരാലോ അശുദ്ധിപ്പെട്ടാൽ കഴിക്കപ്പെടേണ്ടുന്ന പ്രാൎത്ഥന.

ഞങ്ങളുടെ ദൈവമായ കൎത്താവേ, പരിശുദ്ധനും പ രിശുദ്ധന്മാരെ ശുദ്ധീകരിക്കുന്നവനും വചനത്താലും പ്രവൃ ത്തിയാലും സകലവും പരിശുദ്ധമാക്കുന്നവനും നീ മാത്ര മാകുന്നു. കൎത്താവേ, നിന്റെ കരുണകളാൽ നിനക്കു തി രുവിഷ്ടം തോന്നി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ മദ്ബ ഹ വീണ്ടും പുണ്യപ്പെട്ടുവാനായിട്ടു പുണ്യമാകുന്ന ദാനം നീ നൽകേണമെ. മേലാൽ ഒരിക്കലും ശത്രുക്കളുടെ പ്ര വേശനത്തിന്നും ദ്വേഷത്തിന്നും ഇതു ആധീനപ്പെട്ടുവാൻ നീ വിട്ടുകൊടുക്കരുതേ. പിന്നയോ, ഇതിനേയും ഇതി ന്റെ എല്ലാ ക്രമങ്ങളേയും നീ ഉറപ്പിക്കേണമേ. അന്യ

ന്മാരാലും ഇടത്തുട്ടകാരാലും അശുദ്ധിപ്പെട്ടിരിക്കുന്ന ഇടത്തുടിൽനിന്നുണ്ടായ സകല അശുദ്ധമാലിന്യവും നീക്കി ഇതിനെ വെടിപ്പാക്കണമേ. ഏഴപ്രാവശ്യം ശുദ്ധിചെയ്ത പൊന്നുപോലെ ഇതു വെടിപ്പും ശോഭയും ഉള്ളതായിതീരുമാറാകേണമേ. ഞങ്ങൾ ദേഹിയിലും ശരീരത്തിലും ആത്മാവിലും ശുദ്ധീകരിക്കപ്പെട്ടു നിന്നേയും നിൻെറ പിതാവിനേയും പരിശുദ്ധ റൂഹായേയും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും സ്തുതിച്ചു സ്തോത്രം ചെയ്തു പുകഴ്ത്തുമാറാകേണമേ. ആമ്മീൻ.

—*—

(മൂറോൻ കൂടാതെ സ്ളീബായുടെ ആകൃതിയിൽ മദ്ബഹായിൽ വരച്ചുകൊണ്ടു ചൊല്ലേണ്ടത്.)

ഈ മദ്ബഹാ, ഇടത്തുട്ടകാരുടെ സകല അശുദ്ധമാലിന്യങ്ങളിൽനിന്നും, പുറജാതികളുടെ വെടിപ്പില്ലായ്മയിൽനിന്നും, പാപക്കറയിൽനിന്നും, അശുദ്ധിക്കു കാരണമായിത്തീൎന്ന എല്ലാവിധ ന്യായപ്രമാണലംഘനങ്ങളിൽനിന്നും, വീണ്ടുമുള്ള ശുദ്ധീകരണത്തിന്നും, പുതുക്കത്തിന്നും ആയിട്ടു പിതാവിൻെറ + നാമത്തിലും (ആമ്മീൻ), പുത്രൻെറ + നാമത്തിലും(ആമ്മീൻ), ജീവനും വിശുദ്ധിയുമുള്ള റൂഹായുടെ + നാമത്തിലും വാഴ്ത്തപ്പെട്ടു ശുദ്ധീകരിക്കപ്പെടുന്നു (ആമ്മീൻ).

———

(പള്ളിയുടെ പടിഞ്ഞാറും വടക്കും തെക്കും ഭിത്തികളിൽ മൂറോൻ കൂടാതെ സ്ളീബാ വരച്ചുകൊണ്ടു ചൊല്ലേണ്ടത്.)

ഈ പള്ളി പുറജാതികളുടേയും ഇടത്തുട്ടകാരുടേയും ന്യായപ്രമാണമില്ലാത്തവരുടേയും സകല മാലിന്യത്തിൽ

ന്നും ദ്വേഷതയിൽനിന്നും കറയിൽ നിന്നും അശുദ്ധിയിൽനിന്നും നിത്യജീവനായിട്ട പൂൎണ്ണമായ പുതുക്കവും വെടിപ്പും ഉണ്ടാകേണ്ടതിന്ന പിതാവിൻെറ † നാമത്തിലും (ആമ്മീൻ), പുത്രൻെറ † നാമത്തിലും (ആമ്മീൻ) പരിശുദ്ധറൂഹായുടെ † നാമത്തിലും വാഴ്ത്തി ശുദ്ധീകരിച്ച്യ പുതുക്കപ്പെടുന്നു (ആമ്മീൻ)

---

(പട്ടക്കാരൻ ശിശുക്കളുടെ തലയിൽ കൈവെച്ചു ചൊല്ലേണ്ടുന്ന പ്രാൎത്ഥന)

ഇസ്ഹാക്കിൻെറ ശൈശവത്തെ വളൎത്തുകയും, ജീവൻെറ വാഗ്ദത്തം അവനിൽനിന്നു ഉത്ഭവിക്കുമാറാക്കുകയും, അവൻെറ ജനനത്താൽ അവൻെറ മാതാപിതാക്കന്മാരെ സന്തോഷിപ്പിക്കുകയും, ഈ ലോകത്തിലേക്കു അവൻ വന്നതിനാൽ അവരുടെ വാൎദ്ധക്യത്തെ ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്തവനായ ദൈവം നിൻെറ മാതാപിതാക്കന്മാരെ ശ്രേഷ്ഠരാക്കുമാറ് നിന്നെ വളൎത്തുമാറാകട്ടെ. നിൻെറ ജ്ഞാനത്തോടുകൂടിയ പ്രവൃത്തിയാൽ താൻ അവരെ സന്തോഷിപ്പിക്കട്ടെ. തൻെറ കൃപയുടെ വലത്തുകൈ ദുഷ്ടൻെറ ഉപദ്രവങ്ങളിൽനിന്നു എന്നേക്കും നിന്നേയും അവരേയും കാത്തുകൊള്ളുമാറാകട്ടെ. ആമ്മീൻ.

---

(രോഗികളുടെ തലയിൽ കൈവെച്ചുകൊണ്ടുള്ള പ്രാർത്ഥന)

ഞങ്ങളുടെ കൎത്താവായ യേശുമ്ശിഹാ, രോഗികളുടെ തലമേൽ കൈ വെച്ച്യ അവരെ സുഖപ്പെടുത്തുകയും, കുഷ്ഠരോഗികളെ വെടിപ്പാക്കുകയും, പക്ഷവാതക്കാരെ സ്വ

സ്ഥരാക്കുകയും, കുരുടന്മാൎക്ക കാഴ്ച നൽകുകയും, പത്രോസിന്റെ അമ്മാവിയമ്മയുടെ പനിയെ സുഖപ്പെടുത്തി അവളെ എഴുന്നേല്പിക്കയും ചെയ്ത നിന്റെ വലത്തുകൈ ഈ നിന്റെ ദാസൻ (ഇന്നാരുടെ) മേൽ ആവസിപ്പിച്ചു ഈ രോഗത്തിൽനിന്നു ഇവനെ സുഖപ്പെടുത്തേണമേ. പിതാവിന്റെ + നാമത്തിലും (ആമ്മീൻ), പുത്രന്റെ + നാമത്തിലും (ആമ്മീൻ) പരിശുദ്ധറൂഹായുടെ + നാമത്തിലും ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും ഇവന്റെ കടങ്ങളും പാപങ്ങളും ഇവനോടു ക്ഷമിക്കുമാറാകേണമേ. (ആമ്മീൻ)

---

(മരിച്ചവർ ഉപയോഗിച്ച സാധനങ്ങളെ വീണ്ടും ഉപയോഗിക്കുന്നതിനു മുമ്പായി കഴിക്കേണ്ടുന്ന പ്രാർത്ഥന)

ഈ താൽക്കാലികജീവിതത്തിൽനിന്നും ഞങ്ങളുടെ ഈ സംഘത്തിൽനിന്നും നിന്റെ ദാസനായ (ഇന്നാരെ) വേർപ്പെടുത്തിയ ദൈവമായ കർത്താവേ, നിന്റെ സ്വർഗ്ഗരാജ്യത്തിൽ അവന്റെ ആത്മാവിനെ നീ ആശ്വസിപ്പിക്കേണമേ. അവനെ വിട്ടുപിരിഞ്ഞിരിക്കുന്ന അവന്റെ മാതാപിതാക്കന്മാരേയും സഹോദരന്മാരേയും ചാൎച്ചക്കാരേയും ഗോത്രത്തേയും വംശത്തേയും നിന്റെ കരുണകളിൽ നീ നടത്തിക്കൊള്ളേണമേ. അവൻ ഉപയോഗിച്ചിരുന്ന കട്ടിലുകളേയും സാമാനങ്ങളേയും നിന്റെ കരുണയാൽ നീ അനുഗ്രഹിക്കേണമേ. അറുതിയില്ലാത്ത പീഡകൾക്കും ദുഃഖത്തിന്നും ഞങ്ങൾ അധീനരാകുവാൻ നീ സംഗതിവരുത്തരുതേ. നിന്റെ അടുക്കലേക്കു നീ വിളിച്ച അ

ട്ടപ്പിച്ചതിന്നാൽ നിന്റെ പ്രഭകൊണ്ടു പുഷ്ടിപ്പെട്ട് നിന്റെ മഹത്വം ധരിച്ചിട്ടുള്ളവനെപ്പോലെ ഈ ഞങ്ങളുടെ സഹോദരനേയും, ഇവൻ ശേഷിച്ചിട്ടുള്ള സാമാനങ്ങളേയും ഗണിക്കപ്പെടുവാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമേ. ഇപ്പോഴും എല്ലാപ്പോഴും എന്നേക്കും എല്ലാവരിൽനിന്നും സകലത്തിന്നും വേണ്ടിയും നിനക്കും നിന്റെ പിതാവിന്നും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും ഈ ആത്മാവു സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ആമ്മീൻ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No 265 Acc No 78911

This book should be returned on or before the date last stamped below.

6 MAY 1989

20 JAN 2001

78911

78911

[illegible]

ശ്രീരാമകൃഷ്ണൻ

ശ്രീരാമകൃഷ്ണൻ

Indic Digital Archive Foundation
gpura.org